POSTAL REG NO GDP-44/2017-2019

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം
2

വാർഷിക
വരിസംഖ്യ
300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം
28

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2017 ജൂലായ് 13/ഹി:ശം:1396 വഫാ 13/ഹി:ഖ: 1438 ശവ്വാൽ 18

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 09-06-2017 ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**തന്നോടൊപ്പം ചേരുന്നവർക്ക് അല്ലാഹു അഭയമായിത്തീരുന്നു. അതുകൊണ്ട് അല്ലാഹുവിങ്കലേക്ക് വരിക. അവനോടുള്ള എതിർപ്പും ഉപേക്ഷിക്കുക. അവൻ നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിൽ മടികാണിക്കരുത്. അവന്റെ അടിയാന്മാരോട് നാവുകൊണ്ടോ കൈകൊണ്ടോ അക്രമം ചെയ്യാതിരിക്കുകയും ദൈവത്തിൽനിന്നുള്ള വിപത്തിനേയും കോപത്തേയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുക. ഇതുതന്നെയാണ് മോക്ഷത്തിന്റെ വഴി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“അല്ലയോ നേതാക്കളേ, നാടുവാഴികളേ, മുതലാളിമാരേ! നിങ്ങളിൽ അല്ലാഹുവിനെ ഭയപ്പെടുന്നവരും അവന്റെ എല്ലാ വഴികളിലും ശരിയായി നടക്കുന്നവരും നന്നെ കുറവാണ്. ഭൗതികമായ സ്വത്തുക്കളെ സ്നേഹിക്കുകയും അതിൽതന്നെ ആയുസ് കഴിക്കുകയും മരണത്തെ മറന്നുപോവുകയും ചെയ്യുന്നവരാണ് അധികവും. നമസ്കരിക്കാതിരിക്കുകയും അല്ലാഹുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും ചെയ്യുന്ന എല്ലാ ഓരോ മുതലാളിയുടേയും കഴുത്തിൽ അയാളുടെ എല്ലാ തൊഴിലാളികളുടേയും ജോലിക്കാരുടേയും പാപമുണ്ട്. മദ്യപിക്കുന്ന ഓരോ മുതലാളിയുടേയും കഴുത്തിൽ അയാൾക്ക് വിധേയനായിക്കൊണ്ട് മദ്യപാനത്തിൽ പങ്കാളിയാകുന്ന ഓരോരുത്തരുടേയും പാപമുണ്ട്. അല്ലയോ ബുദ്ധിമാന്മാരേ! ഈ ലോകം ശാശ്വതമായ സ്ഥലമല്ല. നിങ്ങൾ രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾ ഓരോ അന്യായങ്ങളേയും വർജിക്കുവിൻ. എല്ലാ ഓരോ ലഹരിപദാർഥവും ഉപേക്ഷിക്കുവിൻ. മനുഷ്യനെ നശിപ്പിക്കുന്നത് മദ്യം മാത്രമല്ല. പ്രത്യുത, കറുപ്പ്, കഞ്ചാവ്, ചരസ്, ഭംഗ്, ചാരായം തുടങ്ങിയവയും നിത്യശീലമാക്കിത്തീർക്കുന്ന ഓരോ ലഹരിപദാർഥവും മസ്തിഷ്കത്തെ കേടുവരുത്തുകയും അവസാനം നശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്പെടുക. നിങ്ങൾ എന്തിനാണ് ഇത് ഉപയോഗിക്കുന്നതെന്ന് നമുക്ക് മനസ്സിലാകുന്നില്ല. ഇതിന്റെ ദുർഗതിയാൽ ഓരോ വർഷവും നിങ്ങളെപ്പോലെ മദ്യശീലക്കാരായ ആയിരക്കണക്കിനാളുകൾ ഈ ലോകത്തുനിന്ന് വിടപറഞ്ഞുപോകുന്നു. പരലോകത്ത് കിട്ടുന്ന ശിക്ഷ ഇതിന് പുറമെയാണ്. നിങ്ങളുടെ ആയുസ് വർധിക്കുന്നതിനും അല്ലാഹുവിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിനുംവേണ്ടി കുറ്റങ്ങളിൽനിന്ന് അകന്നു നില്ക്കുന്നവരായിത്തീരുക. സുഖഭോഗങ്ങളിൽ അതിരുവിടുക എന്നത് ശപിക്കപ്പെട്ട ജീവിതമാണ്. അതിരുകടന്നുള്ള ദുസ്വഭാവവും നിർഭയത്വവും ശപിക്കപ്പെട്ട ജീവിതമാണ്. ദൈവത്തിനോട് അല്ലെങ്കിൽ അവരുടെ ദാസരോട് സഹതാപം കാണിക്കുന്നതിൽ അതിരുവിട്ടുള്ള അശ്രദ്ധയും ശപിക്കപ്പെട്ട ജീവിതമാണ്.

ദൈവത്തോടുള്ള കടമകളെ പറ്റിയും മനുഷ്യരോടുള്ള ബാധ്യതകളെപ്പറ്റിയും ഒരു ദരിദ്രനോട് ചോദിക്കുന്നതുപോലെ ഓരോ ധനികനേടും ചോദിക്കപ്പെടുന്നതായിരിക്കും. എന്നല്ല അതിനേക്കാൾ കൂടുതൽ! ഈ ഹ്രസ്വമായ ജീവിതത്തിൽ വിശ്വാസമർപ്പിച്ചു പൂർണമായും ദൈവത്തിൽനിന്ന് മുഖം തിരിക്കുന്നവൻ എത്ര മാത്രം ദൗർഭാഗ്യനാണ്. ദൈവം നിഷിദ്ധമാക്കിയതിനെ ഒരു ഭയവും കൂടാതെ അനുവദനീയമെന്നപോലെ ഉപയോഗിക്കുന്നു. കോപാവസ്ഥയിൽ ഭ്രാന്തന്മാരെപോലെ ചിലരെ ചീത്തവിളിക്കാനും ചിലരെ പരിക്കേല്പിക്കാനും ചിലരെ കൊല്ലാനും മുതിരുന്നു. ഇന്ദ്രിയാശകളുടെ ആവേശത്തള്ളിച്ചയാൽ നാണംകെട്ട മാർഗങ്ങളെല്ലാം പാരമ്യത്തിലെത്തിക്കുന്നു. അവർ മരിക്കുന്നതുവരെ യഥാർഥ ആനന്ദാവസ്ഥ പ്രാപിക്കുന്നതല്ല.

അല്ലയോ പ്രിയമുള്ളവരേ! നിങ്ങൾ അല്പകാലത്തേക്കാണ് ലോകത്ത് വന്നിട്ടുള്ളത്. അതും ഒരുപാട് കഴിഞ്ഞുപോയി. അതുകൊണ്ട് നിങ്ങളുടെ യജമാനനായ ദൈവത്തെ വെറുപ്പിക്കാതിരിക്കുക. നിങ്ങളേക്കാൾ ശക്തമായിരിക്കുന്ന മനുഷ്യനിർമിതമായ ഒരു ഭരണകൂടത്തിന് നിങ്ങളോട് വെറുപ്പുണ്ടെങ്കിൽ അവർക്ക് നിങ്ങളെ നശിപ്പിക്കാൻ കഴിയും. അതിനാൽ നിങ്ങൾ ചിന്തിക്കുക. അല്ലാഹുവിന്റെ വെറുപ്പിൽനിന്ന് നിങ്ങൾക്ക് എങ്ങനെയാണ് രക്ഷപ്പെടാൻ സാധിക്കുക? അല്ലാഹുവിന്റെ കൺമുമ്പിൽ നിങ്ങൾ യഥാർഥ ഭക്തരാണെങ്കിൽ ആർക്കും നിങ്ങളെ നശിപ്പിക്കാൻ കഴിയില്ല. അവൻ സ്വയം നിങ്ങളെ സംരക്ഷിക്കും. നിങ്ങളുടെ ജീവന്റെ പിന്നാലെ കൂടിയിരിക്കുന്ന ശത്രുവിന് നിങ്ങളെ അധീനപ്പെടുത്താൻ കഴിയില്ല. അങ്ങനെയല്ലെങ്കിൽ നിങ്ങളുടെ ജീവന് ഒരു സംരക്ഷകനുമില്ല. നിങ്ങൾ ശത്രുക്കളെ ഭയന്നോ അല്ലെങ്കിൽ വിപത്തുകളിൽ അകപ്പെട്ടോ ഗതിയില്ലാതെ ജീവിക്കുകയും നിങ്ങളുടെ ആയുസ്സിന്റെ അവസാനത്തെ നാളുകൾ വലിയ ദുഃഖത്തോടും ദ്വേഷത്തോടും കൂടി കഴിഞ്ഞുപോകുകയും ചെയ്യും. തന്നോടൊപ്പം ചേരുന്നവർക്ക് അല്ലാഹു അഭയമായിത്തീരുന്നു. അതുകൊണ്ട് അല്ലാഹുവിങ്കലേക്ക് വരിക. അവനോടുള്ള എല്ലാ എതിർപ്പും ഉപേക്ഷിക്കുക. അവൻ നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിൽ മടികാണിക്കരുത്. അവന്റെ അടിയാന്മാരോട് നാവുകൊണ്ടോ കൈകൊണ്ടോ അക്രമം ചെയ്യാതിരിക്കുകയും ദൈവത്തിൽനിന്നുള്ള വിപത്തിനേയും കോപത്തേയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുക. ഇതുതന്നെയാണ് മോക്ഷത്തിന്റെ വഴി.

അല്ലയോ മുസ്ലിം പണ്ഡിതന്മാരേ! എന്നെ നിഷേധിക്കുന്നതിൽ ധിറുതി കാണിക്കാതിരിക്കുവിൻ. മനുഷ്യന് പെട്ടെന്ന് മനസ്സിലാക്കാൻ പറ്റാത്ത നിരവധി രഹസ്യങ്ങളുണ്ട്. കാര്യം കേട്ടയുടനെ നിഷേധിക്കുവാൻ ഒരുങ്ങുന്നത് ഭക്തിയുടെ മാർഗമല്ല. നിങ്ങളിൽ ചില തെറ്റുകൾ ഇല്ലാതിരിക്കുകയും നിങ്ങൾ ചില ഹദീഥുകൾക്ക് വിപരീതാർഥം മനസ്സിലാക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ വിധികർത്താവായ വാഗ്ദത്തമസീഹിന്റെ വരവുതന്നെ വ്യർഥമാകുമായിരുന്നു. നിങ്ങൾക്ക് പാഠം പഠിക്കാൻ പറ്റിയ സന്ദർഭം മുമ്പേ നിലവിലുണ്ട്. ഏതൊന്നിലാണോ നിങ്ങൾ ഉറച്ചിരിക്കുന്നത് ഏതൊരു സ്ഥലത്താണോ നിങ്ങൾ കാലെടുത്തവെച്ചിരിക്കുന്നത് അതേ സ്ഥലത്തുതന്നെയായിരുന്നു യഹൂദികളും കാലെടുത്ത് വെച്ചിരുന്നത്– ഈസാനബി വീണ്ടും വരുന്നതാണെന്ന് നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നതുപോലെ അവരും ഹദ്റത്ത് ഇൽയാസ് നബി വീണ്ടും വരുമെന്ന പ്രതീക്ഷയിലായിരുന്നു. ആദ്യം ഇൽയാസ് (ഏലിയാ പ്രവാചകൻ) ആകാശത്തുനിന്ന് ഭൂമിയിൽ ഇറങ്ങിവരുമെന്നും അതിനുശേഷമേ മസീഹ് വരികയുള്ളൂവെന്നും ഇൽയാസ് നബി വരുന്നതിനുമുമ്പേ ആരെങ്കിലും താൻ മസീഹാണെന്ന് വാദിച്ചാൽ അയാൾ വ്യാജനായിരിക്കുമെന്നും അവർ പറഞ്ഞിരുന്നു. ഇപ്രകാരം അവർ വിശ്വസിച്ചിരുന്നത് ഹദീഥുകളനുസരിച്ച് മാത്രമല്ല, മലാക്കി നബിയുടെ വേദഗ്രന്ഥത്തിൽനിന്ന് തങ്ങളുടെ വിശ്വാസത്തിനുള്ള തെളിവ് സമർപ്പിച്ചുകൊണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് ഈസാ നബി(അ) താൻ യഹൂദികൾക്കുള്ള

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

# മുത്ത്വലാഖിന്റെ ശരീഅത്തുപരമായ നിലയും സ്ത്രീകളുടെ അവകാശങ്ങളും

**മൻസൂർ അഹ്മദ് മസ്റൂർ (എഡിറ്റർ ബദ്ർ ഉർദു)**

ഏകദേശം ഒരുവർഷം മുമ്പേ മുത്ത്വലാഖ് വിഷയത്തിൽ രാജ്യത്ത് കോലാഹലമുണ്ടായത് വായനക്കാർക്ക് നല്ലവണ്ണം അറിയാവുന്നതാണ്. ഇപ്പോഴും പലരീതിയിലുള്ള വിവരണങ്ങളും വന്നുകൊണ്ടിരിക്കുന്നുണ്ട്. ടിവിയിലാണെങ്കിൽ വാദങ്ങളുടേയും ചർച്ചകളുടേയും യുദ്ധം അരങ്ങേറിയിരിക്കുകയാണ്. ഇത്തരം അവസ്ഥയിൽ ഒരുപാടാളുകളുടെ മനസ്സിൽ അതായത് ദീനീ പരമായി വേണ്ടത്ര അറിവില്ലാത്തവരുടെ മനസ്സിൽ മുത്ത്വലാഖിനെക്കുറിച്ചുള്ള ശരിയായ ഇസ്‌ലാമിക വീക്ഷണം എന്താണെന്നും ഖുർആനിന്റേയും ഹദീഥിന്റേയും വെളിച്ചത്തിൽ ഒറ്റത്തവണ മൂന്ന് തലാഖ് ചൊല്ലുന്നതിന്റെ നിലയെന്താണെന്നുമുള്ള സംശയം സ്വാഭാവികമാണ്. മുത്ത്വലാഖിനെക്കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ നിലപാട് വ്യക്തമാക്കുന്നതിനു മുമ്പേ അതായത് ശരിയായ ഇസ്‌ലാമിക വീക്ഷണത്തിൽ ഖുർആനിന്റേയും ഹദീഥിന്റെയും അടിസ്ഥാനത്തിൽ ഇതിന്റെ ബന്ധം വിവരിക്കുന്നതിനുമുമ്പേ ഈ വിഷയത്തിൽ രാജ്യം മുഴുവൻ ഇപ്പോഴുണ്ടായിരിക്കുന്ന സ്ഥിതിഗതികളെക്കുറിച്ച് അല്പം ചില കാര്യങ്ങൾ ഹ്രസ്വമായി വിവരിക്കുന്നതാണ്. മുത്ത്വലാഖിന്റെ പല കാര്യങ്ങളും സുപ്രീം കോടതിയുടെ പരിഗണനയിലാണുള്ളത്.

ജയ്പൂരിലെ ആഫ്റീൻ റഹ്മാൻ, ഉത്തരാഖണ്ഡ് സംസ്ഥാനത്തിലെ കാശീപൂർ ജില്ലയിലെ അദ്ഹം നഗർ വാസി സാഹിറാഭാനു, യു.പിയിലെ റാംപൂർ വാസി ഗുൽഷൻ പർവീൻ, ബീഹാറിലെ ഇശ്റത്ത് ജഹാൻ, യുപിയിലെ സഹാറൻപൂർ വാസി അത്വിയാ സ്വാബ്‌രി തുടങ്ങിയവർ മുത്തലാഖിനെതിരെ സുപ്രീംകോടതിയിൽ പെറ്റീഷൻ നൽകിയിരിക്കുന്നു. ഉത്തരാഖണ്ഡിലെ കാശിപൂർ സാഹിറാഭാനു, അവരുടെ ഭർത്താവ് അവർക്ക് ത്വലാഖ് നൽകിയതിനുശേഷം കഴിഞ്ഞവർഷം സുപ്രീംകോടതിയിൽ പെറ്റീഷൻ സമർപിക്കുകയും മുത്തലാഖിനേയും ഹലാല നിക്കാഹിനേയും വെല്ലുവിളിക്കുകയും ചെയ്തതോടെയാണ് പ്രശ്നങ്ങൾക്ക് തുടക്കം കുറിക്കുന്നത്.

2016 ജൂണിൽ ആർ.എസ്.എസ്സിന്റെ ഉപസംഘടന രാഷ്ട്രവാദി മുസ്‌ലിം മഹിളാസംഗ് സുപ്രീം കോടതിയിൽ മറ്റൊരു അപേക്ഷ നൽകി. ഈ അപേക്ഷ മുസ്‌ലിം പേർസണൽ ലോയെ നിയമത്തിന്റെ വൃത്തത്തിനുള്ളിൽ കൊണ്ടുവരണമെന്നതായിരുന്നു. അതിന്റെ ഉദ്ദേശ്യം ബഹുഭാര്യത്വത്തിലും മുത്ത്വലാഖ് തുടങ്ങിയ ആചാരങ്ങളിലും നിയന്ത്രണമേർപെടുത്തുക എന്നതായിരുന്നു. സുപ്രീംകോടതി മുത്ത്വലാഖ് മനുഷ്യാവകാശങ്ങളുടെ പ്രശ്നങ്ങളാണെന്ന് നിശ്ചയിക്കുകയും തങ്ങൾ അതിന്റെ എല്ലാ വശങ്ങളിലും ചിന്തിക്കുമെന്ന് പറഞ്ഞ് ഈ പ്രശ്നം ജഡ്ജിമാരുടെ അഞ്ചംഗബെഞ്ചിനെ ഏല്പിക്കുകയും ചെയ്തു. ഈ അഞ്ച് ജഡ്ജിമാരുടേയും ബന്ധം അഞ്ച് വിവിധ മതങ്ങളുമായിട്ടാണ്. അവരുടെ പേരുകൾ ഇങ്ങനെയാണ്. 1. ചീഫ് ജസ്റ്റീസ് ജഗദീശ് സിംഗ് ഘേബർ (സിക്കുമതം), 2.കൊറെൻ ജോസഫ് (ക്രിസ്തുമതം), 3.ആർ.എഫ്. ബസേമൻ (പാർസിമതം), 4.യു.യു. ലളിത് (ഹിന്ദുമതം), 5.അബ്ദുർന്നസീർ (ഇസ്‌ലാം മതം). നിലവിലെ ഭരണ കൂടം മുത്ത്വലാഖിന് എതിരാണ്. സർക്കാർ മുത്ത്വലാഖിനെ സംബന്ധിച്ച് എന്തെങ്കിലും ശക്തമായ തീരുമാനം എടുക്കുമെന്ന് കേന്ദ്ര നിയമകാര്യ മന്ത്രി ശ്രീ. രവിശങ്കർ പ്രസാദ് പറഞ്ഞിരുന്നു. അതുപോലെ സർക്കാർ മതത്തെ ആദരിക്കുന്നുവെങ്കിലും ആരാധനയും സാമാജികമായ തിന്മയും ഒപ്പത്തിനൊപ്പും കൊണ്ടുപോകുകയില്ലെന്നും വ്യക്തമാക്കിയിരുന്നു. യു.പിയിലെ ഈയടുത്ത കാലത്ത് നടന്ന തിരഞ്ഞെടുപ്പിൽ ബിജെപി മുത്ത്വലാഖിനെ തങ്ങളുടെ തിരഞ്ഞെടുപ്പ് ഇഷ്യുയായി ചേർത്തിരുന്നു. അവർ തിരഞ്ഞെടുപ്പ് വേളയിൽ കോൺഗ്രസ്സും സമാജ്‌വാദി പാർട്ടിയും മുത്ത്വലാഖിനെ സംബന്ധിച്ച കാര്യത്തിൽ തങ്ങളുടെ നിലപാട് വ്യക്തമാക്കണമെന്ന് വെല്ലുവിളിച്ചിരുന്നു. മുത്ത്വലാഖിനെതിരെ കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ തങ്ങളുടേതായ നാല് ചോദ്യങ്ങളാണ് അവതരിപ്പിച്ചത്;

1. മതപരമായ സ്വാതന്ത്ര്യാവകാശത്തിന്റെ അടിസ്ഥാനത്തിൽ മുത്ത്വലാഖ്, ഹലാല, ബഹുഭാര്യത്വം, എന്നിവയ്ക്ക് ഭരണഘടനാപരമായ നിയമമനുസരിച്ച് അനുവാദം കൊടുക്കാൻ കഴിയുമോ?

2. തുല്യമായ അവകാശം അഭിമാനത്തോടു കൂടി ജീവിക്കാനുള്ള അവകാശം മതസ്വാതന്ത്ര്യാവകാശം എന്നിവയിൽ പ്രഥമസ്ഥാനം നല്കേണ്ടത് ഏതിനാണ്?

3. ഭരണഘടനയുടെ ആർട്ടിക്കിൾ 13 അനുസരിച്ച് പേർസണൽ ലോ നിയമമായി അംഗീകരിക്കപ്പെടുമോ?

4. മുത്ത്വലാഖ്, നിക്കാഹ്, ഹലാല, ബഹുഭാര്യത്വം എന്നിവ ഇന്ത്യയും ഒപ്പുവെച്ചിട്ടുള്ള സാർവ്വദേശീയ നിയമങ്ങളനുസരിച്ച് ശരിയാണോ?

മുത്ത്വലാഖ്, ബഹുഭാര്യത്വം, ഹലാലയെ സംബന്ധിച്ച് സർക്കാരിന്റെ നിലപാടും അവരുടെ ശിപാർശകളും സുപ്രീംകോടതി ആവശ്യപ്പെട്ടു. മുത്ത്വലാഖ് മുസ്‌ലിം സ്ത്രീകളുടെ മാനസികാവസ്ഥയെ ബാധിക്കുന്നതുകൊണ്ട് അതവസാനിപ്പിക്കേണ്ടതാണെന്ന നിലപാടാണ് സർക്കാർ സുപ്രീംകോടതിക്ക് മുമ്പിൽ സമർപിച്ചത്. മുത്ത്വലാഖ് മുസ്‌ലിംസ്ത്രീകളുടെ അന്തസ്സിനേയും സാമാജികമായ സ്റ്റാറ്റസിനേയും ബാധിക്കുന്നു. ഇക്കാരണത്താൽ മുസ്‌ലിം സ്ത്രീകൾക്ക് കിട്ടിയിട്ടുള്ള അടിസ്ഥാനപരമായ ഭരണഘടനാവകാശത്തിന്റെ ലംഘനമുണ്ടാകുന്നു. മുത്ത്വലാഖിനെ ആചാരപരമായ കർമം എന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ള കാരണത്താൽ സ്ത്രീകൾക്ക് അവരുടെ വിഭാഗത്തിലുള്ള പുരുഷന്മാരേയും മറ്റു വിഭാഗങ്ങളിലുള്ള സ്ത്രീകളേയും അപേക്ഷിച്ച് വളരെ കൂടുതൽ വിഷമങ്ങൾ നേരിടേണ്ടി വരുന്നു എന്നാണ് പറയപ്പെട്ടത്. രാജ്യത്തിന്റെ മൊത്തം ജനസംഖ്യയിൽ മുസ്‌ലിംസ്ത്രീകൾ 8 ശതമാനമാണുള്ളതെന്ന് പറയപ്പെട്ടു. പക്ഷേ, മുത്ത്വലാഖിനെ ഭയന്നുകൊണ്ട് രാജ്യത്തിലെ ഇത്ര വലിയ ജനവിഭാഗം തങ്ങളെ സുരക്ഷിതരല്ലാത്തവരായി കാണുന്നു.

2016 ഒക്ടോബർ 7ന് ലോ കമ്മീഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡണ്ട് ഡോ. ജസ്റ്റിസ് ബി. എസ് ചൗഹാൻ മുൻ സുപ്രീംകോടതി ജഡ്ജ് ഓഫ് ഇന്ത്യയുടെ ഭാഗത്തുനിന്ന് 16 ചോദ്യങ്ങളടങ്ങുന്ന ഒരു ചോദ്യപത്രം പുറപ്പെടുവിച്ചു. ഇതനുസരിച്ച് മുത്ത്വലാഖ്, ബഹുഭാര്യത്വം, ജീവനാംശം, അനന്തരാവകാശത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങളിൽ സാധാരണക്കാരുടെ അഭിപ്രായം ആരായുകയുണ്ടായി. അതിനു 45 ദിവസമാണ് സമയം നൽകിയത്.

ലോ കമ്മീഷൻ തങ്ങളുടെ ചോദ്യങ്ങളുടെ ആരംഭത്തിൽ ആർട്ടിക്കിൾ 44 ന്റെ ഉദ്ധരണി നൽകിക്കൊണ്ട് ഭരണഘടനയുടെ ഈ വകുപ്പനുസരിച്ച് മുഴുരാജ്യത്തിലേയും പൗരന്മാർക്കുവേണ്ടി ഏക സിവിൽകോഡിനു വേണ്ടി പരിശ്രമിക്കേണ്ടതാണെന്ന് നിർദേശിച്ചു. അങ്ങനെ സർക്കാർ ലോകമ്മീഷനോടു ഇതിനെക്കുറിച്ച് ആലോചിക്കാനും ചിന്തിക്കാനും പറഞ്ഞു. ലോകമ്മീഷൻ പറഞ്ഞത് സർക്കാർ ഈ ചോദ്യപത്രം മുഖേന ഏകസിവിൽകോഡിനെ സംബന്ധിച്ച് ആരോഗ്യപരമായ ചർച്ച നടത്താൻ ആഗ്രഹിക്കുന്നുവെന്നാണ്.

ചോദ്യപത്രത്തെ സംബന്ധിച്ച് ഇത് പറയേണ്ടത് നിർബന്ധമാണ്. അതായത് ഓരോ ചോദ്യത്തിനുമുള്ള മറുപടി എന്ന നിലയിൽ രണ്ടോ മൂന്നോ ഓപ്ഷൻ നല്കപ്പെട്ടിരുന്നു. അധികം ചോദ്യങ്ങളുടെയും മറുപടി YES/NO യിൽ നല്കാനാണ് ആവശ്യപ്പെട്ടത്. ചില ചോദ്യങ്ങളുടെ വിശദീകരണത്തിന് ഈരണ്ട് ലൈനുകളുടെ സ്ഥലം വിട്ടിരുന്നു. ഉദാഹരണത്തിന് നാലാമത്തെ ചോദ്യത്തിൽ ചോദിച്ചിരുന്നത്:

4. will uniform civil code or codification of personal law and customary practices ensure gender equality? a. Yes b. No എന്നായിരുന്നു. പേഴ്സണൽ ലോയെ കോഡിഫൈ ചെയ്യുന്നതുകൊണ്ട് അല്ലെങ്കിൽ മതപരമായ ആചാരങ്ങളും പാരമ്പര്യങ്ങളും സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിൽ സമാനസ്ഥിതി ഉണ്ടാക്കുമോ?

(5) Should the uniform civil code be optional ?a. Yes b. No അതായത് ഏകീകൃത സിവിൽകോഡ് optional ആകേണ്ടതുണ്ടോ?

സർക്കാർ ഏഴ് കുടുംബപരമായ കാര്യങ്ങളിൽ ഏകീകൃത സിവിൽകോഡ് കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. 1.വിവാഹം, 2. ത്വലാഖ്, 3. ദത്തെടുക്കൽ, 4.കുട്ടികൾക്കുവേണ്ടിയുള്ള നിക്ഷേപവും അവരുടെ ഉത്തരവാദിത്വവും, 5.ജീവനാംശം, 6.അനന്തരാവകാശം, 7. മരണാന്തര സ്വത്ത്.

ലോ കമ്മീഷൻ ഓഫ് ഇന്ത്യാ ചോദ്യപത്രം പുറപ്പെടുവിച്ചതിനുശേഷം രാഷ്ട്രീയാന്തരീക്ഷം വളരെ ചൂടുപിടിച്ചു. പലരീതിയിലുള്ള വിവരണങ്ങൾ വരാൻ തുടങ്ങി. ചോദ്യപത്രം ബഹിഷ്കരിക്കാൻ മുസ്‌ലിം പേർസണൽ ലോ ബോർഡ് ആഹ്വാനം ചെയ്തു. അതിന് മറുപടി നല്കുകയില്ലെന്ന് അവർ പറഞ്ഞു. ഈ ചോദ്യം ഏകപക്ഷീയമാണ്. ഇതുമുഖേന സർക്കാർ തങ്ങളിൽ ഏകീകൃത സിവിൽകോഡ് അടിച്ചേൽപ്പിക്കാനാണ് ആഗ്രഹിക്കുന്നത്.

മുസ്‌ലിം പേർസണൽ ലോ ബോർഡ് സുപ്രീം കോടതിയിൽനിന്ന് ചോദിക്കപ്പെട്ട ചോദ്യത്തിനുള്ള മറുപടിയിൽ തങ്ങളുടെ നിലപാട് വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു, ‘ശരീഅത്ത് നിയമങ്ങൾ ഖുർആനിലും ഹദീഥിലും അധിഷ്ഠിതമാണ്. അതിൽ മാറ്റം വരുത്താൻ സാധ്യമല്ല. അവയുടെ നിയമപരമായ നിലയെ സുപ്രീംകോടതിക്ക് പരിഹരിക്കാൻ കഴിയില്ല.’ ബോർഡ് പറഞ്ഞു: സാമാജികവും സാമൂഹികവുമായ സാങ്കേതികതക

(ശേഷം പേജ് 9ൽ)

# ഖുത്ബ ജുമുഅ

**കഴിഞ്ഞ ഖുത്ബയിൽ നോമ്പിന്റേയും റമളാനിന്റേയും ലക്ഷ്യം മനസ്സുകളിൽ തഖ്‌വ അഥവാ ഭക്തിയുണ്ടാക്കുക എന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളതെന്ന് ഞാൻ വിവരിച്ചിരുന്നു. ഇതു സംബന്ധമായി അതു കരസ്ഥമാക്കാൻ എന്തു മാർഗമാണുള്ളതെന്നും നമ്മൾ എങ്ങനെ ഇത് സ്വീകരിക്കണമെന്നുമുള്ളതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികളും സമർപിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയം നമ്മുടെ മനസ്സിൽ കുടിയിരുത്തുന്നതിനുവേണ്ടി വിവിധ സ്ഥലങ്ങളിൽ കൂടുതൽ വിശദീകരണം നല്കിയിട്ടുണ്ട്; നമ്മുടെ മനസ്സുകളിൽ അതിന്റെ പ്രാധാന്യം തറയ്ക്കുന്നതിനും നമ്മുടെ എല്ലാ കർമങ്ങളിൽനിന്നും സ്വഭാവത്തിൽനിന്നും അതിന്റെ പ്രകടനം ഉണ്ടായിത്തുടങ്ങുന്നതിനുംവേണ്ടി!**

---

**മനുഷ്യൻ മുത്തഖിയാകുന്നതിന് അവൻ ആരാധിക്കുന്നവനോ അല്ലെങ്കിൽ അല്ലാഹുവിനോടുള്ള കടമനിറവേറ്റുന്നവനോ ആയാൽ മാത്രംപോര, പ്രത്യുത അവന്റെ സൽസ്വഭാവത്തിന്റെ നിലവാരം ഉയർത്തുകയും അവൻ തന്റെ ഉൽകൃഷ്ടമായ സ്വഭാവംകൊണ്ട് മറ്റുള്ളവരുടെമേൽ തന്റെ നന്മയുടേയും ഭക്തിയുടേയും സ്വാധീനം സ്ഥാപിക്കുകയും വേണം.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവിധ നിർദേശങ്ങൾ ഉദ്ധരിച്ച് ഉൽകൃഷ്ടമായ സ്വഭാവം സ്വായത്തമാക്കേണ്ടതിന്റെ പ്രാധാന്യത്തേയും സുപ്രധാന ഉപദേശങ്ങളേയും കുറിച്ചുള്ള ചർച്ച.**

**ഇപ്പോൾ ആ മടി അകറ്റുന്നതിനുള്ള സാഹചര്യം അല്ലാഹു ഒരുക്കിയിരിക്കുന്നു. ഈ മാസത്തിൽ സ്വഭാവങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കും എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. മറ്റു ദൗർബല്യങ്ങളിൽനിന്നും പാപങ്ങളിൽനിന്നും രക്ഷപ്പെടുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്.**

**സൽസ്വഭാവം കരസ്ഥമാക്കുന്നതിന് പശ്ചാത്താപം വലിയ ചാലക ശക്തിയും സഹായിയുമാണ്. യഥാർഥ തൗബയുടെ അടിസ്ഥാനപരമായ മൂന്നു നിബന്ധനകളുടെ ചർച്ച**

**ചിലയാളുകൾ ബാഹ്യമായ മുഅ്ജിസത്തുകളും അമാനുഷിക പ്രവൃത്തികളും കണ്ടിട്ട് വിശ്വസിക്കുന്നു; ചിലർ യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും കണ്ടിട്ടും(വിശ്വസിക്കുന്നു). എന്നാൽ, അധികമാളുകളുടേയും സന്മാർഗത്തിനും സമാധാനത്തിനും നിമിത്തമാകുന്നത് ഉദാത്തമായ സ്വഭാവങ്ങളാണ്. ഏതെങ്കിലും അഹ്മദിയുടെ സ്വഭാവങ്ങളിൽ ആകർഷിതരായി അല്ലെങ്കിൽ മൊത്തമായനിലയിൽ ജമാഅത്തിന്റെ സൽസ്വഭാവങ്ങളിൽ ആകർഷിതരായി ഇന്നും ധാരാളമാളുകൾ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് എല്ലാ അഹ്മദികളും ഇക്കാര്യത്തിൽ ദൃഷ്ടി പതിപ്പിക്കേണ്ടതാണ്.**

---

**നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽവന്നിട്ട് നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റമുണ്ടാക്കുകയും അത് ജനങ്ങളോടു പറയുകയും ചെയ്തു എന്ന് നമ്മുടെ കർമങ്ങൾകൊണ്ടെല്ലാം സ്ഥാപിതമാകേണ്ടതാണ്. ഇതുതന്നെയാണ് തബ്‌ലീഗിന്റെ മാർഗം. അല്ലാഹു നമുക്ക് തഖ്‌വയിലൂടെ നടന്നുകൊണ്ട് നമ്മുടെ സ്വഭാവത്തിൽ പരിശുദ്ധ മാറ്റമുണ്ടാക്കാനും നബി(സ)തിരുമേനിയുടെ ജീവിത മാതൃക മുന്നിൽ വെക്കാനും ഉദാത്തമായ സ്വഭാവങ്ങൾ എപ്പോഴും പ്രകടിപ്പിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് ജീവിതം നയിക്കുന്നവരുമാകട്ടെ.**

---

**അമേരിക്കയിലെ മിയാൻ അത്വാഉർറഹ്മാൻ സാഹിബിന്റെ മകൻ ലുത്ഫുർറഹ്മാൻ സാഹിബിനേയും സാഹിബ്സാദ ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബിന്റെ മകൻ അസീസം മിർസാ ഉമർ അഹ്മദ് സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 ജൂൺ 9/1396 ഇഹ്സാൻ 9
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا
الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ നോമ്പിന്റേയും റമളാനിന്റേയും ലക്ഷ്യം മനസ്സുകളിൽ തഖ്‌വ അഥവാ ഭക്തിയുണ്ടാക്കുക എന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളതെന്ന് ഞാൻ വിവരിച്ചിരുന്നു. ഇതു സംബന്ധമായി അതു കരസ്ഥമാക്കാൻ എന്തു മാർഗമാണുള്ളതെന്നും നമ്മൾ എങ്ങനെ ഇത് സ്വീകരിക്കണമെന്നുമുള്ളതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികളും സമർപിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിഷയം നമ്മുടെ മനസ്സിൽ കുടിയിരുത്തുന്നതിനുവേണ്ടി വിവിധ സ്ഥലങ്ങളിൽ കൂടുതൽ വിശദീകരണം നല്കിയിട്ടുണ്ട്; നമ്മുടെ മനസ്സുകളിൽ അതിന്റെ പ്രാധാന്യം തറയ്ക്കുന്നതിനും നമ്മുടെ എല്ലാ കർമങ്ങളിൽനിന്നും സ്വഭാവത്തിൽനിന്നും അതിന്റെ പ്രകടനം ഉണ്ടായിത്തുടങ്ങുന്നതിനും വേണ്ടി! എന്തുകൊണ്ടെന്നാൽ, ഭക്തിയില്ലെങ്കിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുള്ള ഒരു തരത്തിലുള്ള നന്മയും ഉണ്ടാകുകയില്ല. താൽക്കാലികവും നൈമിഷകവുമായ നന്മകൾ, എല്ലാ മനുഷ്യരും ഏതെങ്കിലുമൊക്കെ നേരത്ത് ആവേശംകൊണ്ടും മറ്റു കാരണത്താലും ചെയ്യാറുണ്ട്. പക്ഷേ, അതിൽ നൈരന്തര്യമുണ്ടാകുന്നത് യഥാർഥമായ തഖ്‌വാ ഉണ്ടാകുമ്പോഴാണ്.

മനുഷ്യൻ മുത്തഖിയാകുന്നതിന് അവൻ ആരാധിക്കുന്നവനോ അല്ലെങ്കിൽ അല്ലാഹുവിനോടുള്ള കടമനിറവേറ്റുന്നവനോ ആയാൽ മാത്രംപോര, പ്രത്യുത അവന്റെ സൽസ്വഭാവത്തിന്റെ നിലവാരം ഉയർത്തുകയും അവൻ തന്റെ ഉൽകൃഷ്ടമായ സ്വഭാവംകൊണ്ട് മറ്റുള്ളവരുടെമേൽ തന്റെ നന്മയുടേയും ഭക്തിയുടേയും സ്വാധീനം സ്ഥാപിക്കുകയും വേണം എന്ന കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ പറഞ്ഞു:"മനുഷ്യൻ സ്വാലിഹ് ആണെന്നതിനുള്ള അടയാളമാണ് സൽസ്വഭാവം."(മൽഫൂദാത്ത് വാള്യം 1 പേജ് 128, 1985 ലണ്ടൻ പതിപ്പ്)

ഒരു മുഅ്മിന്റെ ജീവിതലക്ഷ്യം ഇസ്‌ലാമികാധ്യാപനങ്ങളുടെ മനോഹാരിത എപ്പോഴും പ്രകടിപ്പിക്കുക എന്നതാണെന്നും ഭക്തിയിലൂടെ നടന്ന് ഉന്നതമായ സൽസ്വഭാവം പ്രകടിപ്പിക്കുകയാണെന്നും അവിടന്ന് വിവരിക്കുന്നു. അവിടന്ന് പറയുന്നു: തഖ്‌വാ അഥവാ ഭക്തിയ്ക്ക് ഒരുപാട് ഭാഗങ്ങളുണ്ട്. ഡംബ്, സ്വാർഥത, നിഷിദ്ധ ധനത്തിൽനിന്നും ദുസ്സ്വഭാവങ്ങളിൽനിന്നും വിട്ടുനില്ക്കലും തഖ്‌വയാണ്. ആരാണോ സൽസ്വഭാവം പ്രകടിപ്പിക്കുന്നത് അവന്റെ ശത്രുവും മിത്രമായിത്തീരുന്നു. അല്ലാഹു പറയുന്നു: ഇദ്ഫഅ് ബില്ലത്തീ ഹിയ അഹ്സൻ(40:97) (പറഞ്ഞു, ഒന്ന് തിന്മകളിൽനിന്ന് രക്ഷപ്പെടുന്നത് തഖ്‌വയാണ്. സൽസ്വഭാവങ്ങൾ പ്രകടിപ്പിക്കൽ തഖ്‌വയാണ്. ഇതുമുഖേന ശത്രുവും മിത്രമായിത്തീരുന്നു.) അവിടന്ന് പറയുന്നു:"ഈ നിർദേശം എന്ത് അധ്യാപനമാണ് നല്കുന്നതെന്ന് ചിന്തിക്കുക. ഈ നിർദേശംകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത്, എതിരാളികൾ ചീത്ത വിളിച്ചാലും ചീത്തകൊണ്ട് അവർക്ക് മറുപടി നല്കരുതെന്നാണ്. മറിച്ച് അതുകേട്ട് ക്ഷമിക്കുക. അതിന്റെ ഫലമായി എതിരാളി നിങ്ങളുടെ സത്ഗുണം സമ്മതിച്ചുകൊണ്ട് സ്വയം ലജ്ജിതനായിത്തീരും. പ്രതികാരമെന്ന നിലയിൽ നിങ്ങൾക്ക് നല്കാവുന്ന ആശിക്ഷയെക്കാൾ ഉത്തമമായിരിക്കും ഈ ശിക്ഷ." പറയുന്നു:"ഒരു നിസാര മനുഷ്യനും കൊലപാതകംവരെ കാര്യത്തെ കൊണ്ടെത്തിക്കാൻ സാധിക്കും. പക്ഷേ, മനുഷ്യത്വം ആഗ്രഹിക്കുന്നതും തഖ്‌വയുടെ ഉദ്ദേശ്യവും ഇതല്ല. സൽസ്വഭാവം എങ്ങനെയുള്ള മുത്താണെന്ന് വെച്ചാൽ ബുദ്ധിമുട്ടിക്കുന്നവരിൽ ബുദ്ധിമുട്ടിക്കുന്നവന്റെമേൽപോലും അത് സ്വാധീനം ചെലുത്തുന്നു." പറയുന്നു: "ആരോ ഒരാൾ(ഫാർസിയിൽ) പറഞ്ഞത് എത്ര നല്ലതാണ്: ലുത്ഫ് കുൻ ലുത്ഫ് കെ ബേഗാനഃ ശവദ് ഹൽഖയെ ബഗോശ് (മൽഫൂദാത്ത് വാള്യം 1 പേജ് 81, 1985 ലണ്ടൻ പതിപ്പ്)

(ദയയോടുകൂടി പെരുമാറുക. എന്നാൽ, അപരിചിതനും നിങ്ങളുടെ സൗഹൃദവൃത്തത്തിൽ വന്നുചേരുന്നതാണ്).

അതിനാൽ ഇതെപ്പോഴും നമ്മൾ മുന്നിൽ വെക്കേണ്ടതായ അടിസ്ഥാനപരമായൊരു കാര്യമാണ്. തഖ്‌വായ്ക്ക് വിധേയമാക്കിക്കൊണ്ട് നമ്മുടെ എല്ലാ കർമത്തിലും സൽസ്വഭാവങ്ങളുടെ

പ്രകടനമുണ്ടാകണം.

സൽസ്വഭാവങ്ങൾകൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്നും അവയുടെ ലക്ഷ്യമെന്താണെന്നും സൽസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന ആളിന്റെ ഉദ്ദേശ്യമെന്തായിരിക്കണമെന്നും നമ്മുടെ മുമ്പിൽ ആ സൽസ്വഭാവങ്ങളുടെ മാതൃകയെന്താണെന്നും കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"മനുഷ്യനെ മനുഷ്യനാക്കുന്ന ആദ്യത്തെ സൽസ്വഭാവം വെറും മൃദുലഭാവത്തോടെ പെരുമാറുക എന്നതാണെന്ന് ആരും നിരൂപിക്കരുത്."(മനുഷ്യനെ മനുഷ്യനാക്കുന്ന സൽസ്വഭാവങ്ങൾകൊണ്ടുള്ള ഉദ്ദേശ്യം മറ്റുള്ളവരോടു സൗമ്യമായി പെരുമാറുക മാത്രമാണെന്ന് കരുതരുത്) പറഞ്ഞു: ഖൽഖ്, ഖുൽഖ് രണ്ടു പദങ്ങളാണ്. അത് വിപരീതാർഥങ്ങളിൽ അധിഷ്ഠിതമാണ്. ഖൽഖ് എന്ന വാക്ക് ബാഹ്യ സൃഷ്ടിയുടെ പേരാണ്. അതായത് ചെവി, മൂക്ക്, എത്രത്തോളമെന്നാൽ മുടി തുടങ്ങിയവ വരെ ഖൽഖിൽ ഉൾപ്പെടുന്നു. ഖുൽഖ് എന്ന ശബ്ദം ആന്തരിക സൃഷ്ടിയുടെ പേരിനെ കുറിക്കുന്നു. ഇപ്രാകരംതന്നെ മനുഷ്യനേയും മനുഷ്യരല്ലാത്തവരേയും വേർതിരിക്കുന്നതെല്ലാം ഖുൽഖിൽ പെടുന്നു. എത്രത്തോളമെന്നാൽ ബുദ്ധി ചിന്ത തുടങ്ങിയവയെല്ലാം ഖുൽഖിൽ പെട്ടതാണ്."

പറയുന്നു: "ഖുൽഖ് കൊണ്ട് മനുഷ്യൻ തന്റെ മനുഷ്യനെന്ന അവസ്ഥ നന്നാക്കിത്തീർക്കുന്നു. മനുഷ്യൻ ചെയ്യേണ്ടതായ നിർബന്ധ കാര്യ ചെയ്യുന്നില്ലെങ്കിൽ (അതായത് മനുഷ്യൻ ചെയ്യേണ്ടതായ നിർബന്ധ കാര്യങ്ങൾ അവൻ നിറവേറ്റുന്നില്ലെങ്കിൽ, അല്ലെങ്കിൽ നിശ്ചയിക്കപ്പെടുന്നില്ലെങ്കിൽ നോക്കേണ്ടതായിവരും)മനുഷ്യനാണോ? കഴുതയാണോ? അതോ മറ്റു വല്ലതുമാണോ എന്ന്. ഖുൽഖിൽ വ്യത്യാസമുണ്ടാകുമ്പോൾ രൂപം മാത്രമേ ഉണ്ടാകുകയുള്ളൂ." (മനുഷ്യനാകുന്നതിന് ഉന്നത സ്വഭാവങ്ങൾ നിർബന്ധമാണ്. സ്വഭാവം നല്ലതല്ലെങ്കിൽ, അവയിൽ വ്യത്യാസം വരികയാണെങ്കിൽ പിന്നെ മനുഷ്യന്റെ ബാഹ്യമായ രൂപം നിലനില്ക്കുകയും യഥാർഥ മനുഷ്യത്വം അവസാനിച്ചുപോകുകയും ചെയ്യുന്നു).

അവിടന്ന് പറയുന്നു:"ഉദാഹരണത്തിന് ബുദ്ധി നശിച്ചാൽ ഭ്രാന്തനെന്ന് പറയപ്പെടുന്നു. ബാഹ്യമായ നോക്കുമ്പോൾ രൂപത്തിൽമാത്രം മനുഷ്യൻ എന്നു പറയപ്പെടും." (ഭ്രാന്തനെ ബാഹ്യരൂപത്തിൽ മാത്രമാണ് മനുഷ്യൻ എന്നു പറയുന്നത്. പക്ഷേ, അവന് ബുദ്ധി ഒട്ടുംതന്നെയില്ല. മനുഷ്യനിലുണ്ടാകുന്ന ബുദ്ധി അവനിൽ ഇല്ലാതാകുന്നു) "സൽസ്വഭാവം കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കലാണ്." (ആ തൃപ്തി കാംക്ഷിക്കലെന്താണ്?)"അത് നബി(സ)തിരുമേനിയുടെ കർമപരമായ ജീവിതത്തിൽ ആപാദചൂഢം കാണാൻ കഴിയുന്നു." (സൽസ്വഭാവം എന്നു പറയുന്നത് അല്ലാഹു ആഗ്രഹിക്കുന്നതാണ്. നബി(സ)തിരുമേനിയുടെ ജീവിതത്തിൽ നമുക്ക് കാണാൻ കഴിയുന്നതെല്ലാമാണ് അല്ലാഹു ആഗ്രഹിക്കുന്നത്). "അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകലാണ്."(ഇതായിരിക്കണം നമ്മുടെ ലക്ഷ്യം. സൽസ്വഭാവംകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ സംതൃപ്തി കരസ്ഥമാകലാണ്). അതുകൊണ്ട് നബി(സ)തിരുമേനിയുടെ ജീവിത രീതി അനുസരിച്ച് നമ്മുടെ ജീവിതം ഉണ്ടാക്കാൻ ശ്രമിക്കേണ്ടത് നിർബന്ധമാണ്. ഈ സദ്ഗുണങ്ങൾ അടിത്തറ എന്ന നിലയിലുള്ളതാണ്. അത് ഇളകിക്കൊണ്ടിരുന്നാൽ അതിന്മേൽ കെട്ടിടം പണിതുയർത്താൻ സാധിക്കുകയില്ല. സൽസ്വഭാവമെന്നാൽ ഒരു ഇഷ്ടികയുടെമേൽ വേറൊരു ഇഷ്ടിക വെക്കലാണ്. ഇഷ്ടിക വളഞ്ഞിട്ടാണെങ്കിൽ ഭിത്തിയും വളഞ്ഞതായിരിക്കും. ആരോ പറഞ്ഞത് എത്ര വാസ്തവമാണ്:

ഖശ്ത്തെ ഔവ്വൽ ചൂ നഹ്ദ് മിഅ്മാർ കജ്
തഅഥ്രിയ യാമെ റവദ് ദീവാർ കജ്"

(അതായത് കല്ലാശാരി ആദ്യത്തെ കല്ലു തന്നെ ചിരിച്ചു വെച്ചാൽ അതിന്മേൽ പണിയുന്ന ഭിത്തിയും ആകാശംവരെ ചരിഞ്ഞുതന്നെ നില്ക്കുന്നതാണ്).(മൽഫൂദാത്ത് വാല്യം 1 പേജ് 132, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അവിടന്ന് പറയുന്നു:"ഇക്കാര്യങ്ങൾ അതീവ ശ്രദ്ധയോടെ കേൾക്കേണ്ടതാണ്. മിക്ക ആളുകളേയും ഞാൻ കാണുകയും ചിന്തിച്ചു പഠിക്കുകയും ചെയ്തിട്ടുള്ളത് ചിലർ ദാനധർമങ്ങൾ ചെയ്യാറുണ്ട്."(വലിയ ധർമിഷ്ഠനാണ്, ജനങ്ങൾക്ക് കൊടുക്കാറുമുണ്ട്)"പക്ഷേ, അതിനോടൊപ്പം ദ്വേഷപ്പെടുന്നവനും ക്ഷിപ്രകോപിയുമായിരിക്കും."(പെട്ടെന്ന് ദ്വേഷപ്പെടുന്നവനായിരിക്കും). "ചിലർ സൗമ്യരായിരിക്കും; പക്ഷേ, പിശുക്കന്മാരും." (വലിയ സൗമ്യരായിരിക്കും, മൃദുലസ്വഭാവമായിരിക്കും, പക്ഷേ, പിശുക്കന്മാരായിരിക്കും.)"ചിലർ കോപത്തിന്റേയും ദ്വേഷത്തിന്റേയും അവസ്ഥയിൽ ലാത്തികൊണ്ടടിച്ചടിച്ച് മുറിവേല്പിക്കുന്നു. എന്നാൽ, വിനയവും എളിമയും പേരിനുപോലും ഉണ്ടാകുകയില്ല. ചിലരിൽ വിനയവും എളിമയും അങ്ങേയറ്റത്തേതായിരിക്കും. പക്ഷേ, തന്റേടം തരിമ്പും ഉണ്ടാകുകയില്ല." (ദ്വേഷം വന്നാൽ വിനയവും എളിമയും ഒന്നും ഉണ്ടാകുകയില്ല. ഇനി വിനയവും എളിമയും കാണിക്കുകയാണെങ്കിൽ, ധൈര്യം കാണിക്കേണ്ട ആവശ്യമുള്ളപ്പോൾ ആ സൽഗുണം അവരിൽ അവസാനിച്ചുപോകുന്നു)

നബി(സ)തിരുമേനിയുടെ സൽസ്വഭാവങ്ങളെ സംബന്ധിച്ച് അവിടന്ന് പറയുന്നു: "അല്ലാഹു നബി(സ)തിരുമേനിയുടെ തേജോവിലാസത്തെ കുറിച്ച് പറഞ്ഞു:ഇന്നക്ക ലഅലാ ഖുലുഖിൻ അളീം ജീവിതത്തിന്റെ എല്ലാ രംഗത്തും അവിടന്ന് അതുല്യമായ സദ്ഗുണമാതൃകകളാണ് സ്ഥാപിച്ചത്. ഇതുകൊണ്ട് തങ്ങളുടെ കഴിവും യോഗ്യതയുമനുസരിച്ച് നടക്കുക എന്നത് എല്ലാ മുഅ്മിനീംകളുടേയും നിർബന്ധ കടമയാണ്."

നബി(സ)തിരുമേനിയെ കുറിച്ച് പറഞ്ഞു:"ഒരു കാലമുണ്ടായിരുന്നു. അവിടന്ന് അർഥഗാംഭീര്യമായ വിവരണത്താൽ ഒരു സംഘത്തെ ചിത്രത്തിന്റെ രൂപത്തിൽ അത്ഭുതപ്പെടുത്താറുണ്ടായിരുന്നു." വൻ സദസ്സ് സ്വാധീനിക്കപ്പെടുമാറുള്ള പ്രസംഗവും അർഥഗാംഭീര്യമായ വിവരണവുമായിരുന്നു അവിടന്ന് നല്കിയിരുന്നത്. അമ്പിന്റേയും വാളിന്റേയും രംഗത്ത് ധൈര്യം കാണിക്കുന്ന ഒരു സമയവും വന്നെത്തുന്നു. ദാനധർമങ്ങളിലേക്ക് വരുമ്പോൾ സ്വർണത്തിന്റെ മലയും വിതരണം ചെയ്യുന്നു. വിനയത്തിൽ തന്റെ തേജോവിലാസം പ്രകടിപ്പിക്കുമ്പോൾ നിർബന്ധമായും വധിക്കപ്പെടേണ്ടുന്നവരെ വിട്ടയക്കുന്നു. ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ അതുല്യവും തികവുറ്റതുമായ മാതൃകയാണ് അല്ലാഹു കാണിച്ചുതന്നത്."

അവിടന്ന് പറയുന്നു: "അതിന്റെ ഉദാഹരണം ഒരു വൻവൃക്ഷത്തിന്റേതാണ്. അതിന്റെ തണലിലിരുന്ന് അതിന്റെ എല്ലാ ഭാഗത്തുനിന്നും മനുഷ്യന് തന്റെ ആവശ്യങ്ങൾ പൂർത്തിയാക്കാവുന്നതാണ്. അതിന്റെ ഫലവും അതിന്റെ പൂവും അതിന്റെ തൊലിയും അതിന്റെ ഇലയുമെല്ലാം ഫലപ്രദമാണ്."

പിന്നീടു അവിടന്ന് നബി(സ)തിരുമേനിയുടെ സൽസ്വഭാവത്തെ കുറിച്ച് പറയുന്നു:"യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ അടുത്തുനില്ക്കുന്ന ആളെയാണ് ധീരനായി മനസ്സിലാക്കിയിരുന്നത്. കാരണം അവിടന്ന് വലിയ ഭയാനകമായ സ്ഥലത്തായിരിക്കും ഉണ്ടാകാറുണ്ടായിരുന്നത്. സുബ്ഹാനല്ലാഹ്! എന്തൊരു തേജോവിലാസമാണ്." പറയുന്നു:"ഖയ്സറിന്റേയും കിസ്റായുടേയും അടുക്കൽപോലും ഇല്ലാത്തത്ര കന്നുകാലികൾ നബി(സ)തിരുമേനിയുടെ കൈയിലുണ്ടാകുന്ന ഒരു സമയം വരുന്നു. അവിടന്ന് അതെല്ലാം ഒരു യാചകന് നല്കി." (ഇതാണ് സദ്ഗുണത്തിന്റെ പ്രകടനം). "കൈയിലൊന്നുമില്ലായിരുന്നെങ്കിൽ എന്ത് ദാനം നല്കാനാണ്?" (പിന്നെ മറ്റൊരു നിറമുണ്ട്). "ഭരണത്തിന്റെ നിറമില്ലായിരുന്നെങ്കിൽ നിർബന്ധമായും വധിക്കപ്പെടേണ്ടതായ അവിശ്വാസികൾക്ക് പ്രതികാരം വീട്ടാനുള്ള സകല കഴിവുകളുണ്ടായിട്ടും പൊറുത്തു കൊടുക്കുക എന്ന ഗുണം എങ്ങനെ സ്ഥാപിതമാകാനാണ്."(ശക്തിയുണ്ട്, കഴിവുണ്ട്, എന്നിട്ടും പൊറുത്തുകൊടുത്തു). ആദരണീയരായ സ്വഹാബാക്കളേയും നബി(സ)തിരുമേനിയെതന്നെയും മുസ്‌ലീം സ്ത്രീകളേയും കഠിനമായി ദ്രോഹിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്തിരുന്നവർ മുമ്പിൽ വന്നപ്പോൾ ലാ തഥ്രീബ അലയ്ക്കുമുൽയൗം ഞാൻ ഇന്ന് നിങ്ങൾക്ക് പൊറുത്തുതന്നിരിക്കുന്നു എന്ന് അവിടന്ന് പറഞ്ഞു. ആ അവസ്ഥകളുണ്ടായിരുന്നില്ലെങ്കിൽ നബി(സ)തിരുമേനിയുടെ അത്തരം ഉദാത്തമായ സദ്ഗുണങ്ങൾ എങ്ങനെ വെളിപ്പെടാനാണ്." അവിടന്ന് പറയുന്നു: "ആ മഹാത്മാവിൽ ഇല്ലാത്തതും സമ്പൂർണമായി ഇല്ലാത്തതുമായ ഏതെങ്കിലും സദ്ഗുണങ്ങൾ പറഞ്ഞു തരിക."(മൽഫൂദാത്ത് വാല്യം 1 പേജ് 132-134, 1985 ലണ്ടൻ പതിപ്പ്)

ഇതാണ് സമ്പൂർണമായ മാതൃകകൾ. ഈ മഹാത്മാവിനെക്കുറിച്ച് അല്ലാഹു പറഞ്ഞു, ഈ റസൂലിന്റെ ജീവിതമാതൃകയെ നിങ്ങളുടെ ശക്തിയും കഴിവും അനുസരിച്ച് നിങ്ങളും പിൻപറ്റുക. ഈ ജീവിതമാതൃകയെ പിൻപറ്റുന്നതിന് ശ്രമിക്കേണ്ടതായിവരും. ഒരു കഠിനപ്രയത്നം ചെയ്യേണ്ടതായിവരും. ആ ജീവിതമാതൃകയനുസരിച്ച് തങ്ങൾ എങ്ങനെ നടക്കാനാണ്? എന്ന വെറും ചോദ്യം മതിയാകുകയില്ല. ഇത് അല്ലാഹുവിന്റെ റസൂലിന്റെ വലിയ ഉന്നതമായ മാതൃകകളാണ്. അതിനെ നിങ്ങൾ പിൻപറ്റണമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹു അത് സ്വായത്തമാക്കാൻ കല്പിച്ചിരിക്കുന്നു. അപ്പോൾ അതിനുള്ള ശ്രമവും അധ്വാനവും നിർബന്ധമാണ്. ഇതുസംബന്ധമായി അവിടന്ന് പറയുന്നു:

മനുഷ്യൻ കഠിനപ്രയത്നം ചെയ്യാത്തിടത്തോളം, ദുആ ചെയ്യാത്തിടത്തോളം മനസ്സിൽ പതിയുന്ന ആ യാതന അകലുകയില്ല. കഠിനപ്രയത്നം ചെയ്യാത്തിടത്തോളം, ദുആ ചെയ്ത് പ്രവൃത്തിക്കാത്തിടത്തോളം മനസ്സിലുണ്ടായിട്ടുള്ള കടുപ്പത്തിന്റേയും ഇരുട്ടിന്റേയും തടസം അകലുകയില്ല. അതിനോടൊപ്പം ശ്രമവും ദുആയും, രണ്ടുകാര്യങ്ങളും അനിവാര്യമാണ്. അല്ലാഹു പറയുന്നു: ഇന്നല്ലാഹ ലാ യുഗയ്യിറു മാ ബി ഖൗമിൻ ഹത്താ യുഗയ്യിറൂ മാ ബി അൻഫുസിഹിം അതായത് ജനതയുടെമേൽവരുന്ന എല്ലാ തരം വിപത്തുകളേയും നാശങ്ങളേയും ആ ജനത സ്വയം അകറ്റാൻ ശ്രമിക്കാത്തിടത്തോളം, ധൈര്യം കാണിക്കാത്തിടത്തോളം തന്റേടത്തോടെ പ്രവർത്തിക്കാത്തിടത്തോളം അല്ലാഹു അകറ്റുകയില്ല.(13:12) പറയുന്നു: ഇത് അല്ലാഹുവിന്റെ അചഞ്ചലമായ നടപടിക്രമമാണ്. വ ലൻ തജിദ ലിസുന്നത്തില്ലാഹി തബ്ദീലാ അല്ലാഹുവിന്റെ നടപടി ക്രമത്തിന് നീ ഒരു മാറ്റവും ഒരിക്കലും കാണുകയില്ല.(33:63)നമ്മുടെ ജമാഅത്താണെങ്കിലും മറ്റാരാണെങ്കിലും കഠിനപ്രയത്നത്തോടും ദുആയോടുംകൂടി പ്രവർത്തിക്കാതെ തങ്ങളുടെ സ്വഭാവങ്ങളിൽ മാറ്റം വരുത്താൻ സാധ്യമല്ല."(മൽഫൂദാത്ത് വാല്യം 1 പേജ് 137, 1985 ലണ്ടൻ പതിപ്പ്)

മനുഷ്യന്റെ സ്വഭാവങ്ങൾ എത്രമാത്രം അധഃപതിച്ചതാണെങ്കിലും, നന്നാക്കാൻ ആഗ്രഹിച്ചാൽ നന്നാക്കാൻ കഴിയുന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു. മുമ്പേ പറഞ്ഞതുപോലെ അതിന് കഠിനാധ്വാനം ചെയ്യേണ്ടിവരും. അവിടന്ന് ഇതുസംബന്ധമായി തത്ത്വചിന്തകന്മാരുടെ വീക്ഷണങ്ങളും സ്മരിക്കുകയുണ്ടായി. ഒരു ഉദാഹരണവും നല്കി. അവിടന്ന് പറയുന്നു:"സ്വഭാവങ്ങളിലുണ്ടാകുന്ന മാറ്റങ്ങളിൽ തത്ത്വചിന്തകന്മാരുടെ രണ്ടഭിപ്രായമുണ്ട്. ഒരുകൂട്ടർ വിശ്വസിക്കുന്നത് മനുഷ്യന് സ്വഭാവങ്ങൾ മാറ്റിയെടുക്കാൻ കഴിവുണ്ട് എന്നാണ്. രണ്ടാമത്തേത് സാധ്യമല്ലെന്ന് വിശ്വസിക്കുന്നവരാണ്. മടിയും അലസതയും ഉണ്ടാകരുതെന്നതാണ് യഥാർഥ കാര്യം. കൈയും കാലും ഇളക്കിയാൽ മാറ്റം ഉണ്ടാകാവുന്നതാ

ണ്. (മടികാണിക്കരുത്. കഠിനാധ്വാനം ചെയ്യുക. എന്നാൽ, സ്വഭാവങ്ങൾ മെച്ചപ്പെടാവുന്നതാണ്). പറഞ്ഞു: എനിക്കിവിടെ ഒരു സംഭവകഥ ഓർമവരികയാണ്. ഗ്രീസുകാരുടെ പ്രശസ്തനായ തത്ത്വശാസ്ത്ര ചിന്തകൻ പ്ലാറ്റോവിന്റെ അടുക്കൽ ഒരാൾ വന്നു. വാതിൽക്കൽനിന്നുകൊണ്ട് ഉള്ളിൽ വിവരം അറിയിച്ചു.വരുന്ന ആളുടെ മുഖാകൃതിയും ചിത്രവും മനസ്സിലാക്കാത്തിടത്തോളം ഉള്ളിൽ വരാൻ അനുവദിക്കാതിരിക്കുക എന്നതായിരുന്നു പ്ലാറ്റോയുടെ നിയമം. അയാളുടെ മുഖാകൃതിയും ബാഹ്യമായ അവസ്ഥ തുടങ്ങിയവയും അറിയാതെ ഉള്ളിൽ വരാൻ സമ്മതിച്ചിരുന്നില്ല. അദ്ദേഹം മുഖലക്ഷണവിദ്യകൊണ്ട് വരുന്നയാൾ എങ്ങനെയുള്ള വ്യക്തിയാണെന്ന് മനസ്സിലാക്കിയിരുന്നു. എങ്ങനെയുള്ള വ്യക്തിയാണെന്ന് ഇക്കാര്യങ്ങളാൽ അനുമാനിക്കാറുണ്ടായിരുന്നു. ജോലിക്കാരൻ വന്ന് അയാളുടെ മുഖാകൃതി പതിവുപോലെ പറഞ്ഞു. താങ്കളിൽ നിന്ദ്യമായ സ്വഭാവങ്ങൾ അധികമായിട്ടുള്ളതുകൊണ്ട് കാണാൻ ആഗ്രഹിക്കുന്നില്ലെന്ന് അയാളോടു പറയാൻ ജോലിക്കാരനോടു പ്ലാറ്റോ പറഞ്ഞുവിട്ടു. താങ്കൾ തരംതാണ സ്വഭാവങ്ങളുടെ ഉടമയായതുകൊണ്ട് കാണാൻ ആഗ്രഹിക്കുന്നില്ലെന്ന് പ്ലാറ്റോ പറഞ്ഞതായി ജോലിക്കാരൻ അയാളെ അറയിച്ചു. ഈ മറുപടി കേട്ടപ്പോൾ 'താങ്കൾ എന്തൊന്നാണോ പറഞ്ഞത് അത് ശരിയാണെന്നും എന്നാൽ, ഞാനെന്റെ നിന്ദ്യമായ ശീലങ്ങൾ ഉന്മൂലനം ചെയ്ത് നന്നായിരിക്കുന്നുവെന്നും താങ്കൾ പോയി പറയുക' എന്ന് വന്നയാൾ ജോലിക്കാരനോടു പറഞ്ഞു. അതു കേട്ട് പ്ലാറ്റോ പറഞ്ഞു, 'അതിനു സാധ്യതയുണ്ട്.' അങ്ങനെ അയാളെ ഉള്ളിലേക്ക് വിളിക്കുകയും അങ്ങേയറ്റം ആദരവോടും ബഹുമാനത്തോടും കൂടി അയാളുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.' അവിടന്ന് പറഞ്ഞു:സ്വഭാവങ്ങൾക്ക് മാറ്റം വരുത്താൻ കഴിയില്ലെന്ന് പറയുന്നവർ അബദ്ധത്തിലാണുള്ളത്. ചില ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായി നാം കാണാറുണ്ട്. അവർ സത്യസന്ധമായി പശ്ചാത്തപിച്ചു മടങ്ങുമ്പോൾ പിന്നെ മലയോളം സ്വർണം നല്കിയാലും അതിലേക്ക് നോക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1 പേജ് 137-138, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അവിടന്ന് സ്വഭാവസംസ്കരണത്തിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ട് ഒരു ഉദാഹരണം പറഞ്ഞു:"മനുഷ്യനിൽ ഒരുഭാഗത്ത് സൃഷ്ടിപ്പിൽ പോരായ്മയുടെ കാലം വരുന്നു." (അതായത് അവന്റെ നിർമിതിയിൽ, ശരീരത്തിന്റെ ബാഹ്യമായ നിർമിതിയിൽ) "ബലക്ഷയം ഉണ്ടാകാൻ തുടങ്ങുന്നു. അതിന് വാർധക്യം എന്നാണ് പറയുന്നത്. ആ നേരത്ത് കണ്ണുകൾ അതിന്റെ പ്രവർത്തനം ഉപേക്ഷിക്കുന്നു. ചെവി കേൾക്കാൻ കഴിയാതെ വരുന്നു. ചുരുക്കത്തിൽ ശരീരത്തിന്റെ ഓരോ അവയവവും അവരുടെ ജോലികൾ ഉപേക്ഷിക്കുന്ന സ്ഥിതിയിലേക്ക് അടുത്തടുത്ത് വരുന്നു. ഇപ്രകാരംതന്നെ വാർധക്യകാലവും രണ്ടുതരത്തിലുണ്ട്." (അല്ലെങ്കിൽ വാർധക്യം രണ്ടുതരത്തിലുണ്ടാകുന്നു). പ്രകൃതിപരവും പ്രകൃതിപരമല്ലാത്തതും. പ്രകൃതിപരമെന്നത് മുകളിൽ പറഞ്ഞതാണ്.(ബാഹ്യമായ ശരീരത്തിന്റെ വാർധക്യം. ഇത് പ്രകൃതിപരമായ വാർധക്യമാണ്). തനിക്കു വരാൻപോകുന്ന രോഗങ്ങൾ ചിന്തിക്കാതിരിക്കുക എന്നതാണ് പ്രകൃതിപരമല്ലാത്തത്." (രോഗങ്ങളെ കുറിച്ച് ചിന്തിക്കാതിരിക്കുക). "അങ്ങനെ ചിന്തിച്ചാൽ അത് മനുഷ്യനെ ബലഹീനനാക്കി അകാലത്തിൽ വൃദ്ധനാക്കുന്നതാണ്."

(വൃദ്ധനാക്കും. ചിന്തിക്കാതിരുന്നാൽ) ശാരീരിക വ്യവസ്ഥിതിപോലെ വാർധക്യം ഉണ്ടാകുന്നതാണ്. (രോഗങ്ങൾക്ക് ചികിത്സിക്കുന്നില്ലെങ്കിൽ ശരീരം ക്ഷീണിക്കുന്നതാണ്. ശാരീരിക വ്യവസ്ഥിതിയിൽ ഈ രണ്ടുരീതിയിലുള്ള മാർഗമാണുള്ളത്. ഒന്ന് പ്രായമാകുന്നതിനനുസരിച്ചുള്ള വാർധക്യം. ഒന്ന് പ്രകൃതിപരമല്ലാത്ത വാർധക്യം. അത് ചില കാരണങ്ങളാലാണ് വരുന്നത്. ഒന്നുകിൽ ശക്തിക്ഷയം സംഭവിക്കുന്നു. അല്ലെങ്കിൽ സൂക്ഷ്മത ഇല്ലാത്തകാരണത്താൽ സംഭവിക്കുന്നു.)പറഞ്ഞു: "ഇതുപോലെതന്നെ ആഭ്യന്തരവും ആത്മീയവുമായ വ്യവസ്ഥതിയിലും ഉണ്ടാകുന്നു. (ഒന്ന് ബാഹ്യമായ വ്യവസ്ഥിതിയിൽ എപ്രകാരം ഈ രണ്ടുതരത്തിലുള്ള വാർധക്യമുണ്ടാകുന്നുവോ അപ്രകാരം ആന്തരികവും ആത്മീയവുമായ വ്യവസ്ഥിതിയിലും രണ്ടുതരത്തിലുള്ള വാർധക്യമുണ്ട്). "ആരെങ്കിലും തന്റെ ദുസ്സ്വഭാവങ്ങളെ ഉൽകൃഷ്ടമായ സ്വഭാവത്തിലും സൽസ്വഭാവങ്ങളിലും മാറ്റാൻ ശ്രമിക്കുന്നില്ലെങ്കിൽ" (ദുഷ്ചിന്താഗതികളെ നല്ല ചിന്തകളിലേക്കും നല്ല കാര്യങ്ങളിലേക്കും മാറ്റാൻ ശ്രമിക്കുന്നില്ലെങ്കിൽ) അവന്റെ ധാർമികാവസ്ഥ അധഃപതനാവസ്ഥയിലക്ക് തികച്ചും വീണുപോകുന്നു. എല്ലാ ഓരോ രോഗത്തിനും മരുന്നുണ്ട് എന്നാൽ, മടിയും അലസതയും മനുഷ്യനുമേൽവിജയം വരിച്ചാൽ നാശമല്ലാതെ ഒന്നും ഉണ്ടാകുകയില്ലെന്ന നബി(സ) തിരുമേനിയുടേയും വിശുദ്ധ ഖുർആനിന്റേയും അധ്യാപനങ്ങളിൽനിന്ന് വളരെ വ്യക്തമായും സ്ഥാപിതമായി കഴിഞ്ഞ കാര്യമാണിത്. ഇങ്ങനെ സ്വതന്ത്രമായി ഒരു വൃദ്ധനെപോലെ ജീവിക്കുകയാണെങ്കിൽ എങ്ങനെ രക്ഷപ്പെടാൻ സാധിക്കുന്നതാണ്."(മൽഫൂദാത്ത് വാള്യം 1 പേജ് 136-137, 1985 ലണ്ടൻ പതിപ്പ്)

ഇപ്പോൾ ആ മടി അകറ്റുന്നതിനുള്ള സാഹചര്യം അല്ലാഹു ഒരുക്കിയിരിക്കുന്നു. ഈ മാസത്തിൽ സ്വഭാവങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കും എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. മറ്റു ദൗർബല്യങ്ങളിൽനിന്നും പാപങ്ങളിൽനിന്നും രക്ഷപ്പെടുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ശ്രദ്ധിച്ചില്ലെങ്കിൽ ഈ ചുറ്റുപാടുണ്ടായിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ മനുഷ്യൻ വാർധക്യാവസ്ഥയിലേക്ക് പൊയ്പോകുന്നതാണ്. അതിൽ ജീവിതത്തിന്റെ അവസാനമാണ്. പിന്നീട് തൗബ കൂടാതെയായിരിക്കും അല്ലാഹുവിന്റെ സന്നിധിയിൽ മനുഷ്യൻ ഹാജരാകുക.

പിന്നീട് സൽസ്വഭാവം കരസ്ഥമാക്കുന്നതിന് തൗബയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"തൗബ അഥവാ പശ്ചാത്താപം യഥാർഥത്തിൽ സൽസ്വഭാവം കരസ്ഥമാക്കുന്നതിന് വലിയ ചാലകശക്തിയും സഹായിയുമാണ്." (ശ്രേഷ്ഠമായ സ്വഭാവം കരസ്ഥമാക്കണമെങ്കിൽ അതും തൗബയിലൂടെയാണ് കരസ്ഥമാകുന്നത്. കേവലം പാപത്തിൽനിന്ന് മാപ്പു ചോദിച്ചു എന്നതല്ല തൗബ. പ്രത്യുത ഉദാത്തമായ സ്വഭാവത്തിൽ നടക്കണമെങ്കിൽ, അത് കരസ്ഥമാക്കണമെങ്കിൽ അതിനും തൗബ വളരെ അത്യാവശ്യമാണ്). പറയുന്നു: "മനുഷ്യനെ സമ്പൂർണനാക്കുന്നു. അതായത് ആരാണോ തങ്ങളുടെ ദുസ്സ്വഭാത്തിൽനിന്ന് മാറ്റം ആഗ്രഹിക്കുന്നത് അവർ സത്യഹൃദയത്തോടും ഉറച്ച തീരുമാനത്തോടും കൂടി തൗബ ചെയ്യേണ്ടത് നിർബന്ധമാണ്. സൽസ്വഭാവം കരസ്ഥമാക്കുന്നതിന് പശ്ചാത്താപം വലിയ ചാലക ശക്തിയും സഹായിയുമാണ്. യഥാർഥ തൗബയ്ക്ക് മൂന്നു നിബന്ധനകളുണ്ടെന്ന കാര്യവും ഓർമവെക്കേണ്ടതാണ്. ഇതു പൂർത്തിയാക്കാതെ തൗബത്തുന്നുസൂഹ് എന്ന് പറയുന്ന സത്യസന്ധമായ തൗബ കരസ്ഥമാകുകയില്ല.

ഈ എല്ലാ നിബന്ധനകളിലുംവച്ച് ഒന്നാമത്തെ നിബന്ധനയ്ക്ക് അറബി ഭാഷയിൽ ഇഖ്‌ലാ എന്നാണ് പറയുന്നത്. അതായത് ഈ ചീത്തസ്വഭാവങ്ങളുടെ ചാലകശക്തിയായ ദുശ്ചിന്താഗതികളെ അകറ്റുക. (തടയേണ്ടതായ കാര്യങ്ങൾ, ശീലങ്ങൾ, വ്യർഥമായ ചിന്താഗതികൾ, ദുസ്വഭാവങ്ങൾ തുടങ്ങിയവ അകറ്റുകയാണ് ഒന്നാമത്തെ നിബന്ധന. അതെങ്ങനെയാണ് അകറ്റേണ്ടത്). പറഞ്ഞു, "സങ്കല്പങ്ങൾക്ക് വളരെ വലിയ സ്വാധീനമുണ്ടെന്നതാണ് വാസ്തവം." (എങ്ങനെയാണ് അകറ്റേണ്ടതെന്നതിന് വിശദീകരണം നല്കുന്നു, ഏതെങ്കിലും കാര്യത്തെ മനുഷ്യൻ സങ്കല്പിക്കുമ്പോൾ അതിന്റെ വളരെ വലിയ സ്വാധീനം മനുഷ്യന്റെ സ്വഭാവത്തിലുണ്ടാകുന്നു). "കാരണം കർമപഥത്തിൽ വരുന്നതിന് മുമ്പേ എല്ലാ ഓരോ കർമവും ഒരു സാങ്കല്പികമായ രൂപം ഉൾക്കൊള്ളുന്നുണ്ട്." (ഏതെങ്കിലും ജോലി ചെയ്യുന്നതിന് അല്ലെങ്കിൽ ഏതെങ്കിലും കാര്യയോ ചിന്തയോ കർമത്തിൽ വരുമ്പോൾ അതിനുമുമ്പേ അതൊരു ഭാവന ആയിരിക്കും. സങ്കല്പം ആയിരിക്കും)."അതിനാൽ തൗബയ്ക്കുള്ള ഒന്നാമത്തെ നിബന്ധന ഈ ദുശ്ചിന്താഗതികളേയും ദുർഭാവനകളേയും ഉപേക്ഷിക്കുക എന്നാതാണ്."

ഉദാഹരണത്തിന് ഒരാൾ ഏതെങ്കിലും സ്ത്രീയുമായി അവിഹിതബന്ധം വെക്കുന്നുണ്ടെങ്കിൽ അവന് തൗബ ചെയ്യാൻ ആദ്യം നിർബന്ധമായത് അവളുടെ രൂപം വികൃതമായി കാണുക എന്നതാണ്. അവളുടെ എല്ലാ ദുശ്ശൈതികളേയും മനസ്സിൽ ഓർക്കുക. കാരണം ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ ഭാവനകളുടെ സ്വാധീനം വളരെ ശക്തമായ സ്വാധീനമാണ്. ഞാൻ സ്വൂഫികളുടെ സ്മരണകളിൽ വായിച്ചിട്ടുണ്ട്, അവർ ഭാവനയെ എത്രത്തോളമെത്തിച്ചെന്നാൽ മനുഷ്യനെ കുരങ്ങന്റേയും പന്നിയുടേയും രൂപത്തിൽ കണ്ടു. ഓരോരുത്തരുടേയും ഭാവനയ്ക്കനുസരിച്ചായിരിക്കും നിറംപിടിക്കുന്നത്. അതിനാൽ ദുശ്ചിന്താഗതികളുടെ ആസ്വാദനത്തിന് കാരണമായി മനസ്സിലാക്കുന്നവയെ ഉന്മൂലനം ചെയ്യുക. ഇത് ഒന്നാമത്തെ നിബന്ധനയാണ്."(ഭാവനയിൽ അവയെ ചീത്തയായി മനസ്സിലാക്കുക)

"രണ്ടാമത്തേത് ലജ്ജയാണ്. ലജ്ജ പ്രകടിപ്പിക്കുക. തിന്മകൾ ചെയ്യുമ്പോഴെല്ലാം മനുഷ്യനെ ജാഗരൂകനാക്കാനുള്ള ശക്തി എല്ലാ ഓരോ മനുഷ്യന്റേയും കോൺഷ്യൻസ് ഉൾക്കൊള്ളുന്നുണ്ട്. എന്നാൽ, ദുഷ്ടനായ മനുഷ്യൻ അതിനെ പ്രയോജനപ്പെടുത്താതെ വിട്ടു കളയുന്നു." (അവന്റെ ഉള്ളിൽ അല്ലാഹു വെച്ചിരിക്കുന്ന കഴിവിനെ പ്രയോജനപ്പെടുത്തുന്നില്ല.)"അതിനാൽ പാപവും തിന്മയും ഉണ്ടാകുമ്പോൾ ലജ്ജ പ്രകടിപ്പിക്കേണ്ടതാണ്. ഈ ആസ്വാദനങ്ങൾ തൽക്കാലത്തേക്കും ചിലദിവസങ്ങളിലേക്കുമുള്ളതാണെന്ന് വിചാരിക്കുക." (ഈ ലോകത്തെ ആസ്വാദനങ്ങൾ തികച്ചും താൽക്കാലികമാണ്, കുറച്ചു ദിവസത്തേക്കുള്ളതാണ്.)"ഓരോ പ്രാവശ്യവും ഈ ആസ്വാദനത്തിലും ആനന്ദത്തിലും കുറവു വന്നുകൊണ്ടിരിക്കുന്നുവെന്നും വർധക്യത്തിലെത്തി ശക്തികൾ ക്ഷയിക്കുകയും ദുർബലമാവുകയും ചെയ്യുമ്പോമ്പോൾ അവസാനം ഈ ലോകത്തെ എല്ലാ ആസ്വാദനങ്ങളും ഉപേക്ഷിക്കേണ്ടിവരുമെന്നും ചിന്തിക്കുക. ജീവിതത്തിൽത്തന്നെ ഈ എല്ലാ ആസ്വാദനങ്ങളും ഉപേക്ഷിക്കേണ്ടിവരുമ്പോൾ അവ ചെയ്യുന്നതുകൊണ്ട് എന്ത് ലഭിക്കാനാണ്? പശ്ചാത്താപത്തിലേക്ക് മടങ്ങുന്ന മനുഷ്യൻ വലിയ സൗഭാഗ്യവാനാണ്. അതിൽ ആദ്യം 'ഇഖ്‌ലാ' ന്റെ വിചാരമുണ്ടാകണം. അതായത് ചീത്തസ്വഭാവങ്ങളുടെ ചാലകശക്തിയായ ദുശ്ചിന്താഗതികളെ ഉന്മൂലനം ചെയ്യുക. ഈ മാലിന്യവും അശുദ്ധിയും പുറത്തുപോയാൽ താൻ ചെയ്തുപോയതിൽ ലജ്ജിക്കണം."

"മൂന്നാമത്തെ നിബന്ധന ദൃഢനിശ്ചയമാണ്. ഇനി ഒരിക്കലും ഈ തിന്മകളിലേക്ക് പോകുകയില്ലെന്ന് ദൃഢമായും തീരുമാനിക്കുക. അതു തുടർന്നുകൊണ്ടിരിക്കുമ്പോൾ അല്ലാഹു അവന് സത്യസന്ധമായ തൗബ ചെയ്യാൻ തൗഫീഖ് നല്കുന്നതാണ്. അങ്ങനെ ആ തിന്മകളൊക്കെ അവനിൽനിന്ന് മാഞ്ഞുപോയി സൽസ്വഭാവങ്ങളും സ്തുത്യർഹമായ കർമങ്ങളും തൽസ്ഥാനം പിടിച്ചെടുക്കുന്നതാണ്. ഇത് ധാർമികഗുണത്തിനുമേലുള്ള വിജയമാണ്." പറഞ്ഞു: "അതിൽ ശക്തിയും കഴിവും പ്രദാനം ചെയ്യേണ്ടത് അല്ലാഹുവിന്റെ ജോലിയാണ്. കാരണം അന്നൽ ഖുവ്വത്ത ലില്ലാഹി ജമീആ എല്ലാ ശക്തികളുടേയും കഴിവുകളുടേയും ഉടമസ്ഥൻ അവനാണ്.(2:166) എല്ലാ കഴിവുകളും അല്ലാഹുവിനുള്ളതാണ്. മനുഷ്യൻ

അങ്ങേയറ്റം ദുർബലനാണ്. ദുർബല അസ്തിത്വമാണവൻ. ഖുലിഖൽ ഇൻസാനു ളഈഫ എന്നതാണ് അവന്റെ യാഥാർഥ്യം; മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. (4:29) അതിനാൽ അല്ലാഹുവിൽനിന്ന് ശക്തി സംഭരിക്കുന്നതിന് മുകളിൽ പറഞ്ഞ എല്ലാ നിബന്ധനകളേയും പൂർണമാക്കി മനുഷ്യൻ മടിയും അലസതയും ഉപേക്ഷിക്കുകയും എപ്പോഴും ജാഗരൂകനായി അല്ലാഹുവിനോടു ദുആയിരക്കുകയും ചെയ്യുക. അല്ലാഹു സ്വഭാവങ്ങൾ മാറ്റുന്നതായിരിക്കും."(മൽഫൂദാത്ത് വാള്യം 1 പേജ് 138-140, 1985 ലണ്ടൻ പതിപ്പ്)

പിന്നീടു ഈ ദുസ്വഭാവങ്ങൾ ഉപേക്ഷിക്കുന്നതിനുള്ള പരിശ്രമമാണ്. ഒരു ധൈര്യവാന്റെ ഉദാഹരണം നല്കിക്കൊണ്ടു അവിടന്ന് പറയുന്നു: "നമ്മുടെ ജമാഅത്തിൽ കരബലമുള്ളവനേയും കായികതാരത്തിന്റെ കരുത്തുള്ളവനേയുമല്ല നാം ഉദ്ദേശിക്കുന്നത്. ഗുസ്തിക്കാരന്റെ കരുത്തുള്ള ആരേയും നമുക്കുവേണ്ട. നാം ഉദ്ദേശിക്കുന്ന കരുത്തുള്ളവർ സ്വഭാവങ്ങളുടെ മാറ്റത്തിനുവേണ്ടി പ്രയത്നിക്കുന്നവരാണ്. മലയെ അതിന്റെ സ്ഥാനത്തുനിന്ന് മാറ്റുന്നവൻ കരബലമുള്ളവനോ ശക്തവാനോ അല്ലെന്നുള്ളത് ഒരു യാഥാർഥ്യമാണ്." (മലയെ അതിന്റെ സ്ഥാനത്തുനിന്ന് നീക്കുന്നവനല്ല ശക്തവാൻ). പറഞ്ഞു:"സ്വഭാവത്തിൽ മാറ്റമുണ്ടാക്കാൻ കഴിവുള്ളവനാണ് യഥാർഥ ധൈര്യശാലി. അതിനാൽ സകല മനക്കരുത്തും ശക്തിയും സ്വഭാവങ്ങളുടെ മാറ്റത്തിനായി ചെലവഴിക്കുക. കാരണം ഇതാണ് യഥാർഥ ശക്തിയും ധീരതയും."(മൽഫൂദാത്ത് വാള്യം 1 പേജ് 140, 1985 ലണ്ടൻ പതിപ്പ്)

വീണ്ടും പറയുന്നു:"സ്വഭാവങ്ങളുടെ അവസ്ഥ എങ്ങനെയുള്ള കറാമത്താണെന്നാൽ അതിനുനേരെ വിരൽ ചൂണ്ടാൻ ആർക്കും സാധിക്കുകയില്ല. ഇക്കാരണത്താലാണ് നമ്മുടെ നബി(സ)തിരുമേനിക്ക് ഏറ്റവും വലുതും ശക്തവുമായ ബഹുമതിയായി ധാർമികഗുണം നല്കപ്പെട്ടിരിക്കുന്നത്. ഇന്നക്ക ലഅലാ ഖുലുഖിൻ അളീം എന്ന് പറഞ്ഞിട്ടുള്ളതുപോലെ;നീ മഹത്തായ ധാർമികഗുണങ്ങളുള്ളവൻ തന്നെയാണ്.(68:5)നബി(സ)തിരുമേനിയുടെ എല്ലാവിധ ദിവ്യാത്ഭുതശക്തിയും എല്ലാ നബിമാരുടേയും(അ)ദിവ്യാത്ഭുതങ്ങളെക്കാൾ ഉയർന്നതാണെന്ന് മാത്രമല്ല അവിടത്തെ ധാർമികപരമായ ദിവ്യാത്ഭുതത്തിന്റെ നമ്പർ അവരെക്കാളെല്ലാം ഒന്നാം സ്ഥാനത്താണുള്ളത്. ലോകചരിത്രത്തിൽ അതിന് ഉദാഹരണം പറയാനോ സമർപിക്കാനോ പറ്റുകയില്ല."

അവിടന്ന് പറയുന്നു:"തങ്ങളുടെ ദുസ്വഭാവങ്ങൾ ഉപേക്ഷിച്ച് ദുശ്ശീലങ്ങളെ വിട്ടുകൊണ്ട് സൽസ്വഭാവങ്ങൾ എടുക്കുന്നവർക്ക് (തിന്മകൾ ഉപേക്ഷിച്ച് നന്മകൾ സ്വീകരിക്കുന്നവർക്ക് )അതേ കറാമത്ത് അഥവാ അമാനുഷികത തന്നെയാണുള്ളത്. ഉദാഹരണത്തിന് വളരെ കാർക്കശ്യസ്വഭാവമുള്ളവനും കോപാവേശമുണ്ടാകുന്നവനുമായ വ്യക്തി ആ ദുശ്ശീലം ഉപേക്ഷിച്ച് സൗമ്യതയും ക്ഷമയും കൈക്കൊള്ളുകയും ചെയ്യുമ്പോൾ പിശുക്ക് ഉപേക്ഷിച്ച് ദാനശീലതയും അസൂയയ്ക്കുപകരം സഹതാപവും കരസ്ഥമാക്കുമ്പോൾ അത് കറാമത്തുതന്നെയാണ്. ഇപ്രകാരംതന്നെ ആത്മപ്രശംസയും സ്വാർഥതയും ഉപേക്ഷിച്ച് വിനയവും എളിമയും കരസ്ഥമാക്കുമ്പോൾ ആ വിനയവും കറാമത്താണ്. കറാമത്തുള്ളവനാകാതിരിക്കാൻ നിങ്ങളിലാരാണ് ആഗ്രഹിക്കുന്നത്? എല്ലാവരും ഇതാഗ്രഹിക്കുന്നവരാണെന്ന് എനിക്കറിയാം. അതിനാൽ ഇതൊരു അനശ്വരവും ജീവസുറ്റതുമായ കറാമത്താണ്. മനുഷ്യൻ ധാർമികമായ അവസ്ഥയെ നന്നാക്കുക. കാരണം ഒരിക്കലും സ്വാധീനം മങ്ങിപ്പോകാത്തവിധമുള്ള കറാമത്താണിത്. എന്നല്ല ഫലം ദീർഘനാൾ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. സത്യവിശ്വാസികൾ സൃഷ്ടികളുടേയും സ്രഷ്ടാവിന്റേയും മുമ്പിൽ കറാമത്തുള്ളവരാകേണ്ടതാണ്." (അല്ലാഹുവിന്റെ സൃഷ്ടികളുടെ മുമ്പിലും അല്ലാഹുവിന്റെ മുമ്പിലും ഒരു കറാമത്ത്-അമാനുഷികസിദ്ധിയുള്ളവനാകേണ്ടതാണ്. ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കുക, വിനയമുണ്ടാക്കുക, സ്വാർഥത ഉപേക്ഷിക്കുക, വിനയം കൈക്കൊള്ളുക, ദാനശീലമുണ്ടാക്കുക, അസൂയയുടെ ശീലം ഒഴിവാക്കുക, സഹതാപശീലമുണ്ടാക്കുക തുടങ്ങിയ സൽഗുണങ്ങൾ സ്വീകരിക്കുകയും തിന്മകൾ ഉപേക്ഷിക്കുകയും ചെയ്താൽ ഇത് അല്ലാഹുവിന്റെ സൃഷ്ടികളുടെ പക്കലും അല്ലാഹുവിന്റെ പക്കലും കറാമത്താണ്). പറഞ്ഞു:"എന്തെങ്കിലും അമാനുഷികമായ അടയാളം കണ്ട് വിശ്വസിക്കാത്ത ധാരാളം അധർമികളും സുഖലോലുപന്മാരും ധാർമികമായ അവസ്ഥയ്ക്കുമുമ്പിൽ തലകുനിച്ചതായി കണ്ടിട്ടുണ്ട്. അംഗീകരിക്കുകയും വിശ്വസിക്കുകയും എന്നല്ലാതെ മറ്റൊരുവഴിയും അവർക്കു ലഭിച്ചില്ല. ധാരാളമാളുകളുടെ ജീവിതചരിത്രത്തിൽ, അവർ ധാർമികമായ കറാമത്തുകൾ കണ്ടിട്ടാണ് സത്യദീൻ സ്വീകരിച്ചതെന്ന് നിങ്ങൾക്കു കാണാൻ കഴിയും."(മൽഫൂദാത്ത് വാള്യം 1 പേജ് 141-142, 1985 ലണ്ടൻ പതിപ്പ്)

മസ്ജിദിൽ ഒരു മജ്‌ലിസിൽ ഇരുന്നു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ കുറച്ചു സിക്കുകാർ സാധുവിന്റെ വേഷത്തിൽവന്നു. അവർ മദ്യലഹരിയിലായിരുന്നു. അവരും ആ മജ്‌ലിസിൽ വന്നിരുന്നു. എഴുതുന്നയാൾ എഴുതുന്നു:അവർ വന്ന് വ്യർഥമായി സംസാരിക്കാൻ തുടങ്ങി. ആ സ്വർഗീയ മജ്‌ലിസിൽ സമാധാനഭംഗവും അസ്വസ്ഥതയും ഉണ്ടാകാവുന്ന നിലയായി. പറയുന്നു:എന്നാൽ, നമ്മുടെ സത്യാവാനായ ഇമാം(അ)തന്റെ കർമപരമായ മാതൃകകൊണ്ട് ഈ ധാർമികമായ കറാമത്തിനെ കുറിച്ച് ഉപദേശിക്കുകയായിരുന്നു. അതിന്റെ സ്വാധീനം ശ്രോതാക്കളിൽ എങ്ങനെയാണുണ്ടായതെന്നാൽ അവരിൽ അധികംപേരും ആവേശത്തള്ളിച്ചയാൽ വാവിട്ട് നിലവിളിച്ചുപോയി. ആ ഉപദ്രവകാരികൾ അവസാനം പോലീസിന്റെ പിടിയിലായി. പോലീസ് വന്ന് അവരെ പിടിച്ചു. അവരെ മർദിച്ചു. അവരുടെ ലഹരിയിറങ്ങുകയും ചെയ്തു. (മൽഫൂദാത്ത് വാള്യം 1 പേജ് 142, അടിക്കുറിപ്പ് 1985 ലണ്ടൻ പതിപ്പ്)

പിന്നീടു വിശ്വസിക്കുന്നതിന്റെ വിവിധ കാരണങ്ങളെകുറിച്ച് വിവരിച്ചുകൊണ്ട് പറയുന്നു:"നബിമാർക്കെതിരിലുണ്ടായിരുന്ന ആജ്ഞാലംഘകരായ മനുഷ്യർ പ്രത്യേകിച്ചും നമ്മുടെ നബി(സ)തിരുമേനിയ്ക്കെതിരിൽ ഉണ്ടായിരുന്നവരുടെ വിശ്വാസസ്വീകരണം ദിവ്യദൃഷ്ടാന്തത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നില്ല. മുഅ്ജിസാത്ത് അഥവാ ദിവ്യദൃഷ്ടാന്തങ്ങളും അമാനുഷിക പ്രവൃത്തികളും അവർക്ക് തൃപ്തി നല്കിയിരുന്നില്ല. പ്രത്യുത ആ ആളുകൾ നബി(സ) തിരുമേനിയുടെ ഉദാത്തമായ സ്വഭാവവൈശിഷ്യം കണ്ടുകൊണ്ടാണ് അവിടത്തെ സത്യസാക്ഷ്യം അംഗീകരിക്കുന്നവരായത്. പ്രതാപപരമായ മുഅ്ജിസത്തുകൾക്ക് ചെയ്യാൻ പറ്റാത്ത ജോലികൾ ധാർമികപരമായ മുഅ്ജിസത്തുകൾക്ക് ചെയ്യാൻ കഴിയുന്നതാണ്. അൽഇസ്തിഖാമത്തു ഫൗഖൽ കറാമത്തി എന്നതിന്റെ ഉള്ളടക്കമിതാണ്. ഇസ്തിഖാമത്ത് എന്ത് അത്ഭുതവിദ്യയാണ് കാണിക്കുന്നതെന്ന് പരീക്ഷിച്ചുനോക്കിക്കൊള്ളുക. കറാമത്തിലേക്ക് അധികം ശ്രദ്ധ ഉണ്ടാകുകയില്ല. പ്രത്യേകിച്ചും ഇക്കാലത്ത്. പക്ഷേ, ഇന്ന ആൾ ധാർമികത ഉൾക്കൊള്ളുന്ന ആളാണെന്നറിഞ്ഞാൽ അയാളിലേക്ക് ഉണ്ടാകുന്ന ജനങ്ങളുടെ ഒഴുക്ക് ആരിൽനിന്നും മറഞ്ഞകാര്യമല്ല." പറഞ്ഞു: "പല രീതിയിലുള്ള അടയാളങ്ങൾ കണ്ടിട്ടും സമാധാനവും തൃപ്തിയും വരാത്തവരുടെമേലാണ് പ്രശംസാർഹമായ ധാർമികഗുണങ്ങളുടെ അടിപതിയുന്നത്." പറയുന്നു: "ചിലയാളുകൾ ബാഹ്യമായ മുഅ്ജിസത്തുകളും അമാനുഷിക പ്രവൃത്തികളും കണ്ടിട്ട് വിശ്വസിക്കുന്നു; ചിലർ യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും കണ്ടിട്ടും(വിശ്വസിക്കുന്നു). എന്നാൽ, അധികമാളുകളുടേയും സന്മാർഗത്തിനും സമാധാനത്തിനും നിമിത്തമാകുന്നത് ഉദാത്തമായ സ്വഭാവങ്ങളാണ്."(മൽഫൂദാത്ത് വാള്യം 1 പേജ് 81-82, 1985 ലണ്ടൻ പതിപ്പ്)

ഏതെങ്കിലും അഹ്മദിയുടെ സ്വഭാവങ്ങളിൽ ആകർഷിതരായി അല്ലെങ്കിൽ മൊത്തമായ നിലയിൽ ജമാഅത്തിന്റെ സൽസ്വഭാവങ്ങളിൽ ആകർഷിതരായി ഇന്നും ധാരാളമാളുകൾ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് എല്ലാ അഹ്മദികളും ഇക്കാര്യത്തിൽ ദൃഷ്ടി പതിപ്പിക്കേണ്ടതാണ്. ധാർമികമായ പെരുമാറ്റം കേവലം തഖ്വയിൽ വർധിക്കാൻ വേണ്ടിയുള്ളതല്ല. മറിച്ച് അതൊരു ദീനീപരമായ നിർബന്ധകടമയാണ്. മറ്റുള്ളവരുടെ പരിഷ്കരണത്തിനുള്ള മാർഗവുമാണ്. അതുകൊണ്ട് എല്ലാ അഹ്മദികളും തങ്ങളുടെ സ്വഭാവത്തിൽ ദൃഷ്ടി പതിപ്പിക്കേണ്ടതാണ്.

ഈമാന്റെ മാർഗമെന്താണ്? ഇതു വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'അല്ലാഹുവിൽനിന്ന് പരിഷ്കരണം ആഗ്രഹിക്കുകയും സ്വന്തം ശക്തികൾ ചെലവഴിക്കുകയും ചെയ്യുന്നതുതന്നെയാണ് ഈമാനിന്റെ മാർഗം. പരിഷ്കരണത്തിനുവേണ്ടി ശക്തികൾ മുഴുവനും ചെലുത്തുകയും അതു ചെലവഴിക്കുകയും അല്ലാഹുവിനോടു ദുആയിരക്കുകയും ചെയ്യുക. ഈമാൻ കരസ്ഥമാക്കാനുള്ള മാർഗമാണിത്.' പറയുന്നു: "ഹദീഥ് ശരീഫിൽ വന്നിരിക്കുന്നു, ആരാണോ ദൃഢവിശ്വസത്തോടെ തന്റെ കൈകൾ ദുആയ്ക്കുവേണ്ടി ഉയർത്തുന്നത് അല്ലാഹു അവന്റെ ദുആ തടയുകയില്ല. അതിനാൽ അല്ലാഹുവിനോടു ചോദിക്കുക. ദൃഢവിശ്വാസത്തോടും സത്യസന്ധതയോടുംകൂടി ചോദിക്കുക." പറയുന്നു: "എന്റെ ഉപദേശം വീണ്ടും ഇതുതന്നെയാണ്, സൽസ്വഭാവം പ്രകടിപ്പിക്കുക എന്നതുതന്നെയാണ് സ്വന്തം കറാമത്ത് പ്രകടിപ്പിക്കുക എന്നത്. ഇനി ആരെങ്കിലും താൻ കറാമത്തുള്ളവൻ ആകാൻ ആഗ്രഹിക്കുന്നില്ല എന്നു പറയുകയാണെങ്കിൽ ശയ്ത്വാൻ അവനെ വഞ്ചനയിലിടുകയാണെന്ന് ഓർത്തുകൊള്ളട്ടെ. കറാമത്തുകൊണ്ട് മായാമോഹവും അഹങ്കാരവുമല്ല ഉദ്ദേശിക്കുന്നത്. കറാമത്തുമുഖേന ജനങ്ങൾക്ക് ഇസ്‌ലാമിന്റെ സത്യവും യാഥാർഥ്യവും മനസ്സിലാകുകയും സന്മാർഗം ഉണ്ടാകുകയും ചെയ്യുന്നു. ഞാൻ നിങ്ങളോടു വീണ്ടും പറയുകയാണ്, മായാമോഹവും അഹങ്കാരവും ധാർമികപരമായ കറാമത്തകളിൽ പെടുന്നതേയല്ല. അത് ശയ്ത്വാന്റെ ദുർബോധനമാണ്. നോക്കുക! ഭൂമിയുടെ വിവിധഭാഗങ്ങളിൽ കാണുന്ന ഈ കോടിക്കണക്കിന് മുസ്‌ലീംകൾ വാളിന്റെ ശക്തികൊണ്ടും ബലാൽക്കാരംകൊണ്ടുമാണോ മുസ്‌ലിമായത്? അല്ല! അത് തികച്ചും തെറ്റാണ്. ഇസ്‌ലാമിന്റെ അമാനുഷികപരമായ ആകർഷണം തന്നെയാണ് അവരെ വലിച്ചുകൊണ്ടുവന്നത്." പറയുന്നു:"കറാമത്തുകൾക്ക് ഇനങ്ങളും തരങ്ങളുമുണ്ട്. അവയിലൊന്ന് ധാർമികപരമായ കറാമത്തുമാണ്. അത് എല്ലാ മൈതാനത്തും വിജയിക്കുന്നതാണ്. മുസ്‌ലിമായവർ കേവലം പുണ്യാത്മാക്കളുടെ കറാമത്തു കാണുകയും അത് അവരെ സ്വാധീനിക്കുകയും ചെയ്തു. അവർ ഇസ്‌ലാമിനെ മഹത്ത്വത്തിന്റെ ദൃഷ്ടിയോടെയാണ് നോക്കിക്കണ്ടത്; വാളിനെ കണ്ടില്ല." പറയുന്നു: "വലിയ വലിയ ഇംഗ്ലീഷുകാരായ ഗവേഷകർക്ക് ഇസ്‌ലാമിന്റെ സത്യത്തിന്റെ ആത്മാവ് അന്യജനതകളെ ഇസ്‌ലാമിൽ വരാൻ നിർബന്ധിക്കുന്നതാണെന്ന കാര്യം അംഗീകരിക്കേണ്ടിവന്നിട്ടുണ്ട്."(മൽഫൂദാത്ത് വാള്യം 1 പേജ് 145-146 1985 ലണ്ടൻ പതിപ്പ്)

ജീവിതവിഭവം പോലെയാണ് സൽസ്വഭാവമെന്നും അവയുടെ പ്രകടനം അല്ലാഹു നല്കിയിട്ടുള്ള ജീവിതവിഭവം ചെലവഴിക്കുന്നതുപോലെയാണെന്നും ഇതും തഖ്‌വായുടെ ഒരു കർമപരമായ ഭാഗമാണെന്നും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "സാധാരണക്കാർ ജീവിതവിഭവംകൊണ്ടു ഉദ്ദേശിക്കുന്നത്

തിന്നുന്ന വസ്തുക്കളെയാണ്. ഇതുതെറ്റാണ്. (തിന്നാനും കുടിക്കാനുമുള്ള വസ്തുക്കളും പൈസയും ധനവും കേവലം രിസ്ഖല്ല, ജീവിതവിഭവമല്ല). പറയുന്നു, "എന്തൊന്ന് ആന്തരികമായ ശക്തികൾക്ക് നല്കുന്നുവോ അതും രിസ്ഖാണ്. അറിവുകളും കലാവിരുതകൾ തുടങ്ങി ജ്ഞാനങ്ങളും യാഥാർഥ്യങ്ങളും പ്രദാനം ചെയ്യപ്പെടുന്നു. ശാരീരികമായ നിലയിൽ ഉപജീവനധനത്തിൽ വിശാലത ഉണ്ടാകുകയെല്ലാം രിസ്ഖാണ്. എല്ലാ വസ്തുക്കളും രിസ്ഖിൽ ഉൾപ്പെടുന്നു. മനുഷ്യരുടെ കഴിവുകളും അവന്റെ സ്വഭാവങ്ങളും അവന്റെ ധനവുമെല്ലാം." പറയുന്നു:"രിസ്ഖിൽ ഭരണവും പെടുന്നു. ഉദാത്തമായ സ്വഭാവങ്ങളും രിസ്ഖിൽത്തന്നെ പെട്ടതാണ്. ഇവിടെ അല്ലാഹു പറയുന്നു: നാം എന്തൊന്ന് നല്കിയോ അതിൽനിന്ന് ചെലവഴിക്കുന്നു. അതായത് റൊട്ടിയിൽനിന്ന് റൊട്ടി നല്കുന്നു. അറിവിൽനിന്ന് അറിവ് നല്കുന്നു; സ്വഭാവങ്ങളിൽനിന്ന് സ്വഭാവങ്ങളും. അറിവ് നല്കുക എന്നത് പ്രകടമാണ്. തന്റെ ധനത്തിൽനിന്ന് അർഹരായവർക്ക് നല്കാത്തവൻ തന്നെയാണ് പിശുക്കൻ. അല്ലാഹു അറിവ് നല്കുകയും എന്നിട്ട് അത് മറ്റുള്ളവർക്ക് പഠിപ്പിക്കുന്നതിൽ ദോഷം ചെയ്യുകയും ചെയ്യുന്നവനും പിശുക്കനാണ്. പലതരം പിശുക്കന്മാരുണ്ട്. ഏതെങ്കിലും തരത്തിലുള്ള കഴിവുകളും ധനവും ഉണ്ടാകുകയും എന്നിട്ട് അതിനെ മറച്ചുവെക്കുകയും ചെയ്യുന്നവനും പിശുക്കനാണ്.). തന്റെ അറിവുകളും വിദ്യകളും ആർക്കെങ്കിലും പറഞ്ഞുകൊടുത്താൽ അവനത് പഠിക്കുകയും തനിക്ക് വിലയില്ലാതാകുകയും ചെയ്യുമെന്ന് കരുതുകയും അല്ലെങ്കിൽ തന്റെ വരുമാനത്തിൽ കുറവുവരുമെന്ന് വിചാരിക്കുകയും ചെയ്യുന്നത് ശിർക്കാണ്. കാരണം ഇപ്രകാരം അവൻ ആ അറിവുകളേയും വിദ്യകളേയും തന്റെ റാസിഖും ദൈവവുമായി മനസ്സിലാക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം തന്റെ ധാർമികഗുണങ്ങൾകൊണ്ട് പ്രവർത്തിക്കാത്തവനും പിശുക്കനാണ്. ധാർമികഗുണങ്ങൾ നല്കുക എന്നതിന്റെ അർഥം ഏതൊരു ഉദാത്തമായ സ്വഭാവങ്ങളാണോ അല്ലാഹു തന്റെ കൃപയൊന്നുകൊണ്ടുമാത്രം അവന് നല്കിയിട്ടുളളത് സൃഷ്ടികളോട് ആ സ്വഭാവങ്ങൾകൊണ്ട് പെരുമാറുക. (ഏതൊരു സൽസ്വഭാവമാണോ അല്ലാഹു മനുഷ്യന് നല്കിയിട്ടുള്ളത് ആദ്യം ആ സൽസ്വഭാവങ്ങൾ കരസ്ഥമാക്കുക. പിന്നീട് ആ സൽസ്വഭാവങ്ങൾ ജനങ്ങളുടെ മുമ്പിൽ പ്രകടിപ്പിക്കുക. ഇത് അല്ലാഹു അവന് നല്കിയ ജീവിതവിഭവത്തിന്റെ പ്രകടനമാണ്.)പറഞ്ഞു, "അക്കൂട്ടർ അവന്റെ മാതൃകകണ്ടുകൊണ്ട് സ്വയം സൽസ്വഭാവങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നതാണ്." മനുഷ്യൻ തന്റെ സ്വഭാവങ്ങൾ കാണിച്ചുകൊണ്ട് മാതൃകകൾ സ്ഥാപിക്കുമ്പോൾ ജനങ്ങളും പിന്നീട് സൽസ്വഭാവികളാകാൻ ശ്രമിക്കുന്നതായിരിക്കും. പറയുന്നു: സൽസ്വഭാവങ്ങൾ കൊണ്ടുളള ഉദ്ദേശ്യം മൃദുലമായ സംസാരത്തോടും മൃദുലമായ വാക്കുകളോടും കൂടി പ്രവർത്തിക്കുക എന്നതുമാത്രമല്ല. അതല്ല. മറിച്ച് ധീരത, ഔദാര്യം, പവിത്രത തുടങ്ങി എത്രത്തോളം കഴിവുകൾ മനുഷ്യന് നല്കപ്പെട്ടിട്ടുണ്ടോ അതെല്ലാം സന്ദർഭത്തിന് അനുസരിച്ച് ഉപയോഗിക്കൽത്തന്നെ അവനെ ധാർമികാവസ്ഥയിൽ കൊണ്ടുവരുന്നതാണ്."(മൽഫൂദാത്ത് വാല്യം 1 പേജ് 435-436 1985 ലണ്ടൻ പതിപ്പ്)

തന്റെജമാഅത്തിലെ ആളുകൾ ഉന്നതമായ സ്വഭാവത്തിൽ വരുന്നതിനും തങ്ങളുടെ ഉള്ളിൽ മാറ്റം ഉണ്ടാക്കുന്നതിനും ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ആരാണോ തന്റെ അയൽവാസിയെ തന്റെ സ്വഭാവത്തിൽ മാറ്റമുണ്ടാക്കിയതായി കാണിക്കുന്നത് -ആദ്യം എങ്ങനെയായിരുന്നു ഇപ്പോൾ എങ്ങനെയാണ്-അതായത് ഒരു കറാമത്ത് കാണിക്കുന്നത് അതിന്റെ സ്വാധീനം അയൽവാസിയുടെമേൽ ഉന്നതമായ നിലയിൽ പതിയുന്നു. പറയുന്നു: "എന്ത് അഭിവൃദ്ധിയാണുണ്ടായതെന്ന് തങ്ങൾക്കറിയില്ലെന്നു പറഞ്ഞ് നമ്മുടെ ജമാഅത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നു. കുറ്റംകെട്ടിലും കോപത്തിലും വിദ്വേഷത്തിലും അകപ്പെട്ടിരിക്കുന്നുവെന്ന തെറ്റായ ധാരണ ഉണ്ടാക്കുന്നു. മാന്യനായ മകൻ തന്റെ പിതാവിന്റെ സൽപ്പേര് വെളിപ്പെടുത്തുന്നതുപോലെ നല്ലതെന്ന് മനസ്സിലാക്കി ഈ ജമാഅത്തിൽ ആളുകൾ വരുന്നത് അവർക്ക് നാണക്കേടല്ലേ? അതുകൊണ്ടാണ് നബി(സ)തിരുമേനിയുടെപരിശുദ്ധ ഭാര്യമാരെ മുഅ്മിനീംകളുടെ മാതാക്കൾ(ഉമ്മഹാത്തുൽമുഅ്മിനീൻ) എന്നു പറഞ്ഞിട്ടുള്ളത്. അതായത് നബി(സ)തിരുമേനി എല്ലാ സത്യവിശ്വാസികളുടേയും പിതാവാണ്. ശാരീരികമായ പിതാവ് ഭൂമിയിൽകൊണ്ടുവരുന്നതിന് കാരണവും ബാഹ്യമായ ജീവിതത്തിന് നിമിത്തവുമാകുന്നു. എന്നാൽ, ആത്മീയപിതാവ് ആകാശത്തിൽകൊണ്ടുപോകുകയും യഥാർഥ കേന്ദ്രത്തിലേക്ക് മാർഗദർശനം നല്കുകയും ചെയ്യുന്നു." പറയുന്നു, ഏതെങ്കിലും മകൻ തന്റെ പിതാവിന് ദുഷ്പേരുണ്ടാക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ?" (അവർ ഇതാണ്, ഇതാണ് എന്നും നിങ്ങളിൽ തിന്മ ഉണ്ടെന്നും പറഞ്ഞു ആക്ഷേപം ഉന്നയിക്കുന്നു. ഇതിന്റെ അർഥം നിങ്ങൾ ജമാഅത്തിന് ചീത്തപ്പേരുണ്ടാക്കുന്നുവെന്നാണ്. ഏതെങ്കിലും മകൻ തന്റെ പിതാവിന് ദുഷ്പേരുണ്ടാക്കുന്നത് ആരെങ്കിലും ഇഷ്ടപ്പെടുമോ?)വ്യഭിചാരണികളുടെ വീട്ടിൽ പോകുന്നതും ചൂതുകളിച്ച് നടക്കുന്നതും മദ്യം കുടിക്കുന്നതും അല്ലെങ്കിൽ പിതാവിന് ചീത്തപ്പേരുണ്ടാക്കുന്ന എന്തെങ്കിലും ദുഷ്കർമങ്ങൾ ചെയ്യുന്നതും ഇഷ്ടപ്പെടുമോ?" പറയുന്നു, "ഇത്തരം പണി ഇഷ്ടപ്പെടുന്ന ഒരാളും ഉണ്ടാകുകയില്ലെന്ന് എനിക്കറിയാം. പക്ഷേ, ആ ദുഷ്ട സന്താനം അത്തരം പ്രവൃത്തി ചെയ്യുമ്പോൾ പിന്നെ സൃഷ്ടികളുടെ നാവ് അടയുകയില്ല."(ആരെങ്കിലും അങ്ങനെ ചെയ്താൻ ആളുകൾ വിരൽ ചൂണ്ടാൻ തുടങ്ങും). ആളുകൾ അവന്റെ പിതാവിനെ കുറിമാനമാക്കിക്കൊണ്ടു പറയും 'ഇന്നയാളുടെ ഈ മകൻ ഇന്ന ചീത്തപ്പണി ചെയ്യുന്നു' എന്ന്. ആ ദുഷ്ട സന്താനം സ്വയം പിതാവിന്റെ ചീത്തപ്പേരിന് കാരണക്കാരനാകുന്നു. ഇപ്രകാരം ആരെങ്കിലുമൊരാൾ ഒരു ജമാഅത്തിൽ ചേരുന്നു."(ജമാഅത്തിൽ ചേരുമ്പോൾ) "ആ ജമാഅത്തിന്റെ മഹത്ത്വവും ബഹുമാനവും ശ്രദ്ധിക്കാതെ അതിനു വിരുദ്ധം പ്രവർത്തിക്കുന്നത് അല്ലാഹുവിന്റെ പക്കൽ പിടിക്കപ്പെടുന്നതാണ്."(അല്ലാഹുവിന്റെ പക്കൽ പിന്നീട് അവൻ പിടിക്കപ്പെടുന്നതാണ്. ശിക്ഷയ്ക്കർഹനായിരിക്കും). കാരണം അവൻ തന്നെ മാത്രമല്ല നാശത്തിൽ അകപ്പെടുത്തുന്നത് മറിച്ച് മറ്റുള്ളവർക്കും ചീത്തമാതൃകയായിക്കൊണ്ട് അവരേയും സൗഭാഗ്യത്തിൽനിന്നും സന്മാർഗത്തിൽനിന്നും തടയുകയും ചെയ്യുന്നു." പറയുന്നു: "അതിനാൽ നിങ്ങൾക്ക് കഴിയുന്നത്ര അല്ലാഹുവിനോടു സഹായം തേടുക. നിങ്ങളുടെ മുഴുവൻ ശക്തിയും കഴിവുംകൊണ്ട് നിങ്ങളുടെ ദൗർബല്യങ്ങൾ അകറ്റാൻ ശ്രമിക്കുക. വിനയനാകുന്നതിനോടൊപ്പം സത്യസന്ധതയോടും ദൃഢനിശ്ചയത്തോടുംകൂടി കൈകൾ ഉയർത്തുക. കാരണം സത്യസന്ധതയുടേയും ദൃഢനിശ്ചയത്തിന്റേയും പ്രേരണയാൽ ഭയഭക്തിയോടും വണക്കത്തോടുംകൂടി ഉയർത്തപ്പെട്ട കൈകൾ, ശൂന്യമായി തിരിച്ചു വരികയില്ല. നാം അനുഭവത്തിലൂടെ പറയുകയാണ്, നമ്മുടെ ആയിരക്കണക്കിന് ദുആകൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്."പറയുന്നു: പറയുന്നു, ഏതെങ്കിലും വ്യക്തി തന്റെ ഉള്ളിൽ സഹജീവികളോട് സഹതാപം കാണിക്കാനുള്ള ഉത്സാഹം കാണുന്നില്ലെങ്കിൽ അവൻ പിശുക്കനാണെന്നത് നിശ്ചമായ കാര്യമാണ്. നന്മയും ക്ഷേമവുമുള്ള ഒരു വഴി ഞാൻ കണ്ടാൽ അത് വിളിച്ച് വിളിച്ച് ജനങ്ങളോടു പറയേണ്ടത് എന്റെ നിർബന്ധ കടമയാണ്. ആരെങ്കിലും അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന് ഗൗനിക്കേണ്ട കാര്യമില്ല."(മൽഫൂദാത്ത് വാല്യം 1 പേജ് 146-147, 1985 ലണ്ടൻ പതിപ്പ്)

നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽവന്നിട്ട് നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റമുണ്ടാക്കുകയും അത് ജനങ്ങളോടു പറയുകയും ചെയ്തു എന്ന് നമ്മുടെ കർമങ്ങൾകൊണ്ടെല്ലാം സ്ഥാപിതമാകേണ്ടതാണ്. ഇതുതന്നെയാണ് തബ്ലീഗിന്റെ മാർഗം. അല്ലാഹു നമുക്ക് തഖ്‌വയിലൂടെ നടന്നുകൊണ്ട് നമ്മുടെ സ്വഭാവത്തിൽ പരിശുദ്ധമാറ്റമുണ്ടാക്കാനും നബി(സ)തിരുമേനിയുടെ ജീവിത മാതൃക മുന്നിൽ വെക്കാനും ഉദാത്തമായ സ്വഭാവങ്ങൾ എപ്പോഴും പ്രകടിപ്പിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് ജീവിതം നയിക്കുന്നവരുമാകട്ടെ.

നമസ്കാരത്തിനുശേഷം രണ്ടു ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് അമേരിക്കയിലെ മിയാൻ അബ്ദുൾറഹ്മാൻ സാഹിബിന്റെ മകൻ ലുത്ഫുർറഹ്മാൻ സാഹിബിന്റേതാണ്. 2017 മെയ് 27 ന് അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ ബന്ധം ഭേരയുമായിട്ടാണ്. അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മിയാൻ കരീമുദീൻ സാഹിബ് (റ), ഹദ്റത്ത് മസീഹ് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹം 1894 ലാണ് ബയ്അത്ത് ചെയ്തത്. അദ്ദേഹത്തിന്റെ ഭാര്യ, അതായത് ഇദ്ദേഹത്തിന്റെ പിതാമഹി ത്വാലിഅ്ബീബി തന്റെ ഭർത്താവിനോടൊപ്പം ബയ്അത്ത് ചെയ്തുവെന്നാണ് തോന്നുന്നത്. പക്ഷേ, പൂർണമായ വിശ്വാസം ഇല്ലായിരുന്നിരിക്കാം. ത്വാലിഅ്ബീബി എന്നായിരുന്നു അവരുടെ പേര്. അവർ സ്വപ്നം കണ്ടിരുന്നു. അവരുടെ സ്വപ്നം കേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ഏതൊരു സ്ത്രീയാണോ ഈ സ്വപ്നം കണ്ടത് അവർക്ക് എന്നിൽ പൂർണവിശ്വാസമില്ല."(ഏതോ സ്വപ്നം കണ്ടിരുന്നു, അതിൽനിന്ന് പ്രകടമായിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിൽ, നിയോഗത്തിൽ അവർക്ക് പൂർണ വിശ്വാസമില്ലെന്നായിരുന്നു). പറഞ്ഞു:"അവർ എന്നിൽ പൂർണമായും വിശ്വസിക്കുകയാണെങ്കിൽ അല്ലാഹു അവർക്ക് ആൺകുട്ടി നല്കുന്നതാണ്." പിന്നീട് നേരിട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റ കൈയിൽ ബയ്അത്തു ചെയ്യുന്നതിനുവേണ്ടി ഇവർ ഖാദിയാനിൽപോയി. അതുകഴിഞ്ഞ് അല്ലാഹു ഇവർക്ക് ആൺകുട്ടിയെ നല്കി. അവന് അബ്ദുൾറഹ്മാൻ എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പേരിട്ടു.

അദ്ദേഹമാണ് ലുത്ഫുർറഹ്മാൻ സാഹിബിന്റെ പിതാവ്. അദ്ദേഹം സുദീർഘകാലം തഅ്ലീമുൽ ഇസ്‌ലാം സ്കൂളിൽ അധ്യാപകനായിരുന്നു. സയൻസാണ് പഠിപ്പിച്ചിരുന്നത്. ഞാനും സ്കൂളിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽപ്പെട്ടയാളായിരുന്നു. ലുത്ഫുർറഹ്മാൻ സാഹിബ് മിയാ അബ്ദുൾറഹ്മാൻ സാഹിബിന്റെ മൂത്ത മകനായിരുന്നു. ഇദ്ദേഹത്തിന് കേന്ദ്രതലത്തിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ മുഹത്തമിം മഖാമിയായി പ്രവർത്തിക്കാൻ തൗഫീഖ് കിട്ടി. അൽമനാറിന്റേയും ഖാലിദിന്റേയും പത്രാധിപരുമായിരുന്നു. പിന്നീട് സിയറ ലിയോണി (Sierra Leone) ലേക്കുപോയി. സിയറ ലിയോണി(Sierra Leone)ൽ ജമാഅത്തിന്റെ സ്കൂളിൽ ദീർഘകാലം അധ്യാപകനായിരുന്നു. പിന്നീട് റിട്ടയേർഡായി ഇദ്ദേഹം അമേരിക്കയിൽ പോയി. പ്രസംഗത്തിലും എഴുത്തിലും ഇദ്ദേഹത്തിന് വളരെ നല്ല കഴിവുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ മിക്കപ്പോഴും അൽഫള്‌ലിൽ പ്രസിദ്ധീകരിച്ചിരുന്നു. മഹ്മൂദ് മുജീബ് അസ്ഗർ സാഹിബ് പറയുന്നു:"ഒരിക്കൽ പാക്കിസ്താനിൽ വന്നപ്പോൾ ഖിലാഫത്ത് ലൈബ്രറിയിൽ ഏതോ ഉദ്ധരണി തിരയുകയായിരുന്നു. ചോദിച്ചപ്പോൾ ലുത്ഫുർറഹ്മാൻ സാഹിബ് പറഞ്ഞു: 'അമേരിക്കൻ പത്രങ്ങളിൽ ഇസ്‌ലാമിനും വിശുദ്ധ ഖുർആനുമെതിരിലുണ്ടാകുന്ന ആക്ഷേപങ്ങൾക്ക് പ്രമാണബദ്ധമായി മറുപടി തയ്യാറാക്കി അവർക്ക് അയച്ചുകൊടുക്കുകയും

പൊതുവെ പത്രക്കാർ എന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യാറുണ്ട്. ഇതിനുവേണ്ടി ഞാനിപ്പോൾ ലൈബ്രറിയിൽവന്ന് ഉദ്ധരണികൾ തിരയുകയാണ്."

അത്വാവുൽ മുജീബ് റാശിദ് സാഹിബും എഴുതി: "വളരെ വിശാലമായ വായനയായിരുന്നു. മതപരമായ പ്രശ്നങ്ങളിൽ അഗാധമായ ദൃഷ്ടിപ്പതിക്കുന്ന ആളായിരുന്നു. ഉർദുവിലും ഇംഗ്ലീഷിലും ഒരുപോലെ അവഗാഹമുണ്ടായിരുന്നു. ഉർദുവിൽ വളരെ ഗവേഷണപരവും അറിവുറ്റതുമായ ലേഖനങ്ങൾ പണ്ഡിതോചിതമായ രീതിയിൽ എഴുതിയിരുന്നു. ജ്ഞാനപരമായ പോയന്റുകൾ തപ്പിപ്പിടിക്കുന്നതിന് വളരെ ഉത്സാഹമായിരുന്നു. ജമാഅത്തിന്റെ സാഹിത്യങ്ങൾ എപ്പോഴും വായനയിലുണ്ടാകും. ധാരാളം അറിവുള്ള സുഹൃത്തായിരുന്നു. അവസരോചിതമായി സംസാരിക്കാൻ നല്ല കഴിവായിരുന്നു."സിയറ ലിയോൺ മിഷന്റെ അമീറും ഇൻചാർജ് മുബല്ലിഗുമായ ഖലീൽ മുബശ്ശിർ സാഹിബ് പറയുന്നു:"20 വർഷത്തിലേറെ കാലം ഞങ്ങൾ ഒരുമിച്ചു കഴിഞ്ഞു. വളരെ അടുത്തുനിന്ന് അദ്ദേഹത്തെ കാണാനുള്ള അവസരം കിട്ടി. വേറിട്ട സ്ഥാനമുൾക്കൊള്ളുന്ന വ്യക്തിയായിരുന്നു; വിനയനും സൽസ്വഭാവിയും. വിനയഭാവം എങ്ങനെയുള്ളതായിരുന്നുവെന്നാൽ അത് വിവരിക്കാൻ എന്റെ പക്കൽ വാക്കുകളില്ല. നിസ്വാർഥനായ മനുഷ്യനായിരുന്നു. ഇത് അതിശയോക്തിയൊന്നുമല്ല. യഥാർഥത്തിൽ അദ്ദേഹത്തിന്റെ അവസ്ഥ ഇതുതന്നെയായിരുന്നു. അല്ലാഹു അദ്ദേഹത്തിന് പ്രസംഗിക്കാനും എഴുതാനും നല്ല കഴിവാണ് നല്കിയിരുന്നത്."

ഇദ്ദേഹം അഹ്ദിയ്യാസ്കൂളിൽ ആദ്യം അധ്യാപകനായിരുന്നു. പിന്നീട് പ്രിൻസിപ്പാളുമായി. സംഘടനാപരമായ എല്ലാകാര്യങ്ങളും അദ്ദേഹം നല്ലവണ്ണം നോക്കിനടത്തി. വളരെ ഏകാഗ്രചിത്തയോടുകൂടി നമസ്കരിക്കുന്നയാളായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്ന വ്യക്തിയായിരുന്നു. ചന്ദയിൽ വളരെ കൃത്യനിഷ്ഠയായിരുന്നു. ദാനധർമങ്ങൾ കൊടുക്കാറുണ്ടായിരുന്നു. സാമ്പത്തികാഹ്വാനങ്ങളിൽ അത്യുത്സാഹത്തോടെ പങ്കെടുക്കുന്ന വ്യക്തിത്വമായിരുന്നു. ഖിലാഫത്തിനോടും ഇദ്ദേഹത്തിന് വലിയ വിശ്വാസപരവും സ്നേഹപരവുമായ ബന്ധമായിരുന്നു. 1988-ൽ ഖലീഫത്തുൽ മസീഹ് റാബിഅ് സിയറ ലിയൂണിൽ പര്യടനം നടത്തിയ ഘട്ടത്തിൽ ഇദ്ദേഹത്തിന് സ്തുത്യർഹമായ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഇദ്ദേഹത്തിന് ഹുദൂറിനോടുള്ള ആദരവും ബഹുമാനവും മറ്റുള്ളവർക്കും മാതൃകയായിരുന്നു. ഇവിടേയും വന്നിട്ടുണ്ട്. എന്നോടു പഴയകാല ബന്ധമായിരുന്നെങ്കിലും ഖിലാഫത്തിനു ശേഷം അദ്ദേഹത്തിന്റെ രീതി തികച്ചും മാറിപ്പോയിരുന്നു.

ഫള്ൽ അഹ്മദ് ശാഹിദ് സാഹിബ് മുബല്ലിഗ് പറയുന്നു: "ഒരിക്കൽ ഒരു ക്രൈസ്തവ പ്രഘോഷകൻ ബോ(Bo)യിൽ വന്ന് വൻജനാവലി സംഘടിപ്പിച്ച് ഭാവനാത്മകമായ ദൃഷ്ടാന്തങ്ങൾ അവതരിപ്പിച്ചു. ഇദ്ദേഹം അതിന് എഴുത്തിലൂടെ മറുപടി നല്കി. അതിൽ ക്രിസ്ത്യാനികൾ വിരണ്ടുപോയി. ഇക്കാര്യത്തിൽ അനഹ്മദി മസ്ജിദിലെ ഉലമായും വളരെ സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. അല്ലാഹു ഇദ്ദേഹത്തോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും ഇദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സാഹിബ്സാദ ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബിന്റെ മകൻ അസീസം മിർസാ ഉമർ അഹ്മദ് സാഹിബിന്റേതാണ്. ജൂൺ 5-ാം തിയതി ഉച്ച കഴിഞ്ഞ് രണ്ടുമണിക്ക് റബ്വയിലെ ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ 67-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം എന്റെ കുട്ടിക്കാലത്തെ കൂട്ടുകാരനും സമപ്രായക്കാരനുമായിരുന്നു. കുട്ടിക്കാലത്ത് ഒന്നിച്ച് ഞങ്ങൾ കളിക്കാറുമുണ്ടായിരുന്നു. വലിയ സവിശേഷഗുണങ്ങളുടെ ഉടമയായിരുന്നു. ഒരു സുഹൃത്തും, ബന്ധുവും, സമപ്രായക്കാരനും ആയിരുന്നിട്ടും കുട്ടിക്കാലത്ത് ഒന്നിച്ചുവളർന്നിട്ടും ഖിലാഫത്തിനുശേഷം പ്രത്യേകമായിട്ടാണ് എന്നെ കണ്ടത്. അദ്ദേഹത്തിന്റെ ആദരവിന്റെ അവസ്ഥയും വിശ്വാസവും മാതൃകായോഗ്യമായിത്തീർന്നുകഴിഞ്ഞിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അദ്ദേഹത്തിന്റെ വിവാഹം നടന്നത് അമത്തുൽകാഫി സാഹിബായുമായിട്ടായിരുന്നു. അവർ മേജർ സയ്യിദ് സഊദ് അഹ്മദ് സാഹിബിന്റെ മകളായിരുന്നു. അവർ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ ദൗഹിത്രിയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്)ആയിരുന്നു ഇവരുടെ നിക്കാഹ് വിളംബരം നടത്തിയത്. അദ്ദേഹത്തിന് അഞ്ച് മക്കളുണ്ട്. മൂന്നു പെൺമക്കളും രണ്ടു ആൺമക്കളും. ഏറ്റവും ചെറിയ മകൾ വഖ്ഫെ നൗഇൽ അംഗമാണ്. റിവ്യു ഓഫ് റിലീജ്യൺസിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഒരു മകൾ ഡോക്ടർ ഫരീഹ ലണ്ടനിലുണ്ട്. ഇവർ ഡോക്ടർ ഹമ്മാദ് സാഹിബിന്റെ ഭാര്യയാണ്. ലജ്നയിൽ വിവിധ സ്ഥാനങ്ങളിൽ അവർ ധാരാളം ജോലികൾ ചെയ്യുകയുണ്ടായി.

ഇവിടെ അദ്ദേഹത്തിന്റെ സഹോദരി അമത്തുൽഹയ് സാഹിബയുണ്ട്. അവർ ഡോക്ടർ ഹാമിദുല്ലാഹ് സാഹിബിന്റെ ഭാര്യയാണ്. അവരും ജമാഅത്തിന് സേവനം ചെയ്യുന്നവരാണ്. വഖ്ഫ് ചെയ്യണമെന്ന ആഗ്രഹമായിരുന്നു അദ്ദേഹത്തിനെപ്പോഴും. അങ്ങനെ എന്റെ ഖിലാഫത്തിന്റെ ആദ്യ കാലങ്ങളിൽ എന്റെ അടുത്തു വന്നപ്പോൾ അദ്ദേഹത്തിന്റെ വഖ്ഫ് ഞാൻ അംഗീകരിച്ചു. കാരണം അദ്ദേഹത്തിന്റെ ചില കഴിവുകൾ എനിക്ക് നന്നായിട്ടറിയാമായിരുന്നു. അദ്ദേഹത്തെ റബ്വയിൽ നാഇബ് സ്വദ്ർ ഉമൂമി എന്ന നിലയിൽ നിയമിച്ചു. അല്ലാഹുവിന്റെ കൃപയാൽ അദ്ദേഹം വളരെ നല്ല നിലയിൽ ഈ ജോലി നിർവഹിച്ചു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു:"വഖ്ഫ് ചെയ്തു കൊണ്ടണ്ട് ഞാനെഴുതിയ കത്ത് അംഗീകരിക്കപ്പെട്ടുവെന്ന് അദ്ദേഹം എന്നോടു പറഞ്ഞിരുന്നു. പിന്നീട് ഞാൻ അദ്ദേഹത്തിന് നല്കിയ നിർദേശങ്ങൾ കേൾപ്പിച്ചു; അതായത് എങ്ങനെ അവിടെപോയി പ്രവർത്തിക്കണമെന്ന്! ദൂരെയുള്ള മഹല്ലുകളിൽ പ്രത്യേകിച്ചും റബ്വയിൽനിന്ന് അകന്നുകിടക്കുന്നതും തങ്ങൾ പിന്തള്ളപ്പെട്ടുപോയി എന്ന് വിചാരിക്കുന്ന തുമായ ചിലരുള്ള മഹല്ലുകളിൽ തീർച്ചയായും പര്യടനം നടത്തേണ്ടതാണെന്ന് പറഞ്ഞിരുന്നു. അങ്ങനെ അദ്ദേഹം അവസാന കാലംവരെ ആ ജോലി ഭംഗിയായി നിർവഹിച്ചു. വളരെ നല്ല നിലയിൽ നിർവഹിച്ചു. അവിടത്തെ ദരിദ്രരും അദ്ദേഹത്തോടു വളരെ സന്തോഷത്തിലായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ വളരെ വിനയമായിരുന്നു. ദൈവകൃപയാൽ വളരെ നല്ലനിലയിൽ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നു. സ്വദ്ർ ഉമൂമിയും എഴുതി: 'വലിയ സങ്കീർണമായിരുന്ന ചില പ്രശ്നങ്ങൾ ഞങ്ങൾ അദ്ദേഹത്തിന് നല്കിയിരുന്നു. അദ്ദേഹം വളരെ നല്ലനിലയിൽ അത് പരിഹരിക്കാറുണ്ടായിരുന്നു. കക്ഷികൾ അദ്ദേഹത്തിന്റെ സംസാരം കേട്ട് തൃപ്തരായിരുന്നു. എന്നല്ല തങ്ങൾ തീരുമാനം എടുപ്പിക്കുകയാണെങ്കിൽ അദ്ദേഹത്തെക്കൊണ്ടേ തീരുമാനം എടുപ്പിക്കൂവെന്ന് ചിലർ പറയാറുണ്ടായിരുന്നു. കാരണം അദ്ദേഹം എല്ലാ കാര്യങ്ങളും കേട്ട് നീതിപൂർവം വിധിക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ മൃദുലഭാവവും സ്നേഹവുമുണ്ടായിരുന്നു. എല്ലാ കുട്ടികളേയും തന്റെ കുട്ടികളേയും മറ്റുള്ളവരുടെ കുട്ടികളേയും ഒരുപാട് സ്നേഹിച്ചിരുന്നു.

ഖിലാഫത്തിനോടുള്ള അദ്ദേഹത്തിന്റെ ബന്ധം വളരെ അധികമായിരുന്നു. എന്നല്ല മാതൃകായോഗ്യമായിരുന്നുവെന്ന് പറയേണ്ടതാണ്. ഇത് അദ്ദേഹത്തിന്റെ മക്കളും എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യയും എഴുതിയിട്ടുണ്ട്. മറ്റു എഴുതിയിട്ടുള്ളവരും എഴുതിയിട്ടുണ്ട്. കാരണം അവസാന രോഗത്തിന്റെ നാളുകളിൽ-അദ്ദേഹത്തിന് ക്യാൻസറായിരുന്നു രോഗം-അദ്ദേഹത്തിന് ക്ഷീണമുണ്ടാകുമായിരുന്നു. അതുകഴിഞ്ഞ് അല്പം സുഖം കിട്ടിയാൽ ഉടനെ ഓഫീസിൽ എത്തുമായിരുന്നു. കാരണം കഴിഞ്ഞ ദിവസം ഇവിടെ വന്നപ്പോൾ ഓഫീസിൽ വന്നും പോയും ഇരിക്കണമെന്ന് ഞാൻ പറഞ്ഞിരുന്നു. ഓഫീസിൽ വന്നും പോയും ഇരിക്കണമെന്നത് ഖലീഫയുടെ കല്പനയായിരുന്നു. അതുകൊണ്ടാണ് രോഗാവസ്ഥയെ അദ്ദേഹം പരിഗണിക്കാതിരുന്നത്. കൃത്യമായി അദ്ദേഹം ഓഫീസിൽ പൊയ്ക്കൊണ്ടിരുന്നത്. ഈ കാലയളവിലും രോഗമുണ്ടായിരുന്നിട്ടും കഠിനാധ്വാനത്തോടെ അദ്ദേഹം ജോലി ചെയ്തു. അദ്ദേഹത്തിന്റെ മകൾ പറയുന്നു:"ഇവിടെ വന്ന് ഡോക്ടറെ കണ്ടപ്പോൾ താങ്കളുടെ രോഗം വളരെ ഗുരുതരമാണെന്ന് ഡോക്ടർ പറഞ്ഞു. ഉടനെ അദ്ദേഹം പറഞ്ഞു: രോഗശമനം നല്കുന്നവൻ അല്ലാഹുവാണ്. അവൻ ആഗ്രഹിക്കുന്നത്ര ജീവിതം ലഭിക്കുന്നതാണ്. എനിക്കതിൽ ഒരു ആശങ്കയുമില്ല. ഇവിടെ ഇംഗ്ലീഷു ഡോക്ടറായിരുന്നു. അദ്ദേഹവും അത്ഭുതപ്പെട്ടുപോയി. കാരണം ഇത്തരം രോഗികൾ സാധാരണ പരിഭ്രമിക്കാറാണുള്ളത്. പക്ഷേ, ഇദ്ദേഹം വളരെ ധൈര്യത്തോടെ സംസാരിക്കുന്നു." ഇപ്രകാരംതന്നെ ഡോക്ടർ നൂരി സാഹിബും എഴുതുന്നു:"അദ്ദേഹത്തിന് മൂന്നു രോഗമാണുണ്ടായിരുന്നത്. പ്രമേഹവും(ഗശമയലലേ)ഉണ്ടായിരുന്നു. ഹൃദ്രോഗവുമുണ്ടായിരുന്നു. ക്യാൻസറുമുണ്ടായിരുന്നു. പക്ഷേ, വളരെ ധൈര്യത്തോടെ എല്ലാ രോഗങ്ങളേയും അദ്ദേഹം ഉമരല ചെയ്തു." നൂരി സാഹിബ് പറയുന്നു:"ചില ശ്രേഷ്ഠ ഗുണങ്ങളുടെ ഉടമയായിരുന്നു. അതു ഞാൻ അദ്ദേഹത്തിന്റെ രോഗത്തിന്റെ നാളുകളിൽ കണ്ടതാണ്. ഒരു പരാതിയുമില്ലായിരുന്നു. അൽഹംദുലില്ലാഹ് നല്ലതുതന്നെ എന്ന് എപ്പോഴും പറഞ്ഞിരുന്നു. ഡോക്ടറോ അതിഥിയോ കാണാൻ വന്നാൽ ആംഗ്യത്തിൽ അടുത്തിരിക്കാൻ പറയുമായിരുന്നു." ഖമർ സുലയ്മാൻ സാഹിബ് പറയുന്നു: "ഖലീഫത്തുൽ മസീഹ് റാബിഅ് വഫാത്തായപ്പോൾ ഞാൻ ലണ്ടനിൽ വരികയായിരുന്നു. എനിക്ക് ഒരു ഒട്ടിച്ച കവർതന്നു. അതിൽ എഴുതിയിരുന്നു 'ബ ഖിദ്മത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്'. ഒപ്പം ഇതെന്റെ ബയ്അത്തിന്റെ കത്താണെന്നും ആർ തിരഞ്ഞെടുക്കപ്പെട്ടാലും അദ്ദേഹത്തിന്റെ സന്നിധിയിൽ ഇത് സമർപ്പിക്കണമെന്നും പറഞ്ഞു. അദ്ദേഹത്തിന് ഖിലാഫത്ത് വ്യവസ്ഥിതി തുടർന്നുപോകുമെന്നും അത് സത്യമാണെന്നുമുള്ള ദൃഢവിശ്വാസമായിരുന്നു." സ്വദ്ർ ഉമൂമി സാഹിബും എഴുതുന്നു:"ഒരുപാട് സവിശേഷ ഗുണങ്ങളുടെ ഉടമയായിരുന്നു. ഏതു ജോലി ഏല്പിച്ചാലും അത് ചെയ്ത് റിപ്പോർട്ടു നല്കുന്നതുവരെ സമാധാനത്തോടെ ഇരിക്കുമായിരുന്നില്ല."

നിരവധിയാളുകൾ കത്തെഴുതിയിട്ടുണ്ട്. ഇപ്രകാരംതന്നെ മറ്റു എഴുതിയിട്ടുള്ളവരും അദ്ദേഹത്തിന്റെ വിനയത്തേയും എളിമയേയും സ്നേഹനിർഭരമായ പെരുമാറ്റത്തേയും ഖിലാഫത്തിനോടുള്ള പ്രത്യേക ബന്ധത്തേയും കുറിച്ച് പറഞ്ഞിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകുന്നതിനും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നതിനും തൗഫീഖ് നല്കുമാറാകട്ടെ.

AL ISLAM

പേജ് 2ൽ നിന്ന്

ളുടെ പേരിൽ മുസ്‌ലിം പേർസണൽ ലോയിൽ ഒരുതരത്തിലുള്ള കൈകടത്തലും ചെയ്യാൻ പറ്റില്ല. അതുകൊണ്ട് സുപ്രീംകോടതി ഈ കേസ് അവസാനിപ്പിക്കേണ്ടതാണ്. ബോർഡ് പറഞ്ഞു: "വിശുദ്ധഖുർആനിന്റേയും തിരുഹദീദുകളുടേയും വെളിച്ചത്തിൽ മുത്ത്വലാഖ് അനുവദനീയമാണ്. എന്നാൽ, ഹലാലയുടെ നിലവിലുള്ള രൂപം അനിസ്‌ലാമികവും ശരീഅത്ത് വിരുദ്ധവുമാണ്. പറഞ്ഞു: മുത്തലാഖിനെ സംബന്ധിച്ച് മറ്റു രാജ്യങ്ങളിൽ നടന്നുവരുന്ന നിയമങ്ങളെ മാനദണ്ഡമെന്ന നിലയിൽ അംഗീകരിക്കാൻ പറ്റില്ല.

ഇങ്ങനെയും പറയട്ടെ ഓൾ ഇന്ത്യാ മുസ്‌ലിം വുമൺസ് പേർസണൽ ലോ ബോർഡ് (A. I. M. W.P.L.B) സുപ്രീംകോടതിയിൽ സമർപ്പിച്ച ചോദ്യപത്രത്തേയും മുത്ത്വലാഖിനെ പിന്തുണച്ചുകൊണ്ട് സമർപ്പിക്കപ്പെട്ട മുസ്‌ലിം പേർസണൽ ബോർഡിന്റെ നിലപാടിനേയും വിമർശിച്ചുകൊണ്ട് അതിനെ എതിർത്തു. പുരുഷന്മാരുടെ ആധിപത്യമുള്ള മുസ്‌ലിം പേർസണൽ ലോ ബോർഡിന്റെ ഈ പിന്മാറ്റം ശരിയല്ലെന്ന് സ്ത്രീകളുടെ മുസ്‌ലിം പേർസണൽ ബോർഡ് പറഞ്ഞു.

ബോർഡ് ഇന്ത്യയിലെ നിരവധി നഗരങ്ങളിൽ മുസ്‌ലിം പേർസണൽ ലോയെ പിന്തുണച്ചുകൊണ്ട് നിരവധി സമ്മേളനങ്ങൾ നടത്തി. മുസ്‌ലിം പണ്ഡിതന്മാർ പ്രസംഗിച്ചു. സാധാരണക്കാരെ ബോധവൽക്കരിക്കുന്നതിനുവേണ്ടി യോഗങ്ങൾ നടന്നു. അതിൽ മതപരമായ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കപ്പെട്ടു. മുസ്‌ലിം പുരുഷന്മാർ തങ്ങളുടെ ഭാര്യമാർക്ക് മുത്ത്വലാഖ് കൊടുക്കരുതെന്നും മറ്റുള്ളവർക്ക് ആക്ഷേപിക്കാൻ അവസരം നല്കരുതെന്നും പറഞ്ഞു. ഇതുപോലെതന്നെ ഒറ്റയടിക്ക് മൂന്നു ത്വലാഖ് കൊടുക്കുന്നവരെ സാമാജികമായി ബഹിഷ്കരിക്കുകയെന്നും ബോർഡിൽനിന്ന് വിളംബരമുണ്ടായി. ബോധവൽക്കരണത്തിനായി സ്ത്രീകളും പല സ്ഥലങ്ങളിലും യോഗങ്ങൾ സംഘടിപ്പിച്ചു. ഓൾ ഇന്ത്യാ മുസ്‌ലിം പേർസണൽലോ ബോർഡിന്റെ ഭാഗത്തുനിന്നും പേർസണൽലോയ്ക്ക് അനുകൂലമായി ഒരു ഒപ്പുശേഖരണ നടപടി തുടങ്ങി. ഇതനുസരിച്ച് അഞ്ച് കോടി ജനങ്ങളുടെ ഒപ്പുകൾ ശേഖരിച്ചു. അതിൽ രണ്ടേമുക്കാൽകോടി സ്ത്രീകളുടെ ഒപ്പുകളായിരുന്നു. മുസ്‌ലിംകൾ മുസ്‌ലിം പേർസണൽലോയിൽ ഒരുതരത്തിലുള്ള മാറ്റവും ആഗ്രഹിക്കുന്നില്ലെന്ന് സർക്കാറിനോടു പറയാനായിരുന്നു ഈ ഒപ്പു ശേഖരണയജ്ഞം നടത്തിയത്.

മുത്ത്വലാഖ് തുടങ്ങിയ പ്രശ്നങ്ങളെടുത്തുകൊണ്ട് മുസ്‌ലിംകളെ ഏതുരീതിയിലാണോ കുറിമാനമാക്കിക്കൊണ്ടിരിക്കുന്നത് അതിനെക്കാൾ നല്ല രീതിയിൽ അത് അവസാനിപ്പിക്കുന്നതിനുവേണ്ടി ജംയിത്തുൽ ഉലമാ ഹിന്ദിന്റെ ജനറൽ സെക്രട്ടറി മൗലാനാ മഹ്മൂദ് മദനിയുടെ അധ്യക്ഷതയിൽ ജംയിത്തുൽ ലോ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഇതുസംബന്ധമായി സംഘടിപ്പിച്ച പരിപാടിയിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള മുഫ്തിമാരും വക്കീൽമാരും പങ്കെടുത്തു. ഇതിൽ എല്ലാവരും ഒന്നിക്കുകയും ഏകോപിച്ച തീരുമാനം എടുക്കുകയും ഇതിന് എന്തെങ്കിലും പരിഹാരം കാണുകയും വേണ്ടതാണെന്ന് മുൻചീഫ് ജസ്റ്റിസ് എ. എം. അഹ്മദി ഈ പരിപാടിയിൽ മുത്ത്വലാഖിനെ സംബന്ധിച്ച് പറഞ്ഞു. ജസ്റ്റിസ് എ.എം. അഹ്മദിയുടെ ഈ വിവരണം ചിന്താർഹമാണ്.

2017 മെയ് 11 ന് സുപ്രീംകോടതിയിൽ വീണ്ടുമൊരിക്കൽ വാദം തുടങ്ങി. മുത്ത്വലാഖിൽ മാത്രം വാദം കേൾക്കുമെന്നും ബഹുഭാര്യത്വത്തെക്കുറിച്ച് വാദം കേൾക്കുകയില്ലെന്നും ആവശ്യമെങ്കിൽ ഹലാലയെ സംബന്ധിച്ചുള്ള വാദങ്ങൾ കേൾക്കുന്നതാണെന്നും അഞ്ചംഗ ബഞ്ച് വ്യക്തമാക്കി. മുത്ത്വലാഖ് മതത്തിന്റെ ഭാഗമാണെന്ന് തങ്ങൾക്ക് ബോധ്യപ്പെട്ടാൽ തങ്ങൾ അതിൽ കൈകടത്തുകയില്ലെന്ന് വാദങ്ങൾക്കിടയിൽ ബഞ്ച് പറഞ്ഞു. മെയ് 11നുള്ള വാദത്തിൽ ചീഫ് ജസ്റ്റിസ് മുത്ത്വലാഖിനെ സംബന്ധിച്ച് ഇങ്ങനെ ചില ചോദ്യങ്ങൾ ചോദിച്ചു. മുത്ത്വലാഖ് എന്നത് ഇസ്‌ലാമിന്റെ അഖണ്ഡിതമായ ഭാഗമാണോ? കോടതിക്ക് അതിൽ കൈകടത്താൻ സാധിക്കുമോ? മുത്ത്വലാഖിനെ പവിത്രമായി അംഗീകരിക്കേണ്ടതുണ്ടോ? അതുമുഖേന അടിസ്ഥാനപരമായ അവകാശ ലംഘനങ്ങൾ നടക്കുന്നുണ്ടോ?

അടുത്തദിവസം മെയ് 12ന് നടന്ന വാദത്തിൽ ജെ.എസ്.ഘേബറിന്റെ അധ്യക്ഷതയിലെ അഞ്ചംഗ ബഞ്ച് വാദത്തിനിടയിൽ നിരൂപണം നടത്തിക്കൊണ്ട് പറഞ്ഞു: 'മുത്ത്വലാഖ് എന്നത് വിവാഹബന്ധം തകർക്കുന്നതിനുള്ള അങ്ങേയറ്റം നിന്ദ്യവും അപ്രിയവുമായ വഴിയാണ്.' പിന്നീടുള്ള വാദത്തിൽ കേന്ദ്രത്തിനുവേണ്ടി തെളിവ് സമർപിച്ചുകൊണ്ട് സൗദിഅറേബ്യ, ഇറാൻ, ഇറാഖ് ഉൾപ്പെടെയുള്ള 25 രാജ്യങ്ങളിൽ മുത്ത്വലാഖ് അവസാനിപ്പിക്കാമെങ്കിൽ ഇന്ത്യയിൽ എന്തുകൊണ്ട് അത് സാധിക്കുകയില്ലെന്ന് അറ്റോർണി ജനറൽ മക്കൽ റോഹംഗി ചോദിച്ചു.

അഞ്ചംഗ ബഞ്ച് മുത്തലാഖിൽ വാദം പൂർത്തിയാക്കുകയും തീരുമാനം രേഖപ്പെടുത്തുകയും ചെയ്തു. കോടതി എന്താണോ തീരുമാനിക്കുന്നത് തങ്ങളത് അംഗീകരിക്കുന്നതാണെന്ന് പേർസണൽ ലോ ബോർഡിന്റെ ജനറൽ സെക്രട്ടറി മൗലാനാ വലി റഹ്മാനിയ പറഞ്ഞു. രാജ്യത്ത് ഏകദേശം ഒരുവർഷമായി നടന്നുവരുന്ന കോലാഹലങ്ങളുടെ പശ്ചാത്തലം ചുരുങ്ങിയ നിലയിൽ വിവരിച്ചതിനുശേഷം ഇനി അടുത്തലക്കങ്ങളിൽ ഇൻശാ അല്ലാഹ് നമ്മുടെ യഥാർഥ വാദം ചർച്ച ചെയ്യുന്നതായിരിക്കും. അതായത് മൂന്ന് ത്വലാഖ് ഒറ്റത്തവണ നൽകുന്നത് ശരീഅത്തുപരമായി ശരിയാണോ?

(തുടരും)

# 123-ാമത് ജൽസസാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ് -ഒ- ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

പേജ് 1ൽ നിന്ന്

മസീഹാണെന്ന് വാദിക്കുകയും ഈ വാദത്തിന്റെ നിബന്ധനയായ ഇൽയാസ് ആകാശത്തുനിന്ന് ഇറങ്ങാതിരിക്കുകയും ചെയ്തപ്പോൾ യഹൂദികളുടെ എല്ലാ വാദങ്ങളും അടിസ്ഥാനരഹിതമാണെന്ന് സ്ഥാപിതമായി. ഇൽയാസ് നബി സ്ഥൂലശരീരത്തോടെ ആകാശത്തുനിന്ന് ഇറങ്ങുന്നതാണെന്ന യഹൂദികളുടെ വിശ്വാസത്തിന്റെ യാഥാർഥ്യം ഇൽയാസിന്റെ പ്രകൃതിയിലും സ്വഭാവത്തിലുമുള്ള മറ്റൊരാൾ പ്രത്യക്ഷനാകും എന്നാണെന്ന് അവസാനം വ്യക്തമായി. ഈ അർഥം ഹദ്റത്ത് ഈസാനബി(അ) തന്നെയാണ് വിവരിച്ചത്. എന്നാൽ, അദ്ദേഹത്തെതന്നെ നിങ്ങൾ വീണ്ടും ആകാശത്തുനിന്നിറക്കുകയാണല്ലോ ചെയ്യുന്നത്. അതുകൊണ്ടണ്ടണ്ടണ്ട് നിങ്ങൾക്കുമുമ്പേ യഹൂദികൾ വഞ്ചിതരായ അതേ സ്ഥലത്തുതന്നെ എന്തിനാണ് നിങ്ങൾ വഞ്ചിതരാകുന്നത്. നിങ്ങളുടെ രാജ്യത്ത് ആയിരക്കണക്കിനുള്ള യഹൂദികളോട് ഇതുതന്നെയല്ലേ നിങ്ങളുടെ വിശ്വാസമെന്ന് ചോദിച്ചുനോക്കുക. ഈസാ(അ)യ്ക്കുവേണ്ടി ഏലിയാപ്രവാചകനെ ആകാശത്തുനിന്ന് ദൈവം ഇറക്കിയില്ല. എന്നല്ല യഹൂദികളുടെ മുമ്പാകെ വ്യാഖ്യാനങ്ങൾകൊണ്ട് പ്രവർത്തിക്കേണ്ടതായും വന്നു. അങ്ങനെയിരിക്കെ അവൻ നിങ്ങൾക്കുവേണ്ടി ഈസായെ എങ്ങനെ ഇറക്കും? അദ്ദേഹത്തെ നിങ്ങളാണ് വീണ്ടും ഇറക്കുന്നത്. അല്ലാഹുവിന്റെ ഈ തീരുമാനത്തെ നിഷേധിക്കുന്നവരാണ് നിങ്ങൾ. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ ഈ രാജ്യത്തുണ്ട്. അവരുടെ ഇഞ്ചീലുമുണ്ട്. അവരോട് ചോദിക്കുക ഇത് സത്യമല്ലേ എന്ന്. അതായത് വരാനിരിക്കുന്ന ഏലിയാ, യോഹന്നാൻ അഥവാ യഹ്യാ ആയിരുന്നുവെന്ന് ഹദ്റത്ത് ഈസാ(അ) പറഞ്ഞിരുന്നില്ലേ? ഇത്രയും കാര്യം പറഞ്ഞിട്ട് അദ്ദേഹം യഹൂദികളുടെ പഴയ പ്രതീക്ഷകളെ മണ്ണിൽ പൂഴ്ത്തിക്കളഞ്ഞു. എന്നാൽ, ഹദ്റത്ത് ഈസാനബിതന്നെ ആകാശത്തുനിന്ന് വരണമെന്നത് ഇപ്പോൾ നിർബന്ധമാണെങ്കിൽ അപ്പോൾ അദ്ദേഹം ഒരു സത്യപ്രവാചകനായിത്തീരുന്നതല്ല. കാരണം ആകാശത്തുനിന്ന് തിരിച്ചുവരിക എന്നത് ദൈവികനടപടിയിൽ പെട്ടതാണെങ്കിൽ ഇൽയാസ് നബി എന്തുകൊണ്ട് തിരിച്ചുവന്നില്ല? എന്തിനാണ് അദ്ദേഹത്തിന്റെ സ്ഥാനത്ത് യഹ്യായെ, ഏലിയാവാണെന്ന് പറഞ്ഞുകൊണ്ട് വ്യാഖ്യാനിച്ചത്? ബുദ്ധിമാന്മാർ ചിന്തിക്കേണ്ട സന്ദർഭമാണിത്."

(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാള്യം 19 പേജ് 20-23)

# ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | **Carcinosin CM** |
| *രണ്ടാമത്തെ ആഴ്ച* | **Radium Bromide CM** |
| *മൂന്നാമത്തെ ആഴ്ച* | **Carcinosin CM** |
| *നാലാമത്തെ ആഴ്ച* | **Radium Bromide CM** |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

**● ഒരു യഥാർഥ മുസൽമാൻ ആരാധനയ്ക്കായി മസ്ജിൽ വരുമ്പോൾ അവൻ തന്റെ മസ്ജിദ് സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുമ്പോൾ ചർച്ചിനേയും യഹൂദികളുടെ SYNAGOGUEനേയും സംരക്ഷിക്കുക എന്നതും അവരോട് മൈത്രിയോടും സ്നേഹത്തോടും കൂടി നിൽക്കുക എന്നതും അവന്റെ നിർബന്ധ കടമയും ബാധ്യതയുമാണ്. ഈ അധ്യാപനമനുസരിച്ച് പ്രവർത്തനം ഉണ്ടാകുന്നില്ലെങ്കിൽ പിന്നീട് സ്നേഹവും സന്തോഷവും സാഹോദര്യവും വ്യാപിക്കുകയില്ല. ● അഹ്മദി മുസ്ലീംകൾക്കും ഒരു ആരാധനാലായത്തിന്റെ ആവശ്യമുണ്ടായിരുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിനും മനുഷ്യകുലത്തിന് നല്ല നിലയിലും പ്ലാനിംഗോടുംകൂടി സേവനം ചെയ്യുന്നതിനും വേണ്ടി അത് നമ്മൾ നിർമിച്ചു. ഇതുതന്നെയാണ് നമ്മുടെ ലക്ഷ്യം. അതുകൊണ്ട് നമ്മൾ ലോകത്തെല്ലായിടത്തും മസ്ജിദുകൾ നിർമിക്കുകയും യഥാർഥ ഇസ്ലാമിന്റെ സന്ദേശം എത്തിക്കുകയും ചെയ്യുന്നു. ●അതിഥികളായ നിങ്ങളോട് ഞാൻ പറയുകയാണ്, നിങ്ങൾ ചിന്താകുലരാകേണ്ട. നിങ്ങൾക്ക് ഒരുതരത്തിലുള്ള ബുദ്ധിമുട്ടുകളും അഹ്മദി മുസ്ലിംകളിൽനിന്നുണ്ടാകുകയില്ല. എന്നല്ല, മസ്ജിദ് ഒരു ശാന്തിയുടേയും സമാധാനത്തിന്റേയും മൈത്രിയുടേയും സ്നേഹത്തിന്റേയും ചിഹ്നമായിക്കൊണ്ട് മുഴച്ചുനിൽക്കുന്നതായിരിക്കും. ഇവിടെ അഹ്മദികളോട് ഞാൻ പറയുന്നു, മുമ്പത്തേക്കാളുപരി വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നിങ്ങളുടെ അയൽവാസികളോടുള്ള കടമ നിറവേറ്റാൻ ശ്രമിക്കുക.**

**മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉൽഘാടനവേളയിൽ അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**2017 ഏപ്രിൽ 8 (ശനി) ജർമനിയിൽ അമീറുൽ മുഅ്മിനീന് ഊഷ്മളമായ വരവേൽപ്പ്**

സയ്യിദുന ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ജർമനിയിലേക്ക് യാത്ര പുറപ്പെടുന്നതിനുവേണ്ടി രാവിലെ 9.45ന് തന്റെ താമസസ്ഥലത്തുനിന്ന് വെളിയിൽ വന്നു. ഹുദൂറിനെ യാത്ര അയക്കാൻ രാവിലെ മുതൽതന്നെ ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന സംഘം മസ്ജിദ് ഫള്ൽ ലണ്ടന്റെ മുറ്റത്ത് സംഘടിച്ചിരുന്നു. ഹുദൂർ വളരെ വാത്സല്യത്തോടെ കുറച്ച് സമയം സഹോദരങ്ങളുടെ ഇടയിൽ നിന്നു. ഓരോ വ്യക്തിയും തങ്ങളുടെ പ്രിയങ്കരനായ ഇമാമിന് ഹൃദ്യമായ യാത്രയയപ്പ് നല്കി. ഹുദൂർ തന്റെ കൈകളുയർത്തി സന്നദ്ധരായ എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞു. കൂട്ടപ്രാർഥന നടത്തി. അതിനുശേഷം ഏഴ് കാറുകളടങ്ങിയ സംഘം ബ്രിട്ടന്റെ ഡോവർനഗരത്തിലേക്ക് യാത്ര പുറപ്പെട്ടു.

Dover ബ്രിട്ടന്റെ ഒരു പ്രസിദ്ധമായ തുറമുഖമാണ്. ലണ്ടനിലും അതിന്റെ ചുറ്റുവട്ടത്തുമുള്ള പ്രദേശവാസികൾ യൂറോപ്പിലേക്കുള്ള യാത്ര പോകുന്നത് Ferries മാർഗേണ ഈ തുറമുഖത്തുടെയാണ്. Dover ൽനിന്ന് 11 മൈൽ മുമ്പേ Folkestone എന്ന സ്ഥലത്ത് Channel Tunnel വരുന്നുണ്ട്. ഇത് സമുദ്രത്തിന്റെ അടിയിലൂടെ ബ്രിട്ടന്റേയും ഫ്രാൻസിന്റേയും കടൽത്തീര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ഈ Tunnel (തുരങ്കം)ലൂടെ കാറുകളും മറ്റു വലിയ വാഹനങ്ങളും ട്രെയിൻ മുഖേനയാണ് ഫ്രാൻസിന്റെ തീരപട്ടണമായ Calaisവരെ എത്തുന്നത്. ഇന്ന് ഈ തുരങ്കത്തിലൂടെയായിരുന്നു യാത്രാപരിപാടി.

ലണ്ടനിൽനിന്ന് അമീർ അഹ്മദിയ്യാ ജമാഅത്ത് യു.കെ ബഹുമാന്യ റഫീഖ് അഹ്മദ് സാഹിബ് ഹയാത്ത്, മുബല്ലിഗ് ഇൻചാർജ് യു.കെ ബഹുമാന്യ അത്വാവുൽ മുജീബ് റാശിദ് സാഹിബ്, സ്വദ്ർ അൻസാറുല്ലാഹ് യു.കെ. ബഹുമാന്യ ഇൽയാസ് റഹ്മാൻ സാഹിബ്, സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ സാഹിബ്സാദാ മിർസാ വഖാസ് അഹ്മദ് സാഹിബ്, ദഫ്തർ വഖാലത്തെ തബ്ശീർ അഖ്ലാഖ് അഹ്മദ് സാഹിബ് അഞ്ചും, സാഹിബ്, ദഫ്തർ പ്രൈവറ്റ് സെക്രട്ടറി ഗാലിബ് ജാവേദ് സാഹിബ്, മർക്കസി ഓഡിറ്റർ മിർസാ മഹ്മൂദ് അഹ്മദ് സാഹിബ്, പ്രിൻസിപ്പൽ ജാമിയാ അഹ്മദിയ്യാ യു.കെ നാസിർ ഇനാം സാഹിബ്, നായിബ് അഫ്സർ ഹിഫാളത് ഖാസ് സയ്യിദ് മുഹമ്മദ് അഹ്മദ് നാസിർ സാഹിബ്, ഖുദ്ദാമിന്റെ സെക്യൂരിറ്റി ടീം തുടങ്ങിയവർ ഹുദൂറിനെ യാത്രയയക്കാൻ തുരങ്കംവരെ യാത്രാസംഘത്തോടൊപ്പം വന്നിരുന്നു. ഏകദേശം ഒരു മണിക്കൂർ 25 മിനുറ്റിന്റെ യാത്രയ്ക്കുശേഷം 11.30 ഓടെ ചാനൽ തുരങ്കത്തിലെത്തി. ലണ്ടനിൽനിന്ന് കൂടെവന്നിരുന്ന സഹോദരങ്ങൾ തങ്ങളുടെ പ്രിയങ്കരനായ ഇമാമിന് യാത്ര പറഞ്ഞു. പ്രത്യേകമായ പ്രോട്ടോകോൾ ഏർപ്പാടനുസരിച്ച് എമിഗ്രേഷൻ നടപടികൾക്കുശേഷം 11.45ന് കാറുകൾ ട്രൈനിൽ ലോഡ് ചെയ്തു. ചാനൽ തുരങ്കത്തിലൂടെ ഓടുന്ന ട്രൈനുകളിൽ ചിലത് രണ്ട് നിലയുള്ളതാണ്. ഒരു ട്രൈനിൽ 180ൽ അധികം വണ്ടികൾ കയറ്റാൻ കഴിയും. ട്രെയിൻ അതിന്റെ സമയമനുസരിച്ച് 12 മണിക്ക് മണിക്കൂറിൽ 140 കിലോമീറ്റർ വേഗത്തിൽ ഫ്രാൻസിന്റെ കടൽത്തീര പട്ടണമായ ഇമഹമശലേക്ക് പുറപ്പെട്ടു.

ഈ തുരങ്കത്തിന്റെ (Channel Tunnel)മൊത്തം നീളം 31 മൈലാണ്. ഇതിൽ 24 മൈൽദൂരം സമുദ്രത്തിന്നടിയിലാണ്. സമുദ്രത്തിലൂടെ പോകുന്ന ഈ തുരങ്കത്തിന്റെ ഏറ്റവും താഴ്ന്ന ഭാഗം 75 മീറ്റർ അതായത് 250 അടിയാണ്. ഇപ്പോൾവരെ സമുദ്രത്തിന്നടിയിൽ നിർമിച്ചിട്ടുള്ള തുരങ്കങ്ങളിൽ ലോകത്തിലെ ഏറ്റവും വലിയ തുരങ്കമാണ് ഇത്. ഏകദേശം 35 മിനുട്ട് യാത്രയ്ക്കുശേഷം ഫ്രാൻസിന്റെ പ്രാദേശിക സമയമനുസരിച്ച് 1.35ന് Calais നഗരത്തിലെത്തി. ഫ്രാൻസിന്റെ സമയം ബ്രിട്ടന്റെ സമയത്തെക്കാൾ ഒരു മണിക്കൂർ മുന്നിലാണ്. ട്രൈനെത്തി അഞ്ചുമിനുട്ടിനുള്ളിൽ വാഹനങ്ങൾ വെളിയിൽ വന്നു. പിന്നീട് റോഡിലൂടെയായിരുന്നു യാത്ര. മുമ്പേ നിശ്ചയിച്ച പരിപാടിയനുസരിച്ച് ഇവിടെനിന്ന് കുറച്ച് അകലെ സ്ഥിതിയുള്ള ഒരു പെട്രോൾ പമ്പിന്റെ പാർക്കിംഗ് ഏരിയായിൽ ജർമിനി ജമാഅത്തിൽനിന്ന് വന്ന സംഘം ഹുദൂറിനെ വരവേറ്റു. ജർമിനിയിൽനിന്ന് അബ്ദുല്ലാ വാഗസ് ഹൗസർ സാഹിബ് (അമീർ ജമാഅത്ത് ജർമ്മനി) ഹൈദരലി സഫ്ർ സാഹിബ് (മുബല്ലിഗ് ഇൻ ചാർജ്ജ് ജർമനി) മുഹമ്മദ് ഇൽയാസ് മജോക്കാ സാഹിബ് (ജനറൽ സെക്രട്ടറി) ജരിയുല്ലാ സാഹിബ് (മുബല്ലിഗ് ജമാഅത്ത്) നായിബ് ജനറൽ സെക്രട്ടറി, യഹ്യാ സാഹിബ് (അസിസ്റ്റന്റ് ജനറൽ സെക്രട്ടറി) ഹസനാത്ത് അഹ്മദ് സാഹിബ് (സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി) ഡോക്ടർ അത്ഹർ സുബൈർ സാഹിബ്, അബ്ദുല്ലാ സുപ്രാ സാഹിബ്, ഹമ്മാദ് അഹ്മദ് സാഹിബ് (മുഹ്തമിം ഉമ്മൂമി ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി) തങ്ങളുടെ ഖുദ്ദാമിന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം പ്രിയങ്കരനായ ഇമാമിനെ വരവേൽക്കുന്നതിന് വേണ്ടി എത്തിയിരുന്നു.

ഹുദൂർ വാഹനത്തിൽനിന്ന് പുറത്തിറങ്ങിയ ഉടനെ അബ്ദുല്ലാ വാഗസ് ഹാവുസ് സാഹിബ് അമീർ ജമാഅത്ത് ജർമനി, ഹൈദരലി സഫ്ർ സാഹിബ് മുബല്ലിഗ് ഇൻചാർജ് ജർമനി, ജർമ്മനിയിൽനിന്ന് വന്ന സംഘത്തിലെ മറ്റ് അംഗങ്ങളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് കൈകൊടുത്തു. തുടർന്നുള്ള യാത്ര അവിടെനിന്ന് ആരംഭിച്ചു. ജർമനിയിൽനിന്ന് വന്ന വാഹനങ്ങളിൽ ഒന്ന് യാത്രാസംഘത്തിന്റെ Escort-ായി. ഖുദ്ദാമിന്റെ രണ്ട് വാഹനങ്ങൾ യാത്രാസംഘത്തിന്റെ പിന്നിലായിരുന്നു. Calais ൽനിന്ന് 55 കിലോമീറ്റർ താണ്ടിയതിനുശേഷം ഫ്രാൻസിന്റെ ബോർഡർ ക്രോസ് ചെയ്ത് ബെൽജിയത്തിൽ പ്രവേശിച്ചു. പരിപാടിയനുസരിച്ച് ബോർഡർ ക്രോസ് ചെയ്ത് 55 കിലോമീറ്റർ വീണ്ടും കഴിഞ്ഞ് പാതയോരത്തെ ഒരു റെസ്റ്റാറന്റായ Hotel Brugge -Oostkamp-ലായിരുന്നു ളുഹ്ർ അസ്ർ നമസ്കാരത്തിനും ഉച്ചഭക്ഷണത്തിനുമുള്ള ഏർപ്പാട് ചെയ്തിരുന്നത്. ജർമനിയിൽനിന്ന് ഖുദ്ദാമിന്റെ ഒരു ടീം ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നതിനുവേണ്ടി നേരത്തെതന്നെ ഇവിടെ എത്തിയിരുന്നു. ഏകദേശം 3 മണിക്കാണ് ഹുദൂർ ഇവിടെ എത്തിയത്. ളുഹ്ർ അസ്ർ നമസ്കാരത്തിനുള്ള ഏർപ്പാട് ഹോട്ടലിന്റെ ഒരു പ്രത്യേക മുറിയിലായിരുന്നു തയ്യാറാക്കിയിരുന്നത്. ഹുദൂർ ളുഹ്ർ അസ്ർ നമസ്കാരം ജം ആക്കി നമസ്കരിച്ചു. നമസ്കാരത്തിനും ഉച്ചഭക്ഷണത്തിനും ശേഷം 4.30 ന് അവിടെനിന്ന് ഫ്രാങ്ക്ഫോർട്ടിലേക്ക് പോയി. ബെൽജിയത്തിൽനിന്ന് 223 കിലോമീറ്റർ യാത്ര ചെയ്തശേഷം ബെൽജിയത്തിന്റെ ബോർഡർ ക്രോസ് ചെയ്ത് ജർമനിയുടെ അതിർത്തിയിൽ പ്രവേശിച്ചു. ഈ ബോർഡറിൽനിന്ന് ജർമനിയിലെ അമരവലി(ആഖൻ) പട്ടണത്തിലേക്ക് 10 മിനുറ്റ് ദൂരമുണ്ട്. ഇവിടെയുള്ള ഒരു റസ്റ്റോറന്റിന്റെ പാർക്കിംഗ് ഏരിയായിൽ കുറച്ച് സമയം വിശ്രമിച്ചു. ഇവിടെനിന്ന് ഫ്രാങ്ക്ഫോർട്ടിലേക്കുള്ള ദൂരം 360 കിലോമീറ്ററാണ്. ഏകദേശം 2 മണിക്കൂർ യാത്രയ്ക്കുശേഷം ജർമനി ജമാഅത്തിന്റെ കേന്ദ്രമായ ഫ്രാങ്ക്ഫോർട്ടിലെ ബയ്ത്തുസുബൂഹിൽ ഹുദൂർ എത്തി.

ഹുദൂർ വാഹനത്തിൽനിന്നിറങ്ങിയുടനെ ഫ്രാങ്ക്ഫോർട്ടിലേയും അതിനു ചുറ്റുവട്ടത്തുള്ള ജമാഅത്തുകളിലേയും ജർമനിയിലെ വിവിധ നഗരങ്ങളിലേയുമുള്ള സഹോദരങ്ങൾ, പുരുഷന്മാരും സ്ത്രീകളും ആൺകുട്ടികളും പെൺകുട്ടികളും തങ്ങളുടെ പ്രിയങ്കരനായ ഇമാമിന് ആവേശഭരിതമായ വരവേൽപ് നൽകി, ഹുദൂറിനെ സ്വാഗതം ചെയ്തു. ആൺകുട്ടികളും പെൺകുട്ടികളും ഒരേതരത്തിലുള്ള വസ്ത്രങ്ങൾ അണിഞ്ഞ് വിവിധ ഗ്രൂപ്പുകളായി പ്രാർഥനാപദ്യങ്ങളും സ്വാഗതഗാനങ്ങളും ആലപിച്ചുകൊണ്ടിരുന്നു. നാനാഭാഗത്തുനിന്നും സ്നേഹത്തിന്റെ കരങ്ങൾ ആകാശത്തിലേക്ക് ഉയർന്നു. അഹലം വ സഹലം വ മർഹബ എന്നതിന്റെ ധ്വനികൾ ആകാശംമുട്ടെ മുഴങ്ങി. ഫ്രാങ്ക്ഫോർട്ട് ലോക്കൽ അമീർ ഇദ്രീസ് അഹ്മദ് സാഹിബ്, മുഹമ്മദ് അശ്റഫ് ളിയാ സാഹിബ് (മുബല്ലിഗ് സിൽസില ഫ്രാങ്ക്ഫോർട്ട്)അബ്ദുസ്സമീഅ് സാഹിബ് (ബയ്ത്തുസുബൂഹ് ജാഇദാദ് വകുപ്പ്) തുടങ്ങിയവർ ഹുദൂറിനെ സ്വാഗതം ചെയ്തുഹസ്തദാനം ചെയ്തു. ഫ്രാങ്ക്ഫോർട്ടിൽനിന്നും ഫ്രാങ്ക്ഫോർട്ടിന്റെ വിവിധ നഗരങ്ങളിലെ ഹൽഖകളിൽ നിന്നുമെത്തിയവരും Wiesbaden, Russelsheim, Hanau, Oberurssel, Escborn, Gross Gerau, Bad Homburg, Raunheim, Maintal, Morfelden, Friedberg തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് വന്നവരുമായ സഹോദരങ്ങളാണ് ഹുദൂറിനെ വരവേറ്റത്. തങ്ങളുടെ ഇമാമിനെ സ്വീകരിക്കുന്നതിനുവേണ്ടി ഇവർ ദീർഘമായ യാത്രകൾ ചെയ്താണ് വന്നത്. Koblenz ൽനിന്ന്

വന്നവർ 130 കിലോമീറ്ററും സീഹിൽനിന്ന് വന്നവർ 170 കിലോമീറ്ററും Numbergൽനിന്ന് വന്നവർ 350 കിലോമീറ്ററും യാത്ര ചെയ്താണ് എത്തിയിരുന്നത്. പുരുഷന്മാരും സ്ത്രീകളും ആൺകുട്ടികളും പെൺകുട്ടികളുമടങ്ങിയ ഈ സ്വാഗതം ചെയ്ത സഹോദരങ്ങളുടെ എണ്ണം 1600ൽ അധികമായിരുന്നു.

ഹുദൂർ തന്റെ കരങ്ങൾ വീശിക്കൊണ്ട് എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞ് രണ്ട് വരികളിൽ നിരനിരയായി നിന്ന തന്റെ പ്രിയപ്പെട്ടവരുടെ ഇടയിലൂടെ നടന്ന് തന്റെ താമസസ്ഥലത്തെത്തി. 9.5ന് ഹുദൂർ മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾ ജംആക്കി അനുഷ്ഠിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി.

ഹുദൂർ അൻവറിനെ സ്വീകരിക്കുന്നതിനുവേണ്ടി ജർമനിയുടെ വിവിധ ജമാഅത്തുകളിൽനിന്ന് പുരുഷന്മാരും സ്ത്രീകളും എത്തിയിരുന്നു. അവർക്കെല്ലാവരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ പിന്തുടർന്ന് മഗ്‌രിബും ഇശായും നമസ്കരിക്കാൻ ഭാഗ്യം സിദ്ധിച്ചു. അവരിൽ ഒരു വലിയ എണ്ണമാളുകൾ നടപ്പുവർഷം പാക്കിസ്താനിൽനിന്ന് ഏതോ മാർഗ്ഗത്തിലൂടെ ഇവിടെ എത്തിയവരായിരുന്നു. അവരുടെ ജീവിതത്തിൽ തങ്ങളുടെ ഇമാമിനെ പിന്തുടർന്നുള്ള ആദ്യനമസ്കാരമായിരുന്നു അത്. എല്ലാ സഹോദരങ്ങളും തങ്ങൾക്കുലഭിച്ച ഈ സൗഭാഗ്യത്തിൽ വളരെ സന്തോഷരായിരുന്നു. അവർ ഈ അനുഗൃഹീത നിമിഷങ്ങളിൽനിന്ന് ഫലമെടുക്കുകയായിരുന്നു. അവരുടെ ജീവിതത്തിൽ ആദ്യം കിട്ടിയ നിമിഷമായിരുന്നു അത്. അവർക്കത് അമൃതജലം പ്രദാനം ചെയ്യുകയായിരുന്നു. അല്ലാഹു ഈ ഭാഗ്യങ്ങളും ഈ അനുഗ്രഹങ്ങളും ഈ സമ്മാനങ്ങളും നമുക്കെല്ലാവർക്കും അനുഗൃഹീതമാക്കിത്തീർക്കട്ടെ. നമ്മുടെ അടുത്ത തലമുറയും നമ്മുടെ മക്കളും ഈ ദൈവാനുഗ്രഹത്തിന് എപ്പോഴും പാത്രീഭൂതരായിരിക്കട്ടെ. ആമീൻ.

**2017 ഏപ്രിൽ 9 (ഞായർ)**

ഹുദൂർ രാവിലെ 5.45ന് സുബ്ഹി നമസ്കരിപ്പിച്ചു. അതിനുശേഷം തന്റെ താമസസ്ഥലത്തേക്ക് മടങ്ങി. ഓഫീസുപരമായ കാര്യങ്ങളിൽ മുഴുകുകയും ചെയ്തു. പ്രോഗ്രാമനുസരിച്ച് 11.30ന് ഹുദൂർ തന്റെ ഓഫീസിൽ വരികയും കുടുംബങ്ങളുമായി കൂടിക്കാഴ്ചകൾ ആരംഭിക്കുകയും ചെയ്തു. രാവിലത്തെ സെഷനിൽ 38 കുടുംബങ്ങളിലെ 143 അംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. ഈ കുടുംബങ്ങൾ ജർമനിയിലെ 35 വിവിധ ജമാഅത്തുകളിൽനിന്ന് കൂടിക്കാഴ്ചക്കുവേണ്ടി എത്തിയവരായിരുന്നു. അവരിൽനിന്ന് ചില കുടുംബങ്ങൾ ദീർഘമായ യാത്ര ചെയ്താണ് തങ്ങളുടെ ഇമാമിനെ കാണാൻ വന്നത്. Waiblingin- ൽ നിന്നുള്ളവർ 230 കിലോമീറ്ററും Racklinghausenൽ നിന്നുള്ളവർ 250 കിലോമീറ്ററും Munster -ൽ നിന്നുള്ളവർ 260 കിലോമീറ്ററും Balingen-ൽ നിന്നുള്ളവർ 280 കിലോമീറ്ററും Hannover -ൽ നിന്നുള്ളവർ 340 കിലോമീറ്ററും Leipzig-ൽ നിന്നുള്ളവർ 380 കിലോമീറ്ററും Oldenburg -ൽ നിന്നും Delmenhorst-ൽ നിന്നുമുള്ളവർ 430 കിലോമീറ്ററും Harburg -ൽ നിന്നുള്ളവർ 470 കിലോമീറ്ററും Berlin പട്ടണത്തിൽ നിന്നുള്ളവർ 550 കിലോമീറ്ററും യാത്രചെയ്താണ് വന്നത്. വിദേശരാജ്യമായ ക്രോഷ്യയിൽനിന്ന് വന്ന കുടുംബവും കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി.

ഇന്ന് കൂടിക്കാഴ്ച നടത്തിയ കുടുംബങ്ങളിൽ വലിയ ഭാഗം പാക്കിസ്ഥാനിൽനിന്ന് വന്നവരായിരുന്നു. ജീവിതത്തിൽ ആദ്യമായി തങ്ങളുടെ ഇമാമിനെ കാണുകയായിരുന്നു ഇവർ. ഇവരെല്ലാവരും സന്തോഷത്തിലായിരുന്നു. ജീവിതത്തിലെ കുറച്ച് നിമിഷങ്ങൾ തങ്ങളുടെ ഇമാമിന്റെ അടുത്ത് ചെലവഴിക്കാൻ കഴിഞ്ഞത് അവർ അവരുടെ ജീവിതത്തിന്റെ മുഴുവൻ മൂലധനമായി മനസ്സിലാക്കുന്നു. അവരിൽനിന്ന് ഓരോരുത്തരും അനുഗ്രഹങ്ങൾ സ്വരൂപിച്ചുകൊണ്ട് വെളിയിൽ വന്നു. അവരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സൗഖ്യത്തിലും സമാധാനത്തിലും മനഃസംതൃപ്തിയിലുമായി മാറി. ഈ അനുഗൃഹീത നിമിഷങ്ങൾ അവരെ എന്നെന്നേക്കും വയറു നിറപ്പിച്ചു. കൂടിക്കാഴ്ചകളുടെ ഈ പരിപാടി 1.30വരെ നീണ്ടുനിന്നു. പിന്നീട് ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി. 2 മണിക്ക് ഹുദൂർ ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനു ശേഷം താമസസ്ഥലത്തേക്കു പോയി.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ**

പരിപാടിയനുസരിച്ച് 6 മണിക്ക് കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചാ പരിപാടി ആരംഭിച്ചു. ഇന്ന് 32 കുടുംബങ്ങളിലെ 137 അംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. ഓരോ കുടുംബവും ഹുദൂറിനോടൊപ്പം ഫോട്ടോയും എടുത്തു. ഹുദൂർ വാത്സല്യത്തോടെ വിദ്യാർഥി-വിദ്യാർഥിനികൾക്ക് പേനകൾ സമ്മാനിച്ചു. ചെറുപ്രായത്തിലുള്ള കുട്ടികൾക്ക് ചോക്ലേറ്റ് നൽകി. ഇന്ന് കൂടിക്കാഴ്ച നടത്താൻ ജർമനിയിലെ താഴെ രേഖപ്പെടുത്തുന്ന 25 ജമാഅത്തുകളാണ് എത്തിയത്. Leipzig, ബുർഖസാൽ, Ruedesheim Goeppingen Riedstadt Hattersheim Gemuenden,മൻഹൈം, Montabauer,v വേസ്ബാൻ, Eich, Mosbach, Eppelheim,ഗ്രാസ് ഗേരാവ്, Radolfzell, Herborn, Giessen, Herford, Soltau, ഹൈഡൽബർഗ്, Koeln, ലംബർഗ്, Nauheim, Bielefeld, Heilbronn

ജർമനിയുടെ വിവിധ ജമാഅത്തുകളിൽനിന്നു വന്ന കുടുംബങ്ങൾക്കുപുറമെ വിദേശരാജ്യങ്ങളായ കനഡയിൽനിന്നും പാക്കിസ്തനിൽനിന്നും വന്ന കുടുംബങ്ങളും കൂടിക്കാഴ്ച നടത്തുകയുണ്ടായി. കൂടിക്കാഴ്ചകളുടെ ഈ പരിപാടി 8 മണി വരെ നീണ്ടുനിന്നു.

**ആമീൻ പരിപാടി :** അതിനുശേഷം 8.15ന് ഹുദൂർ മസ്ജിദിന്റെ ഹാളിൽവന്നു. അവിടെയാണ് ആമീൻ പരിപാടി സംഘടിപ്പിച്ചിരുന്നത്. ഹുദൂർ അൻവർ താഴെ പറയുന്ന 26 ആൺകുട്ടികളിൽ നിന്നും പെൺകുട്ടികളിൽ നിന്നും വിശുദ്ധഖുർആനിന്റെ ഓരോരോ ആയത്തുകൾ കേൾക്കുകയും അവസാനം ദുആ ചെയ്യിക്കുകയും ചെയ്തു. ശീറാഫ് ഇംറാൻ, വലീദ് അഹ്മദ് സയീദ്, ആരിഫീൻ ഇസ്ലാം, അബീർ അഹ്മദ്, അബ്ദുർ റഹ്മാൻ, ചൗദ്രി യാസീൻ നവാസ്, റാന ഥാഖിബ് മഹ്മൂദ്, റമീസ് അഹ്മദ്, വാസിഫ് സലാം, സ്വാലിക് അത്തീഖ്, ഫാതിഹ് അഹ്മദ് ഭട്ട്, അദീൽ അഹ്മദ് അസീസ സ്വബീഹ ഖാലിദ്, റാമീൻ അഹ്മദ്, മസ്കാൻ അഹ്മദ്, ബാസ്മ ആദിൽ, ലബീന ശാഹിദ്, ഹദീഖ അഹ്മദ്, നേശ അഹ്മദ്, അത്തിയ ഭട്ടി, പാഴ്സ ദേവൽ, ജാസിബ മഹ്മൂദ്, ആയിശ നവാസ്, മഹ്റുന്നിസ മഹ്മൂദ്, അനീശ അഹ്മദ്, ആനിയ നൂർ കാഹിലൂൺ

ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്‌രിബ്, ഇശാ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു. നമസ്കാരങ്ങൾക്കുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

**2017 ഏപ്രിൽ 10.(തിങ്കൾ)**

ഹുദൂർ രാവിലെ 5.45ന് സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം തന്റെ താമസസ്ഥലത്തേക്ക് പോയി. രാവിലെ ഓഫീസ് സംബന്ധമായ കാര്യങ്ങൾ- പോസ്റ്റ്, റിപ്പോർട്ട് തുടങ്ങിയവ നോക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വിവിധ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ ഹുദൂർ മുഴുകി.

**മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉദ്ഘാടനം:**

പരിപാടിയനുസരിച്ച് ഇന്ന് waldshutteingen നഗരത്തിൽ മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉദ്ഘാടനമായിരുന്നു. ഹുദൂർ 10.40ന് തന്റെ താമസസ്ഥലത്തുനിന്ന് വെളിയിൽ വരികയും ദുആ ചെയ്യിക്കുകയും ചെയ്തു. അതിനുശേഷം യാത്രാസംഘം പുറപ്പെട്ടു. ഫ്രാൻങ്ക്ഫോർട്ടിൽനിന്ന് waldshut ലേക്കുള്ള ദൂരം 370 കിലോമീറ്ററാണ്. ഏകദേശം 4 മണിക്കൂർ 20 മിനുട്ട് യാത്രയ്ക്കുശേഷം 3 മണിക്ക് ഹോട്ടൽ bercherലെത്തി. മുമ്പേ തയ്യാറാക്കിയ പരിപാടിയനുസരിച്ച് ഇവിടെയാണ് താമസസൗകര്യം ഏർപ്പെടുത്തിയിരുന്നത്. 4.15 ന് ഹുദൂർ ഇവിടെനിന്ന് മസ്ജിദ് ബയ്ത്തുൽ ആഫിയത്തിലേക്ക് പുറപ്പെട്ടു. അഞ്ച് മിനുട്ട് യാത്രയ്ക്കുശേഷം 4.20ന് മസ്ജിദ് ബയ്ത്തുൽ ആഫിയത്തിലെത്തി. തദ്ദേശ ജമാഅത്തംഗങ്ങൾ -പുരുഷന്മാരും സ്ത്രീകളും ആൺകുട്ടികളും പെൺകുട്ടികളും ഇന്ന് രാവിലെമുതൽതന്നെ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ അനുഗൃഹീതമായ ആഗമനത്തിൽ തയ്യാറെടുപ്പുകളിൽ മുഴുകിയിരുന്നു. അവർക്ക് ഈ അനുഗൃഹീത ദിനം അങ്ങേയറ്റം സന്തോഷത്തിന്റെ ദിനമായിരുന്നു. ഹുദൂറിന്റെ അനുഗൃഹീത പാദം അവരുടെ നഗരഭൂമിയിൽ ആദ്യതവണയാണ് പതിയുന്നത്. എല്ലാവരും അതീവസന്തോഷത്തിലായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ ആഗമനത്തിലും ഹുദൂറിനെ കാണാനുമുള്ള പ്രതീക്ഷയിലുമായിരുന്നു. സമീപ പ്രദേശങ്ങളിലെ ജമാഅത്തുകളിൽനിന്നുള്ള ആളുകളും ഇന്ന് ഇവിടെ കൂടിയിരുന്നു. ഹുദൂർ വാഹനത്തിൽനിന്ന് പുറത്തുവന്നയുടനെ ജമാഅത്തംഗങ്ങൾ വളരെ മനോഹരമായ നിലയിൽ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് സ്വാഗതം പറഞ്ഞു. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും സംഘങ്ങൾ സ്വാഗതഗാനങ്ങൾ ആലപിച്ചു. ചെറിയവരും വലിയവരുമായ എല്ലാവരും തങ്ങളുടെ കൈകളുയർത്തിക്കൊണ്ട് ഇമാമിന് സ്വാഗതം പറയുകയായിരുന്നു. സ്ത്രീകൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ ദർശിച്ചു. ആ അവസരത്തിൽ ഒരു കുട്ടി മാമൂൻ അഥ്തർ ഹുദൂറിന്റെ സന്നിധിയിൽ പൂച്ചെണ്ട് സമർപ്പിക്കുകയുണ്ടായി.

ജമാഅത്തിന്റെ സ്വദ്ർ ഇംറാൻ ബിശാറത്ത് സാഹിബ്, റീജ്യണൽ അമീർ നസീർ ബർമി സാഹിബ്, ഈ റീജ്യണിന്റെ മുബല്ലിഗ് ശക്കീൽ അഹ്മദ് ഉമർ സാഹിബ് തുടങ്ങിയവർ ഹുദൂർ അൻവറിനെ വരവേൽക്കുകയും ഹസ്തദാനത്തിനുള്ള ഭാഗ്യം കരസ്ഥമാക്കുകയും ചെയ്തു. അതിനുശേഷം ഹുദൂർ മസ്ജിദിന്റെ പുറംഭിത്തിയിൽ പതിച്ചിരുന്ന ശിലാഫലകം അനാവരണം ചെയ്യുകയും ദുആ ചെയ്യിക്കുകയും ചെയ്തു. അതിനുശേഷം ഹുദൂർ പുരുഷന്മാരുടെ ഹാളിലേക്ക് പോയി. ളുഹ്ർ അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. അതോടെ ആ മസ്ജിദിന്റെ ഉദ്ഘാടനം കഴിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ കുറച്ചു സമയം മസ്ജിദിൽ ഇരുന്നു. ആ സമയത്ത് തദ്ദേശ ജമാഅത്തിന്റെ എല്ലാ അംഗങ്ങളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് കൈകൾ കൊടുത്തു. ഹുദൂർ അന്വേഷിച്ചപ്പോൾ ജമാഅത്തിന്റെ പ്രസിഡണ്ട് ഇവിടെ ജമാഅത്തിന്റെ തജ്നീദ് 121 പേരാണെന്ന് പറഞ്ഞു. ഇന്ന് മസ്ജിദിന്റെ ഉദ്ഘാടനത്തിന് ചുറ്റുവട്ടത്തുനിന്നുള്ള ജമാഅത്തകളിൽനിന്നും സഹോദരങ്ങൾ വന്നിട്ടുണ്ട്. സ്വിറ്റ്സർലന്റ് രാജ്യത്തിന്റെ ബോർഡർ ഇവിടെനിന്ന് കുറച്ച് കിലോമീറ്റർ അകലെയാണ്. സ്വിറ്റ്സർലന്റിൽനിന്ന് അമീർ സാഹിബും ചില സുഹൃത്തുക്കളും ഈ മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ വന്നിരുന്നു. ഹുദൂർ വളരെ വാത്സല്യത്തോടെ കുട്ടികൾക്ക് ചോക്ലേറ്റ് നൽകി. അതിനുശേഷം ഹുദൂർ സ്ത്രീകളുടെ ഹാളിലേക്ക് പോയി. പെൺകുട്ടികളുടെ സംഘങ്ങൾ പ്രാർഥനാപദ്യങ്ങൾ ആലപിച്ചു. സ്ത്രീകൾ ഹുദൂറിനെ സന്ദർഷിച്ചു. ഹുദൂർ കുട്ടികൾക്ക് ചോക്ലേറ്റ് നൽകി. അതിനുശേഷം ഹുദൂർ മസ്ജിദിന്റെ പുറത്തുവന്ന് ചെടി നട്ടു. മസ്ജിദിന്റെ ഉദ്ഘാടനപരിപാടി കവറേജ് ചെയ്യുന്നതിനായി സംസ്ഥാന ടിവി ടണഞ FREIBURGന്റെ ജേർണലിസ്റ്റ് വന്നിട്ടുണ്ടായിരുന്നു. അവർ ഹുദൂറുമായി ഇന്റർവ്യൂ നടത്തി.

* അവർ ചോദിച്ചു: ഇത് ചെറിയൊരു പട്ടണമാണ്. ഇവിടെ മസ്ജിദ് നിർമിച്ചതിന്റെ ഉദ്ദേശ്യമെന്താണ്?

ഹുദൂർ പറഞ്ഞു: അഹ്മദികൾക്ക് ആരാധന നടത്താൻ ഇവിടെ സ്വന്തം സ്ഥലത്തിന്റെ ആവശ്യമുണ്ടായിരുന്നു. യഹൂദികൾക്ക് SYNAGOGUEഉം ക്രിസ്ത്യാനികൾക്ക് ചർച്ചുകളും ആവശ്യമാണെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 13 JUly 2017 Issue-28

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

ന്നതുപോലെ!എല്ലാ മതങ്ങൾക്കും അവരവരുടെ ആരാധനാലയങ്ങളുണ്ട്. ഞങ്ങൾക്കും ആരാധ നയ്ക്കുവേണ്ടി ഒരു മസ്ജിദ് വേണമായിരുന്നു. സംഘടിച്ച് അല്ലാഹുവിനെ ആരാധിക്കുവാനും ഞങ്ങൾക്ക് മനുഷ്യകുലത്തിന് സേവനം ചെയ്യാനും.

* ജേർണലിസ്റ്റ് : താങ്കൾ ഇവിടെ പരസ്പരമുള്ള സമാധാനത്തെക്കുറിച്ച് സംസാരിക്കുമോ. സമാധാനത്തിന്റെ സംസ്ഥാപനം പ്രചരിപ്പിക്കുമോ?

ഹുദൂർ: സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശമാണ് ഞങ്ങളുടേത്. ഇതാണ് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ നടപ്പിൽവരുത്തുകയും ലോകത്തിന് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്യുന്നതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഈ ജോലി ഞങ്ങൾക്ക് വളരെ പ്രധാനപ്പെട്ടതാണ്.

അതിനുശേഷം തദ്ദേശ മജ്‌ലിസെ ആമിലായും ജമാഅത്തിന്റെ ഭാരവാഹികളും സംഘങ്ങളായി ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. തുടർന്ന് 5 മണിക്ക് ഹുദൂർ തിരിച്ച് ഹോട്ടലിലേക്കുപോയി. മസ്ജിദിന്റെ അടുത്ത് ഒരു തുറന്ന സ്ഥലത്ത് പന്തലിട്ടാണ് മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉദ്ഘാടന പരിപാടി സംഘടിപ്പിച്ചിരുന്നത്. 6.15ന് ഹുദൂർ ഈ പരിപാടിയിൽ പങ്കെടുക്കുന്നതിനെത്തി. ഹുദൂർ വണ്ടിയിൽനിന്ന് ഇറങ്ങിയുടനെ തദ്ദേശ ജമാഅത്തിന്റെ പ്രസിഡണ്ട് ഇംറാൻ ബിശാറത്ത് സാഹിബ് ഹുസൂറിന് കൈകൊടുത്തു. നവേദുൽ ഹഖ് ഭട്ട് എന്ന കുട്ടി ഹുസൂറിന് പൂച്ചെണ്ട് സമ്മാനിച്ചു. ഫാത്തിഹ റായെ എന്ന പെൺകുട്ടി ഹദ്റത്ത് ബീഗം സാഹിബാക്ക് പൂച്ചെണ്ട് നൽകി. അതിനുശേഷം ഹുദൂർ പന്തലിലെത്തി. മുബല്ലിഗ് ശക്കീൽ അഹ്മദ് ഉമർ സാഹിബിന്റെ വിശുദ്ധഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. തുടർന്ന് അതിന്റെ ജർമ്മൻ തർജ്ജമയും കേൾപ്പിക്കുകയുണ്ടായി.

ജർമനി ജമാഅത്ത് അമീർ അബ്ദുല്ലാ വാഗസ് സാഹിബ് സ്വാഗതഭാഷണം നടത്തി. അമീർ സാഹിബ് അതിഥികൾക്ക് സ്വാഗതം പറഞ്ഞതിനുശേഷം ഈ നഗരത്തെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: WALDSHUT TIENGEN കൗണ്ടിന്റെ ജനസംഖ്യ 1,67,000 ഉം ഈ WALDSHUTനഗരത്തിന്റെ ജനസംഖ്യ 24,000 വുമാണ്. ജർമനിയുടെ പുരാതന നഗരങ്ങളിൽപെട്ടതാണിത്. 1256ൽ ഈ നഗരം നിലവിൽ വന്നതായി ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നു. ഈ നഗരത്തിന്റെ ഒരു ഭാഗം ജർമനിയിലെ പ്രസിദ്ധമായ വനം SCHWARZWALDഅതായത് ബ്ലാക്ക് ഫോറസ്റ്റുമായി ചേരുന്നു. നഗരത്തിന്റെ രണ്ടാമത്തെ ഭാഗം സ്വിറ്റ്സർലാന്റിന്റെ അതിർത്തിയുമായി ചേരുന്നുണ്ട്. WALDSHUTനഗരം സമുദ്രനിരപ്പിൽനിന്ന് 346 മീറ്റർ ഉയരച്ചയിലാണുള്ളത്. 1985ലാണ് അഹ്മദികൾ ഈ നഗരത്തിൽ താമസം തുടങ്ങിയത്. 1986ൽ ജമാഅത്ത് നിലവിൽ വന്നു. ജമാഅത്ത് ഇവിടെ ജനസേവന പ്രവർത്തനങ്ങളിൽ മുൻപന്തിയിലാണ്. ഓരോ വർഷവും പുതുവർഷാരംഭത്തിൽ ജമാഅത്ത് നഗരശുചീകരണം നടത്തുന്നു. മസ്ജിദിന്റെ നിർമാണം ഉദ്ധരിച്ചുകൊണ്ട് അമീർ സാഹിബ് ജർമനി പറഞ്ഞു: നഗരത്തിന്റെ ഭരണകർത്താക്കൾ ഞങ്ങളെ സ്വാഗതം ചെയ്യുകയുണ്ടായി. ഈ നിർമാണത്തിനിടയിൽ തദ്ദേശ പ്രൊട്ടസ്റ്റന്റ് ചർച്ച് വിശാലഹൃദയത്തോടെ ജമാഅത്തിന് തങ്ങളുടെ ഹാൾ ജുമുആ നമസ്കാരത്തിനും പെരുന്നാൾ നമസ്കാരത്തിനുമായി തരികയുണ്ടായി. മസ്ജിദ് ബയ്ത്തുൽ ആഫിയത്ത് നിർമിക്കപ്പെട്ട സ്ഥലത്ത് ഒരു മാർക്കറ്റായിരുന്നു. 188 ചതുരശ്ര മീറ്ററാണ് ഇതിന്റെ വിസ്തീർണ്ണം. 1,18,000 യൂറോ കൊടുത്താണ് ഇത് വാങ്ങിയത്. 2016 മാർച്ച് 23ന് മസ്ജിദിന്റെ നിർമാണപ്രവർത്തനം തുടങ്ങി. 2017 ഏപ്രിൽ 10ന് നിർമാണം പൂർത്തിയായി. മസ്ജിദിന് രണ്ട് ഹാളുണ്ട്. അതിന്റെ വിസ്തീർണ്ണം 101.70 ചതുരശ്രമീറ്ററാണ്. മിനാരത്തിന്റെ ഉയരം 7 മീറ്റർ ആണ്. സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള ഹാളിന് പുറമെ ഒരു ഓഫീസും നിർമിച്ചിട്ടുണ്ട്. അതിന് പുറമെ ഒരു അടുക്കളയുടെ സൗകര്യവുമുണ്ട്.

* അമീർ സാഹിബ് ജർമനിയുടെ പ്രസംഗത്തിനുശേഷം ലോഡ് മേയറിന്റെ പ്രതിനിധി SYLVIA DOBELEസാഹിബ തന്റെ പ്രസംഗത്തിൽ പറഞ്ഞു- അവർ സിറ്റി കൗൺസിലിൽ അംഗമാണ്. സോഷ്യൽ പാർട്ടി SPDയിലെ അംഗവുമാണ്- അവർ പ്രസംഗത്തിൽ പറഞ്ഞു: ആദരണീയനായ ഖലീഫത്തുൽ മസീഹിന് ഞാൻ സ്വാഗതം പറയുകയാണ്. ലോഡ് മേയർക്കുവേണ്ടി ഖേദം പ്രകടിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു പ്രധാന പരിപാടിയിൽ പങ്കെടുക്കുന്ന കാരണത്താൽ അദ്ദേഹത്തിന് ഇവിടെ വരാൻ കഴിഞ്ഞില്ല. ഞാൻ പുതിയ മസ്ജിദിന്റെ നിർമ്മാണത്തിൽ ആശംസകൾ നേരുന്നു. ഈ മസ്ജിദ് വളരെ മനോഹരമാണ്. ബാഹ്യമായ അടിസ്ഥാനത്തിൽ ചിന്തിക്കുന്നതിനും ആലോചിക്കുന്നതിനും തങ്ങളുടെ ആത്മാവിന്റെ പരിശോധന നടത്തുന്നതിനും വളരെ ചേർന്നതായ കെട്ടിടമാണെന്ന് മനസ്സിലാക്കുന്നു. ഞാൻ നഗരവാസികൾക്കുവേണ്ടിയും നിങ്ങൾക്ക് നന്ദി പറയുകയാണ്. നിങ്ങൾ ഞങ്ങൾക്കു ഈ മസ്ജിദ് കാണുന്നതിനുള്ള സൗകര്യങ്ങളൊരുക്കി. നിങ്ങളുടെ പാരമ്പര്യങ്ങൾ അറിയുന്നതിനും അവസരം ഉണ്ടായി. ഈ മസ്ജിദിന്റെ രൂപത്തിൽ നിങ്ങൾ ഈ പട്ടണത്തെ ഒരു മുത്താക്കി മാറ്റിയിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മസ്ജിദ് ഉണ്ടാക്കുന്നതിനു മുമ്പേ ഈ കെട്ടിടത്തിന്റെ അവസ്ഥ കണ്ടിട്ടുള്ളവർ ഇപ്പോൾ തീർച്ചയായും സന്തോഷിക്കുന്നുണ്ടാകും. ആ കെട്ടിടത്തെ ഒരു മനോഹരമായ മസ്ജിദിന്റെ രൂപത്തിൽ മാറ്റുകയായിരുന്നു.' അവർ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ വാതിലുകൾ ഞങ്ങൾക്കുവേണ്ടി തുറന്നതിനാണ് ഞാൻ ജമാഅത്തിന് നന്ദി പറയുന്നത്. നിങ്ങളുടെ അധ്യാപനങ്ങൾ മനസ്സിലാക്കാൻ ഞങ്ങൾക്ക് അവസരം തന്നതിനാണ്. കാരണം ഇവിടെ ഒരുപാട് മതങ്ങളുണ്ട്. പരസ്പരം അങ്ങോട്ടുമിങ്ങോട്ടും തുറന്നനിലയിൽ അവരുടെ അധ്യാപനങ്ങൾ പറയാനും പരസ്പരം ഓരോരുത്തരുടേയും അധ്യാപനങ്ങൾ കേൾക്കാനും കഴിഞ്ഞ ഈ അവസരം ഞങ്ങൾ വളരെ പ്രധാനപ്പെട്ടതായി മനസ്സിലാക്കുന്നു. എല്ലാ മതങ്ങളും പരസ്പരം ചേർന്നുകൊണ്ട് സമാധാനപരമായി കഴിയണം. അഹ്മദിയ്യാ ജമാഅത്ത് അഭിവൃദ്ധിപ്പെടണമെന്നും ഏതുരീതിയിലാണോ നിങ്ങൾ സഹകരിക്കുകയും നല്ല ബന്ധം സ്ഥാപിക്കുകയും ചെയ്തത് ഭാവിയിലും അത്തരം സഹായവും ബന്ധവും ഉണ്ടാകണമെന്നുമാണ് ഞാൻ ആഗ്രഹിക്കുന്നത് . മസ്ജിദിൽ എഴുതിയിട്ടുള്ള നിങ്ങളുടെ കലിമയെക്കുറിച്ച് കുറച്ച് ആശങ്കകൾ പട്ടണവാസികൾക്ക് ഉണ്ടായിരുന്നു. ഞാൻ നിങ്ങൾക്ക് നന്ദി പറയുകയാണ്. താങ്കൾ സ്വയം മുന്നോട്ടുവന്ന് അത കറ്റി. താങ്കൾ പറഞ്ഞു: ഈ ലോകത്തിന് ഒരേയൊരു സ്രഷ്ടാവാണുള്ളത്. എല്ലാ മതങ്ങൾക്കുമുള്ളത് ഒരേയൊരു സ്രഷ്ടാവാണ്. ഏകനായ അല്ലാഹുവാണ്. അവൻ എല്ലാവരുടേതുമാണ്. ഇത്തരം ആശങ്കകൾ ഉണ്ടായതിൽ ഞാൻ ഖേദം പ്രകടിപ്പിക്കുന്നു. അവസാനം DOBELEസാഹിബ പറഞ്ഞു: നിങ്ങളുടെ മസ്ജിദ് എപ്പോഴും ജനനിബിഢമായിരിക്കട്ടെയെന്നും ഒരുപാടാളുകൾ ഇവിടെ വരട്ടെയെന്നും ഞാൻ ആശംസിക്കുന്നു.

* അതിനുശേഷം ഡോക്ടർ മൈക്കൽ വെൽക്കി സാഹിബ് പ്രസംഗിച്ചു. അദ്ദേഹം WALDSHUT TIENGEN കൗണ്ടിയിലെ LORRAH കസബയുടെ മേയറാണ്. ഡോക്ടർ വെൽക്കി തന്റെ പ്രസംഗത്തിൽ പറഞ്ഞു: ആദരണീയനായ ഖലീഫത്തുൽ മസീഹ്! ഞാൻ ഇന്ന് നിങ്ങളോട് വളരെ നന്ദിയുള്ളവനാണ്. നിങ്ങൾ എന്നെ ഈ മസ്ജിദിലേക്ക് ക്ഷണിച്ചു. ഞാൻ നിങ്ങളുടെ ക്ഷണത്തെ വളരെ സന്തോഷത്തോടെ സ്വീകരിച്ചു. കാരണം ഞാൻ ആദ്യമേതന്നെ നിങ്ങളെ അറിയുന്നവനാണ്.' അദ്ദേഹം പറഞ്ഞു: ഇവിടെ ഇസ്‌ലാമിനെ കുറിച്ച് ഒരു ഭയവും പേടിയും നിലനില്ക്കുന്നുണ്ട്. കാരണം മിക്കവാറും എല്ലാ ദിവസവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ബർലിൻ, സ്റ്റോക്ക്ഹോം, ലണ്ടൻ, പാരിസ്, കുറച്ചാളുകൾ ഇസ്‌ലാമിന്റെ പേരിൽ ഭീകരതകൾ പടർത്തുന്നു. കൊലയും, കൊള്ളയും നടത്തുന്നു. ഇക്കാരണത്താൽ ഭയമുണ്ടാകുന്നു. പിന്നീട് അതിന്റെ ഫലമായി ജനങ്ങളിൽ ഇസ്‌ലാമിനോട് വെറുപ്പുമുണ്ടാകുന്നുണ്ട്. അതിന്റെ ചികിത്സ അപരിചിതത്വം അവസാനിപ്പിച്ച് പരസ്പരമുള്ള പരിചയവും ബന്ധവുമുണ്ടാക്കുക എന്നതാണ്. പരിചയം വർദ്ധിക്കുന്നതിന് പരസ്പരം അങ്ങോട്ടുമിങ്ങോട്ടും കൂടിക്കാഴ്ചകൾ നടത്തേണ്ടതാണ്.' അദ്ദേഹം പറഞ്ഞു: രണ്ടുവർഷം മുമ്പേ ജമാഅത്തംഗങ്ങൾ എന്റെയടുത്ത് വന്നിരുന്നു. ഏതുപോലെ പുതുവർഷാരംഭത്തിൽ ജർമനിയിലെ മറ്റ് ഭാഗങ്ങളിൽ ഞങ്ങളുടെ കമ്യൂണിറ്റി നഗരശുചീകരണം നടത്തുന്നുവോ അതേപ്രകാരം ഇവിടേയും തങ്ങൾ നഗരശുചീകരണം നടത്താനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. ഞാനതിന് ജമാഅത്തിന് നന്ദി പറയുന്നു. പക്ഷേ, ഒരു ഭയം കലർന്ന ചുറ്റുപാട് ശരിയാക്കിയെടുക്കുക എന്നത് വളരെ ദുഷ്കരമായ ജോലിയാണ്. ഞാൻ ഇങ്ങനെയുള്ള പട്ടണത്തിന്റെ മേയറായതുകൊണ്ട് എനിക്ക് ഇക്കാര്യത്തിൽ അഭിമാനമുണ്ട്. ഇവിടെ 112 വിവിധ ജനതകളിലെ ജനങ്ങളാണ് വസിക്കുന്നത്. നമ്മൾ കൂടിച്ചേർന്ന് കഴിയുന്നു. 10 വർഷമായി നമ്മൾ റമളാൻ മാസത്തിൽ നമ്മുടെ മുസ്‌ലിം സുഹൃത്തുക്കളോടൊപ്പം ഇഫ്താർ പരിപാടിയും നടത്താറുണ്ട്. ഇത് ഭയം അവസാനിപ്പിക്കുന്നതിന് വളരെ പോസിറ്റീവായിട്ടുള്ള കർമമാണ്. ഡോക്ടർ വെൽക്കി പറഞ്ഞു: ഞാൻ നിങ്ങൾ എല്ലാവരേയും വിവിധ രീതികളിൽ ഞങ്ങളെ സഹായിക്കാൻ ക്ഷണിക്കുകയാണ്. ജനങ്ങൾ ഒത്തൊരുമിച്ച് കഴിയണം. പരസ്പരം കാണണം. അങ്ങനെ പരിചയം കൂടണം. നമ്മളും കൂടിച്ചേർന്ന് ഇസ്‌ലാമിന്റെ ശാന്തിയുടെ സന്ദേശം പരത്തേണ്ടതാണ്. ഇനി ഇപ്പോൾ നിങ്ങളുടെ പുതിയ ജീവിതം മസ്ജിദോടുകൂടി ആരംഭിക്കുകയാണ്. ഞാൻ നിങ്ങൾക്ക് ആശംസകൾ നേരുന്നു. (തുടരും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin